**KOTTAYAM PUBLIC LIBRARY**

Call No. 910 Acc.No. 86871

Author: മുഹമ്മദ് കുഞ്ഞി

Title: അറേബ്യ ചിന്നവും
കണ്ടത്തും

**BOOK To READER**

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

**CALLING URGENT ATTENTION**

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1205

# അന്വേഷണവും
# കണ്ടെത്തലും

DISTRIBUTING LIBRARY
No.............
KOTTAYAM.

# അന്വേഷണവും
# കണ്ടെത്തലും

KOTTAYAM PUBLIC LIBRARY
86871
KOTTAYAM

**By**

പി. കെ. മുഹമ്മദ്കുഞ്ഞി

DISTRIBUTING LIBRARY
No. 7584
KOTTAYAM

1—50.

ആമിനാ ബുക്ക്സ്റ്റാൾ,
തൃശൂർ—1.

ഒന്നാംപതിപ്പ് കോപ്പി 1000

1962 ഫിബ്രുവരി.

910

പകർപ്പവകാശം.

അച്ചടി:—ഡി. എം. പ്രസ്സ്, തൃശ്ശൂർ-1.

# അന്വേഷണവും കണ്ടെത്തലും

DISTRIBUTING LIBRARY
No.
KOTTAYAM.

സമ്പാദകൻ:—

**പി. കെ. മുഹമ്മദ് കുഞ്ഞി**

86871

കറന്റ് ബുക്സ്
തൃശ്ശൂർ

വില 1—50

പ്രസാധകർ:—
**ആമിനാ ബുക്ക്സ്റ്റാൾ,**
തൃശ്ശൂർ—1. S. ഇന്ത്യ.

MALAYALAM

# ANNEUSHANAVUM
# KANDETHALUM.

By

**P. K. MOHAMED KUNHI.**

First Edition 1000.
February 1962.

Price 1—50.

Right Reserved

*PUBLISHERS:*
**AMINA BOOK STALL**
(PHONE; 787)
**TRICHUR - 1. S. INDIA**

ഈ പുസ്തകത്തിലെ ചില അദ്ധ്യായങ്ങൾ 'മാതൃഭൂമി'യിൽ ഒരു തൂലികാനാമത്തിൽ പ്രസിദ്ധീകരിച്ച ലേഖനപരമ്പരയിലുൾപ്പെട്ടവയാണ്. അവ ഒട്ടേറെ വായനക്കാരെ ആകർഷിച്ചു. ആവേശകരവും വിജ്ഞാനപ്രദവുമായ യാത്രാനുഭവകഥകൾ കുറെക്കൂടി ഉൾപ്പെടുത്തി പുസ്തകരൂപത്തിലാക്കുന്നത്, വിദ്യാർത്ഥികളെ സംബന്ധിച്ചേടത്തോളം വിശേഷിച്ചും ഉപകാരപ്രദമായിരിക്കുമെന്നു പലരും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അവരുടെ പ്രതീക്ഷ അസ്ഥാനത്തായിട്ടില്ലെങ്കിൽ ഞാൻ കൃതാർത്ഥനായി.

—മുഹമ്മതുകുഞ്ഞി.

DISTRIBUTING LIBRARY.
No.........
KOTTAYAM.

# അദ്ധ്യായങ്ങൾ.

അന്വേഷണത്തിന്റെ ആരംഭം.

'കാഥെ' കണ്ടെത്തുന്നു.

പോർത്തുഗീസുകാർ ഇന്ത്യയിലേക്കു്.

ജാൻവാൻ പുതിയ ലോകത്തിലേക്കു്.

ഭൂഗോളപ്രദക്ഷിണം.

ഇരുണ്ട വൻകരയിലേക്കു്.

ലാവിംഗ്സ്റ്റോണും 'ശബ്ദിക്കുന്ന പുകപടലവും'.

നൈലും കോങ്കോവും.

കൊളമ്പസ്സിന്റെ ജൈത്രയാത്ര.

കോട്ടിസ്സ് വടക്കെ അമേരിക്കയിൽ.

ആസ്ത്രേലിയയും ന്യൂസിലാണ്ടും.

# അന്വേഷണത്തിന്റെ ആരംഭം

മിതശീതോഷ്ണമേഖലക്കപ്പുറം ആൾപ്പാർപ്പില്ലെന്നു വിശ്വസിക്കപ്പെട്ടിരുന്നകാലം. അവലംബം മുകളിൽ മിന്നുന്ന നക്ഷത്രങ്ങൾ മാത്രം, അങ്ങേപ്പുറത്തുണ്ടെന്നാശിച്ച അജ്ഞാതലോകവും തേടി കൊച്ചുവള്ളങ്ങളിൽ അനന്തമായ ആലയാഴിപ്പരപ്പിലേക്കിറങ്ങിത്തിരിച്ച മദ്ധ്യകാലഘട്ടത്തിലെ യൂറോപ്യൻ "കപ്പൽയാത്രക്കാ"രെ ഓർത്തുനോക്കു. അവരുടെ സാഹസികത്വം ഇരുപതാം നൂററാണ്ടുകാരിൽപോലും അത്ഭുതവും ആവേശവും ഉളവാവാക്കാൻ പോരുന്നതാണ്.

ഉഷ്ണമേഖല അധിവാസയോഗ്യമല്ലെന്ന വിശ്വാസത്തോട് പതിനഞ്ചാം നൂററാണ്ടിന്റെ അന്ത്യത്തിൽ "കാതെ"യിലേക്ക് ഒരു കടൽമാർഗ്ഗം കണ്ടെത്താൻ ശ്രമിച്ച കൊളമ്പസ്സിന്നുപോലും മല്ലിടേണ്ടിവന്നതായി പറയപ്പെടുന്നു.

പക്ഷെ പ്രതികൂലമായ സാഹചര്യത്തോടും വിശ്വാസത്തോടും എതിരിട്ടുകൊണ്ടു പുതിയ ലോകങ്ങളെക്കുറിച്ചുള്ള അന്വേഷണം വളരെ മുമ്പുതന്നെ ആരംഭിച്ചിരുന്നു. ഗ്രീക്കുകാരും ഫിനിഷ്യൻകാരും, കാർത്തജിനിയൻകാരും മദ്ധ്യധരണ്യാഴിയിലൂടെ കപ്പൽയാത്ര ചെയ്തതായി പറയപ്പെടുന്നു. ലെവൻറ്കരയും ഏഷ്യയിലേയും വടക്കെ ആഫ്രിക്കയിലേയും മദ്ധ്യധരണ്യാഴി

തീരങ്ങളും, ഭാഗ്യദ്വീപുകൾ (Fortunate Islands) എന്നു പിൽക്കാലത്തറിയപ്പെട്ടുന്ന കാനറിസ്സ് ദ്വീപുകളും റോമൻസാമ്രാജ്യം സ്ഥാപിതമാകുന്നതിനു മുമ്പുതന്നെ കണ്ടെത്തുകയും ചെയ്തിരുന്നു. പതിനഞ്ചാം നൂററാണ്ടുവരെ പുതിയ ലോകം കണ്ടെത്താനുള്ള ഒരു സംഘടിതപരിശ്രമം നടന്നിരുന്നതായി പറയാൻ വയ്യ, പക്ഷെ മെഡിരിയയും മറന്നുകിടന്നിരുന്ന കാനറിസ്സ് ദ്വീപുകളും കണ്ടതോടെ കപ്പൽ യാത്രക്കാൎക്ക് ഉത്സാഹം വൎദ്ധിച്ചു. പുതിയ ലോകങ്ങൾ കണ്ടെത്താനും, അമൂല്യങ്ങളായ രത്നങ്ങളും ദ്രവ്യങ്ങളും നേടാനും, സുവിശേഷം പ്രചരിപ്പിയ്ക്കാനുമുള്ള അടങ്ങാത്ത അഭിലാഷം എന്തത്യാപത്തിനെ നേരിടാനും അവരെ സന്നദ്ധരാക്കി.

അത്ലാന്തിക്ക് സമുദ്രത്തിലുണ്ടെന്നു പറയപ്പെട്ടിരുന്ന ചില ദ്വീപുകളെക്കുറിച്ചു പ്രചരിച്ചിരുന്ന അത്ഭുതാവഹമായ കഥകളാണ് അവരുടെ ജിജ്ഞാസ വളൎത്തിയത്. അവയെ കണ്ടെത്തുകയെന്നതു ദൈവികമായ ഒരു കടമ നിൎവ്വഹിയ്ക്കുകയാണെന്ന ആവേശം അവരിലുളവായി.

പടിഞ്ഞാറൻ സമുദ്രത്തിൽ ഒരു വൻകരയോടു തൊട്ടുകിടക്കുന്ന അററ്ലാൻറിസ് ദ്വീപിനെപ്പററി പ്ലാറെറാ തന്നെ ഒരിക്കൽ പരാമൎശിച്ചിരുന്നു. അമേരിയ്ക്കയെപ്പററി അവ്യക്തമായ ചില ധാരണകൾ അന്നേ ഉണ്ടായിരുന്നു എന്നൂഹിയ്ക്കാൻ ഇതവസരം നൽകുന്നു.

പക്ഷെ പിൽക്കാലത്ത് ഇതേപ്പററി തീരെ വ്യത്യസ്തമായ രീതിയിലാണ് ചിന്തിച്ചിരുന്നത്. ആൻറിൽഹ—അങ്ങിനെയാണാദ്വീപ് അറിയപ്പെട്ടിരുന്നത്—യൂറോപ്പിനും ഏഷ്യയ്ക്കും മദ്ധ്യേയാണെന്ന വിശ്വാസത്തിനു പ്രാബല്യം സിദ്ധിച്ചു. പടിഞ്ഞാറൻ സമുദ്രം കടന്നു ദൂരപൌരസ്ത്യദേശത്തെത്താനുള്ള യാത്രയിൽ 'ആൻറിൽഹ'യെ ഒരു താവളമാക്കാനുള്ള ശ്രമമായി പിന്നെ. തുടരെ തുടരെ അതു നടന്നു.

സെൻറ് ബ്രന്തൻ ദ്വീപായിരുന്നു മറെറാരു ലക്ഷ്യം യഥാർത്ഥത്തിൽ ആ ദ്വീപു ഭാവനയിൽ മാത്രമാണുണ്ടായിരുന്നത്. കാനറിസ്സ് ദ്വീപു നിവാസികൾ അതങ്ങകലെ കണ്ടതായി പറഞ്ഞുകേട്ടു. ഒരു ഭൂലോകസ്വർഗ്ഗം അന്വേഷിച്ചുകൊണ്ടിറങ്ങിയ ഒരു സ്കോട്ടിഷ് പുരോഹിതനാണിത് കണ്ടെത്തിയതെന്നായിരുന്നു വിശ്വാസം. പുരോഹിതൻ സംതൃപ്തനായെന്നും പറയപ്പെട്ടിരുന്നു. ഈ ഭൂലോകസ്വർഗ്ഗത്തെപ്പററി പ്രചരിച്ചിരുന്ന കഥകൾ നിരവധി സാഹസികയാത്രക്കാരെ നടുക്കടലിലിറക്കി. ആളും അർത്ഥവും വാരിക്കോരി ചിലവഴിച്ചുകൊണ്ട് നടത്തിയ അന്വേഷണങ്ങളെല്ലാം നിഷ്ഫലമായി. പക്ഷെ സെൻറ് ബ്രന്തൻ എന്ന പേരിൽ ഇല്ലാത്ത ഈ ദ്വീപിന് ഭൂപടത്തിൽ സ്ഥാനം നൽകി മാനിക്കാൻ അന്നുള്ളവർ മടിച്ചില്ല.

'ഏഴ പട്ടണങ്ങളുടെ ദ്വീപാ'യിരുന്നു മറെറാരു സ്വപ്നലോകം! ഒരു പഴയ കഥയാണതിന്നു ജന്മം നല്കി

യത്. സ്പെയിനും പോർച്ചുഗലും "മൂറുകൾ"ക്കടിപ്പെട്ടിരുന്ന കാലത്താണത്രെ അതുണ്ടായത്. ഏഴു ബിഷപ്പുമാർ തങ്ങളുടെ അനുയായികളോടൊപ്പം കടലിലിറങ്ങി നീന്തി രക്ഷപ്പെട്ടു. കടുത്ത യാതനകൾക്കും ദുരിതങ്ങൾക്കും ശേഷം അവരൊരപരിചിതകരയിൽച്ചെന്നു പാറി. അവിടെ അവർ ഏഴു പട്ടണം പണിതു. ഓരോ ബിഷപ്പിനും ഓരോ നഗരം. ഈ 'പരിശുദ്ധ' പട്ടണങ്ങളന്വേഷിച്ചു കറങ്ങാത്ത "കപ്പൽയാത്രക്കാർ" അന്നുണ്ടായിരുന്നില്ല. പക്ഷെ ഏഴുബിഷപ്പുമാരെയും അവരുടെ നഗരങ്ങളെയും കഥകളിൽ മാത്രമെ കാണാൻ കഴിഞ്ഞുള്ളു.

'കാഥെ'യിലെ (ചൈന) സമ്പൽസമൃദ്ധിയെക്കുറിച്ച് സഞ്ചാരികളും സന്യാസികളും പ്രചരിപ്പിച്ച കഥകൾ കപ്പൽയാത്രക്കാരെ അത് കണ്ടെത്തിയേ അടങ്ങു എന്ന പ്രതിജ്ഞയെടുക്കാൻ പ്രേരിപ്പിച്ചു. പൊന്നുകൊണ്ട് മേൽപ്പുരയും നാണ്യംകൊണ്ട് മതിലുകളുമുള്ള അവിടുത്തെ കെട്ടിടങ്ങൾ കാണാൻ യാത്രക്കാരുടെ മിഴികൾ ഉഴറി.

ടാർടാറിൽനിന്നു വന്ന ഒരു ഫ്ലെമിഷ് സഞ്ചാരി മറെറാരത്യത്ഭുതകരമായ കഥ പറഞ്ഞുപരത്തി. കാഥെക്കപ്പുറത്ത് ഒരു പ്രദേശമുണ്ട്. അവിടെ മനുഷ്യർ നിത്യയൌവ്വനയുക്തരാണ്. വാർദ്ധക്യം തീണ്ടിത്തൊടില്ല—ഇതായിരുന്നു അദ്ദേഹത്തിൻെറ വിവരണം.

കരമാൎഗ്ഗമായി ജനോവ, വെനിസ്സ് റിപ്പബ്ലിക്കുകൾ കാഥെയുമായി പണ്ടെ കച്ചവടബന്ധം പുലൎത്തിയിരുന്നു. കിടമത്സരം ജനോവായേയും വെനിസ്സിനേയും ഒരു യുദ്ധത്തിലേക്കെത്തിച്ചു, ജനോവ തോററു. കാഥെയുടെ കലവറയിലേക്കു കാലൂന്നാനുള്ള അവകാശം വെനിസ്സിൻേറതു് മാത്രമായി. ഈ കുത്തക അവസാനിപ്പിക്കാൻ ഒരു കടൽമാൎഗ്ഗം കണ്ടെത്തുന്നതിന്നു മററു രാഷ്ട്രങ്ങൾക്കു് വാശിയായി.

കാഥെക്കടുത്തു് കിടക്കുന്ന ഐശ്വര്യസമ്പൂൎണ്ണമായ മറെറാരു പ്രദേശത്തെപ്പററി അക്കാലത്തു് പല അഭ്യൂഹങ്ങളും പ്രചാരത്തിലുണ്ടായിരുന്നു. ഏഡനിലെ പൂന്തോപ്പായിരിക്കുമെന്നു ജനങ്ങൾ വിശ്വസിച്ചു. സമൃദ്ധിയുടേയും സമാധാനത്തിൻേറയും വിളനിലമായിരിക്കുമെന്നവർ കരുതി.

കൊളമ്പസ്സിനെപ്പോലും ഈ വിശ്വാസം പിടികൂടിയിരുന്നു എന്നനുമാനിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിൻേറ മൂന്നാം യാത്രാവേളയിൽ കണ്ടെത്തിയ ഒറിനോകോ നദീതടത്തെപ്പററി അദ്ദേഹം വൎണ്ണിച്ച രീതി അതിന്നു തെളിവാണു്. മനുഷ്യൻേറ ഭാവനയിലുള്ള സ്വൎഗ്ഗം ഇതായിരിക്കുമെന്നു അദ്ദേഹം പ്രസ്താവിച്ചു.

അങ്ങിനെ കാഥെയും അയൽപ്രദേശമായ ഏഡനിലെ പൂന്തോപ്പുമായി പിന്നീടു് "കപ്പൽയാത്ര"ക്കാരുടെ ലക്ഷ്യം ആഫ്രിക്കയെ ചുററിക്കൊണ്ടുള്ള യാത്രക്കാവരെ

പ്രേരിപ്പിച്ചതാണ്. കൊളമ്പസ്സ് അമേരിക്ക കണ്ടെത്തിയപ്പോഠം ജനങ്ങളുടെ സ്വപ്നം സാക്ഷാത്കരിപ്പെട്ടു എന്നാണദ്ദേഹംപോലും വിശ്വസിച്ചത്. ഏഷ്യയുടെ കിഴക്കൻകടൽക്കരയാണെന്നായിരുന്നു അദ്ദേഹത്തിൻെറ ധാരണ.

ആൽഫ്രെഡ് രാജാവ് ഇംഗ്ലണ്ടിലെ കിരീടത്തിനുവേണ്ടി ഡച്ചുകാർക്കെതിരായി പൊരുതിയിരുന്ന കാലമാണത്. അദ്ദേഹം നോർവെയിൽനിന്നു കുറെ കാടന്മാരെ യൂറോപ്പിൻെറ പടിഞ്ഞാറൻ കരയിൽ കൊണ്ടുവന്നിറക്കി. ഇവർ ഫ്രാൻസിലും, ബ്രിട്ടനിലും, നെതർലാണ്ടിലും, ഓർകനീസ്സിലും, ഫാറോസിലും ഐസ്ലാണ്ടിലുമായി പാർപ്പാക്കി.

ഐസ്ലാണ്ടിൽ പാർപ്പാക്കിയവരിൽ ചിലർ അടുത്തുതന്നെ മറെറാരു പ്രദേശം കണ്ടെത്തി. മഞ്ഞുരുകിക്കഴിഞ്ഞാൽ പച്ചപ്പുല്ലു പരവതാനി വിരിക്കുന്ന ഈ പ്രദേശത്തിന്നവർ ഗ്രീൻലാണ്ടെന്ന പേർ കൊടുത്തു. വസന്തത്തിൽ ഐസ്ലാണ്ടിലും വഷക്കാലത്ത് ഗ്രീൻലാണ്ടിലുമായി അവർ മാറിമാറിപ്പാത്തു.

1893-ൽ എറിക്ക്റെഡ എന്നൊരാഠം നാട്ടിൽനിന്നു ബഹിഷ്കരിക്കപ്പെട്ടതുകൊണ്ടു ഗ്രീൻലാണ്ടിൽ തെണ്ടിത്തിരിഞ്ഞെത്തി പാർപ്പാക്കിയിരുന്നു. അദ്ദേഹം ഒരു ചെറുകോളനി തന്നെ സ്ഥാപിച്ചു. എറിക്കിൻെറ വിജയം മററു പലരേയും അങ്ങോട്ടാകഷിച്ചു, അവരിൽ

ഹെർജൂൾഫ് എന്ന ഒരു ധനികനും പെടുന്നു. അദ്ദേഹത്തിൻെറ മകൻ ബയറൻ അച്ഛനെ അന്വേഷിച്ചു പുറപ്പെട്ടു. ഗ്രീൻലാണ്ടിലെത്തുന്നതിനിടയിൽ അവൻ പല ദ്വീപുകളും കണ്ടു. ഗ്രീൻലാണ്ടിൽചെന്നു അവയെപ്പററി ബയറൻ വർണ്ണിച്ചു.

ബയറൻെറ വിവരണം കേട്ട അദ്ദേഹത്തിൻെറ സഹോദരൻ ലിഫ് ഈ ദ്വീപുകൾ കണ്ടെത്താൻ ഒരു ശ്രമം നടത്തി. അദ്ദേഹവും കൂട്ടുകാരും 1000-ാമത് ആണ്ടിലാണ് കപ്പൽയാത്രക്കിറങ്ങിയത്. അവരാദ്യം കല്ലു കൊണ്ടു മൂടിക്കിടന്നിരുന്ന ഒരു കരയിലെത്തി. "ഹെല്ലുലാൻഡ്" എന്നാണവരതിനു പേർ കൊടുത്തത്.

ലിഫും കൂട്ടരും പിന്നീടു ചെന്നടിഞ്ഞത് ഒരു കാടുപിടിച്ച പ്രദേശത്താണ്. വുഡ്ലാൻറ് എന്നവരതിനെ വിളിച്ചു. സംതൃപ്തരാവാതെ അവർ വീണ്ടും വടക്കു കിഴക്കൻ കാററിനെ ആശ്രയിച്ചു യാത്രതിരിച്ചു. ഒരു പുഴക്കരെയിലാണിത്തവണ അവർ ഇറങ്ങിയത്. മുന്തിരിത്തോപ്പുകൾ കാട്പിടിച്ചു കിടന്നിരുന്ന പുഴക്കരെയിലവർ കുടിലുകളുണ്ടാക്കി. മത്സ്യം ധാരാളം കിട്ടിയിരുന്നതുകൊണ്ടു ഭക്ഷണത്തിനും വിഷമിക്കേണ്ടിവന്നില്ല. അടുത്ത വസന്തംവരെ അവരവിടെ പാർത്തു. ആ പ്രദേശത്തിനു വൈൻലാൻഡെന്നു പേരും വിളിച്ചു.

ലിഫ് തൻെറ യാത്രാനുഭവങ്ങൾ തിരിച്ചുചെന്നു വിവരിച്ചപ്പോൾ സഹോദരനായ തോർവാൾഡിനും

കപ്പൽയാത്രയ്ക്കു കമ്പം കയറി. അദ്ദേഹവും പുറപ്പെട്ടു. തോൾവാൾഡും സംഘവും ചെന്നെത്തിയത് കോഡമ്യനമ്പിലാണ്.

ലിഫ് കണ്ടെത്തിയ "ഹെല്ലുലാൻഡ്" ലാബ്രഡോറും ന്യൂഫൌണ്ട്ലാൻഡുമാണെന്നു പറയപ്പെടുന്നു. വൂഡ്ലാണ്ടും വൈൻലാണ്ടും മററും ബോസ്റ്റനു ചുററും കിടക്കുന്ന-ദ്വീപുകളാണ്.

ഭൂമിശാസ്ത്രപരമായി ചിന്തിക്കുമ്പോൾ ഈ കണ്ടെത്തലുകളൊക്കെ അമേരിയ്ക്കയിൽ ചെന്നെത്തുന്നതിനു വളരെയേറെ സഹായകരമായിരുന്നു എന്നു പറഞ്ഞുകൂട. പക്ഷെ അവ്യക്തങ്ങളായ ഈ കഥകൾ കൊളമ്പസ്സിൻെറയും കാബട്ടിൻെറയും ശ്രദ്ധയിൽ പെട്ടിരുന്നു. എന്നും അവരുടെ സംരംഭങ്ങൾക്കവ പ്രോത്സാഹനവും പ്രചോദനവും നൽകിയിരുന്നു എന്നും ഊഹിക്കാനവകാശമുണ്ടുതാനും.

ദൈവരാജ്യം പ്രാപിയ്ക്കാനും, അത്ഭുതങ്ങൾ കാണാനുമുള്ള അന്ധമായ ആവേശത്തോടെ നടന്ന സംരംഭങ്ങൾ പലപ്പോഴും കപ്പൽയാത്രക്കാർക്ക് കനത്ത നഷ്ടം വരുത്തിവെച്ചിട്ടുണ്ട്. പക്ഷെ പിന്നീട് വിപല്ക്കരമായ പരീക്ഷണങ്ങളെ വിജയകരമായി അതിജീവിക്കാനുള്ള പരിശീലനമാർജ്ജിച്ചത് അവരവയിൽനിന്നാണ്.

പതിനഞ്ചാം നൂററാണ്ടോടെയാണ് കച്ചവടം വികസിപ്പിക്കാനും മതത്തിന്നനുയായികളെ കൂട്ടാനും വേ

ങ്ങി പുതിയ ലോകങ്ങൾ കണ്ടെത്താനുള്ള ബോധപൂർവ്വമായ പരിശ്രമം ആരംഭിച്ചത്. രാഷ്ട്രങ്ങൾ തമ്മിൽ ഇക്കാര്യത്തിൽ മത്സരിക്കാൻ തുടങ്ങി. കലയിലും ശാസ്ത്രത്തിലും ആർജ്ജിച്ചിരുന്ന വ്യുല്പത്തി ഓരോരുത്തരുംകഴിവതു ഉപയോഗപ്പെടുത്തി. അതോടെ ലോകത്തിൻെറ ഒരു ഭാഗത്തെ മറെറാരു വശത്തുനിന്നു മറച്ചുപിടിച്ചിരുന്ന തിരശ്ശീലകൾ ഓരോന്നായി ഊർന്നു വീണുകൊണ്ടിരുന്നു. ഏകലോകത്തിലേക്കുള്ള പ്രയാണത്തിൽ വൈജയന്തികൾ ഉയരാൻ തുടങ്ങി.

—*—

DISTRIBU ING LIB... No. KOTT...

# 'കാഥെ' കണ്ടെത്തുന്നു

കൊല്ലം 1298. രംഗം: ജെനോവയിലെ ഒരു വൃത്തികെട്ട തടവറ. അവിടവിടെയുള്ള പഴുതുകളിലൂടെ അരിച്ചിറങ്ങുന്ന സൂര്യപ്രകാശത്തിലിരുന്നു പിസയിലെ റസ്റ്റിച്ചില്ലൊ എന്ന തടവുകാരൻ കുറിച്ചെടുക്കുകയാണ്. മറെറാരു തടവുപുള്ളി അട്ടത്തിരുന്നു അനുഭവങ്ങൾ വിവരിയ്ക്കുന്നു.

ഗോപി മരുഭൂമിയിൽ വിശപ്പും ദാഹവും സഹിച്ചുകൊണ്ട് മുപ്പതുദിവസത്തോളം അലഞ്ഞുനടന്നത്. അങ്ങേപ്പുറത്ത് പുഞ്ചിരിച്ചുകിടക്കുന്ന ചൈനയിലെ പൊൻവയലുകളെക്കുറിച്ചോക്കുമ്പോൾ അപ്പോഴും അലയടിച്ചുയന്നിരുന്ന ആവേശം, ലോകത്തിലെ ഏററവും കരുത്തരായ ഭരണാധികാരികളിലൊരാൾ, കുബ്ലാവാൻ, നൽകിയ സ്വീകരണം. ഖാൻെറ കൊട്ടാരത്തിൽ മുന്നൂററാത്തൽ കല്ല് ശത്രുനിരയിലേയ്ക്ക് തൂക്കിയെറിയാൻ കഴിയുന്ന യന്ത്രം നിമ്മിയ്ക്കപ്പെട്ടത്—അങ്ങിനെ അങ്ങിനെ അമൂല്യങ്ങളായ അനുഭവങ്ങളുടെ ചുരുളുകൾ നിവൎന്നുനിവൎന്നു വന്നു. അതിൽ നരഭുക്കുകളായ പ്രാകൃതന്മാരുടേയും കനകക്കുന്നുകൾക്കിടയിൽ മദോന്മത്തരായി കഴിയുന്ന രാജാക്കന്മാരുടേയും അപൂൎവ്വജന്തുക്കളുടേയും സസ്യങ്ങളുടേയുമൊക്കെ ചിത്രങ്ങളടങ്ങുന്ന ഒരത്ഭുതപ്രപഞ്ചം വിടൎന്നു. പ്രവൃത്തി മുഴുമിച്ചപ്പോൾ ആ ചുരുളുകളുടെ പുറ

ത്ത് രസിച്ചില്ലല്ലൊ ഇങ്ങിനെ കുറിച്ചു: ഈ പുസ്തകത്തിൽ വെനീസ്സിലെ ബുദ്ധിമാനും പണ്ഡിതനുമായ മാക്കോ പൊളൊ താൻ കണ്ടതും അന്യരിൽനിന്നറിഞ്ഞതുമായ കാര്യങ്ങൾ വിവരിച്ചിരിയ്ക്കുന്നു. ജെനൊവയുമായുണ്ടായ യുദ്ധത്തിൽ വെനീസ പരാജയപ്പെട്ടതിനെത്തുടൎന്നു തടവുകാരനായിത്തീൎന്ന മാക്കൊപൊളൊ തന്നെയാണവ പറഞ്ഞിരുന്നത്. മഹാകവി ജോൺമെസ് ഫീൽഡിൻെറ ഭാഷയിൽ ലോകചരിത്രത്തിൽ ഇത്തരം അത്ഭുതങ്ങൾ അഞ്ചു സഞ്ചാരികൾ മാത്രമെ വിവരിച്ചിട്ടുള്ളു. ആ അഞ്ചുപേരിൽതന്നെ മാക്കൊപൊളൊ പ്രമുഖമായ ഒരു സ്ഥാനം അലങ്കരിയ്ക്കുന്നു.

വെനിസ് കച്ചവടപരമായി മുൻനിന്നിരുന്ന കാലം. ഏതു മറുനാടൻ തുറമുഖത്തും അവിടത്തെ കച്ചവടക്കാരുടെ കപ്പലും, ദല്ലാളുമുണ്ടെന്ന നിലവന്നിരുന്നു. കച്ചവടക്കാൎക്കിടയിൽ തന്നെ കമ്പോളങ്ങൾ കണ്ടെത്തുന്നതിന്നു സധൈര്യം എന്താപത്തും നേരിടുന്നവരായിരുന്നു നികൊളൊപൊളൊവും [മാക്കൊപൊളൊവിൻെറ അച്ഛൻ] അദ്ദേഹത്തിൻെറ സഹോദരൻ മഫിയൊവും. 1260-ൽ അവർ കോൺസ്റ്റാൻറിനേപ്പിളിലേക്കു കുറെ ചരക്കുമായി പുറപ്പെട്ടു. കരിങ്കടൽ തീരത്തു പുതിയ കമ്പോളങ്ങൾ തേടണമെന്നും അവൎക്കുണ്ടായിരുന്നു. ഐതിഹാസികമായ ആ സംരംഭത്തിലവർ 'കാഥെ'യുടെ [ചൈന അന്നു വിളിയ്ക്കപ്പെട്ടിരുന്നതങ്ങിനെയാണ്]

മദ്ധ്യത്തിലോളം ചെന്നതായി പറയപ്പെടുന്നു. ആറുവർഷത്തിനുശേഷമാണവർ തിരിച്ചെത്തിയത്.

വിശ്രുതനായ കുബ്ലാഖാനാണന്നു താർതാർ സാമ്രാജ്യത്തിന്റെ അധിപതി. അദ്ദേഹത്തിനു ക്രിസ്തുമതസന്ദേശം ആകർഷകമായി തോന്നി. അതുകൊണ്ട് നൂറുമതപ്രചാരകന്മാരോടൊപ്പം വീണ്ടും തന്റെ നാടു സന്ദർശിയ്ക്കണമെന്നദ്ദേഹം പൊളോ സഹോദരന്മാരോടപേക്ഷിച്ചിരുന്നു. ഖാന്റെ ആഗ്രഹം നിവൃത്തിയ്ക്കാൻ തീരുമാനിച്ചുകൊണ്ടാണവർ നാട്ടിലെത്തിയത്. പക്ഷേ അക്കാര്യത്തിലവർക്ക് ചില തടസ്സങ്ങൾ നേരിട്ടു. പോപ്പു തിരുമേനി തീപ്പെട്ടിരുന്നു. കർദ്ദിനാൾമാരുടെ കൌൺസിലിലുണ്ടായ തർക്കം കാരണം പുതിയ പോപ്പിനെ തിരഞ്ഞെടുക്കാൻ കഴിഞ്ഞിരുന്നില്ല. പോപ്പിന്റെ അംഗീകരണവും അനുഗ്രഹവുമില്ലാതെയെങ്ങിനെ മതപ്രചാരകരെ വിളിച്ചുകൂട്ടും? അതുകൊണ്ടുണ്ടായ കാലതാമസത്തെപ്പററി വിശദീകരിയ്ക്കുന്ന പുരോഹിതന്റെ ഒരു കത്തുമായാണ് പിന്നീട് പൊളോസഹോദരന്മാർ 'കാഥെ'യിലെയ്ക്കു മടങ്ങിയത്. അവരുടെ കൂട്ടത്തിൽ സാഹസീകനും ധീരനും പതിനേഴുകാരനുമായ മാർക്കോപൊളൊവുമുണ്ടായിരുന്നു.

മഹാനായ ഖാന്റെ ആതിഥ്യം അനുഭവിയ്ക്കാനും കാഥെയിലെ അത്ഭുതങ്ങൾ കാണാനുമുള്ള ആകാംക്ഷ മാത്രമല്ല അവരിൽ ആളിക്കത്തിയിരുന്നത്. ഖാന്റെ

നാട്ടിൽ ജെറൂസലത്തിലെ ദീപശിഖയിൽനിന്നുള്ള പ്രകാശം പരത്താൻ കഴിയുമെന്ന സംതൃപ്തിയുമുണ്ടായിരുന്നു.

പന്ത്രണ്ടാംനൂററാണ്ടിൻെറ അന്ത്യത്തിൽ ചെങ്കിസ് ഖാൻ സ്ഥാപിച്ച സാമ്രാജ്യം അതിവിപുലമായതായിരുന്നു. താർതാർ ഖാന്മാർ ക്രിസ്തുമതം സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെന്ന ഒരു കിംവദന്തി 1253ലും പരക്കുകയുണ്ടായി. അന്ന് ഫ്രാൻസിലെ ലൂയി ഒമ്പതാമൻ വില്യം ഫ്രയറെന്നൊരു ദൂതനെ ഖാൻെറ ആസ്ഥാനമായിരുന്ന ഖാറാകൊറൂമിലേയ്ക്കയച്ചു. കോൺസ്റ്റാൻറിനോപ്പിളിൽനിന്നാണു വില്യമും പുറപ്പെട്ടതു്. കച്ചവടസങ്കേതമായിരുന്ന ക്രമിയയിലെ സുഡാക്ക് പട്ടണം വഴിയാണദ്ദേഹം പോയതു്. സുഡ്ഡാക്കിന്നപ്പുറം മലനിരകളായിരുന്നു. അവ കയറിക്കടന്നാണു് വില്യം താർതാർമാർ സഞ്ചരിച്ചിരുന്ന സമതലത്തിലെത്തിയതു്. കാലികളും, ചെമ്മരിയാടുകളും, കുതിരകളും ഒട്ടകങ്ങളും അവയ്ക്കു മേയാനുള്ള പുൽമേടുകളുമായിരുന്നു താർതാർമാരുടെ പ്രധാന സമ്പത്തു്. അവരുടെ ഓരോ സംഘത്തിനും ഓരോ ഭരണാധികാരിയുണ്ടായിരുന്നു. 'ഗോൾഡൻ ഗോത്ര'ത്തിൻെറ തലവനായ ബാതുവിനെയാണു വില്യം ആദ്യം സന്ദർശിച്ചതു്. ഫ്രാൻസിലെ രാജാവിൻെറ ദൌത്യം മദ്ധ്യേഷ്യയിലെ മങ്കുഖാനെ അറിയിക്കുവാൻ ബാതു നിർദ്ദേശിച്ചു.

ദുഷ്കരവും ദീർഘവുമായ ഒരു യാത്രയ്ക്കുശേഷമാണു് വില്യം റൊകൊറൂമിലെത്തിയതു്. മങ്കുഖാനെ സന്ദർശിച്ചു ലൂയിയുടെ സന്ദേശമറിയിച്ചപ്പോൾ അദ്ദേഹത്തിൽനിന്നു ലഭിച്ച മറുപടി അപമാനകരമായിരുന്നു. ലൂയി ഒമ്പതാമനോട് തന്റെ മതം പുല്ലാൻ പറയണമെന്ന നിർദ്ദേശത്തോടെ ഖാൻ ഇങ്ങിനെ താക്കീതുചെയ്തു: "അനശ്വരനായ ദൈവത്തിന്റെ ശാസനകൾ കാണുകയും കേൾക്കുകയും ചെയ്തില്ലെങ്കിൽ, നമ്മുടെ രാജ്യം അകലെയാണെന്നും, കുന്നുകൾ കരുത്തുള്ളവയാണെന്നും സമുദ്രം വിസ്തൃതമാണെന്നും ധരിക്കുന്നുണ്ടെങ്കിൽ, ഞങ്ങൾക്കെന്തുചെയ്യാൻ കഴിയുമെന്നു കാണാമെന്നു ലൂയിയെ അറിയിയ്ക്കു". ലജ്ജാവഹമായ ഈ ഭീഷണിയും വാങ്ങിക്കെട്ടി വില്യം മടങ്ങിപ്പോന്നു. കരിങ്കടൽ ഉറച്ചിരിയ്ക്കുമെന്നു കരുതി ആർമീനിയ, സിറിയ തുടങ്ങിയ രാജ്യങ്ങൾ കടന്നാണദ്ദേഹം തിരിച്ചുപോന്നതു്. കാസ്പിയന്റെ പടിഞ്ഞാറൻതീരം മണലാരണ്യമായിരുന്നു. ദാഹവും വിശപ്പും കാരണം വില്യമും സംഘവും മൃതപ്രായരായി. മഹാനായ അലക്സാണ്ടർ തീർത്ത "ഇരിമ്പുവാതിൽ" [Iron Gates] പട്ടണം അവർ സന്ദർശിച്ചു. പക്ഷെ എവിടെയും തങ്ങിയില്ല. കഴിയുന്നത്രവേഗം ഫ്രാൻസിൽ തിരിച്ചെത്തണമെന്നു മാത്രമെ വില്യമിനുണ്ടായിരുന്നുള്ളു.

ലൂയി ഒമ്പതാമന്റെ ദൂതൻ പരാജയപ്പെട്ടേടത്താണു് തങ്ങൾ വിജയിയ്ക്കാൻ പോകുന്നതു്. അങ്ങിനെ

പരാക്രമശാലിയും ലോകജേതാവുമായ ചെങ്കിസ്ഖാൻെറ പിൻഗാമിയെ സുവിശേഷത്തിലേയ്ക്കാകർഷിച്ച് ബഹുമതി നേടിയെടുക്കണമെന്ന ആവേശത്തോടെയാണ നിക്കോളോ പൊളോവും, സഹോദരനും, മകനും പുറപ്പെട്ടത്. രണ്ട് മതപ്രചാരകന്മാർ മാത്രമെ അവരോടൊപ്പമുണ്ടായിരുന്നുള്ളു. വിസ്തൃതമായ ഒരു സാമ്രാജ്യത്തിലെ പ്രവർത്തനത്തിന്ന പോപ്പ് നൽകിയ ഈ വിഹിതം തീരെ പോരാത്തതാണെന്നു അവർക്കഭിപ്രായമുണ്ടായിരുന്നു.

ആ രണ്ടു പ്രചാരകന്മാർ തന്നെ ആർമീനിയവരെ മാത്രമെ അവരെ അനുഗമിച്ചുള്ളു. പോകുന്ന വഴിക്ക് യുദ്ധം നടക്കുന്നുണ്ടെന്നു കേട്ടതോടെ അവർ തിരിഞ്ഞോടി. യുദ്ധവും, കൊടുങ്കാറവും മലകളും, വെള്ളപ്പൊക്കവുമൊന്നും പൊളൊമാരെ തടഞ്ഞുനിർത്തിയില്ല. ആപത്തുകളെ നിർഭയം അതിജീവിച്ചുകൊണ്ട് മൂന്നരകൊല്ലം നീണ്ടുനിന്ന ദുഷ്കരമായ യാത്ര അവരെ കാഥെയിലെത്തിച്ചു. ജെറൂസത്തിലെ വിശുദ്ധ തൈലം കുബ്ലാഖാനു തിരുമുൽക്കാഴ്ചവെയ്ക്കുകയും ചെയ്തു.

ലോകചരിത്രത്തിൽ അഭൂതപൂർവ്വമായിരുന്ന ആ യാത്ര കഴുതപ്പുറത്തും കോവർ കഴുതപ്പുറത്തും കാൽനടയായുമാണവർ നടത്തിയതു്. ലയാസ്; ശിവാസ്, അർസിങ്കൻ, തൌറിസ്, യെസദ, ബുസറാ തുടങ്ങിയ പട്ടണങ്ങളവർ സന്ദർശിയ്ക്കുകയുണ്ടായി. മാക്കൊ പൊളൊവിൻെറ അനാരോഗ്യം കാരണം ബലഷാനിൽ അവർക്കൊരു കൊല്ലം തങ്ങേണ്ടിവന്നു.

അരോഗദൃഢഗാത്രരും, അന്നാട്ടിൽ സുപരിചിതരുമായ യാത്രക്കാർപോലും കാലൂന്നാൻ ഭയപ്പെട്ടുന്ന ഗോപി മരുഭൂമിയാണ് പിന്നീടവക്കു താണ്ടാനുണ്ടായിരുന്നതു്. അതിനുംപുറമെ ജലാംശം കണികാണാനാകാത്ത ഒരു മലമ്പ്രദേശത്തുകൂടെ മുപ്പതുദിവസം അലയണം. യാത്രക്കാരെ കൊള്ളയടിയ്ക്കുലും കൊല്ലലും മാത്രം തൊഴിലാക്കിയ ഒരു തരം പ്രാകൃതരാണവിട്ടത്തെ നിവാസികൾ. ഗോപി മരുഭൂമി ഈ കാടന്മാക്കുപോലും അപ്രാപ്യമാണ്. പൊളൊമാർ അതു തരണംചെയ്ത അനുഭവത്തിനുശേഷവും അറുനൂറുകൊല്ലക്കാലം ഒരൊററ യൂറോപ്യനും ആ സാഹത്തിനു മുതിരാൻ ധൈര്യപ്പെട്ടില്ല.

കുബ്ലാഖാൻെറ ആസ്ഥാനം പെക്കിംഗിന്നടുത്തായിരുന്നു. ചൈനയുടെ അതിർത്തികടന്നശേഷം യാത്ര ഏതാണ്ടു് സുഖകരമായിരുന്നു. ഖാൻ അവരെ സ്വാഗതം ചെയ്യാൻ ആവശ്യമായ ഏപ്പാടുകളൊക്കെ ചെയ്തു. കൊട്ടാരത്തിലും അവരെ ബഹുമാനത്തോടെയാണ് സ്വീകരിച്ചതു്. നിറഞ്ഞ രാജസദസ്സിലേയ്ക്കാണവർ ആനയിയ്ക്കപ്പെട്ടതു്. അപരിചിതനായ യുവാവിനെ നിക്കൊളൊ ഖാനു പരിചയപ്പെടുത്തിയതിങ്ങിനെയാണ്: "ഇതങ്ങയുടെ ദാസനും എൻെറ മകനുമാണ്."

മാക്കൊ പൊളൊ തുടന്നു പതിനേഴുകൊല്ലക്കാലം കുബ്ലാഖാൻെറ "വിശ്വസ്തനായ സേവകനാ"യികഴിഞ്ഞുകൂടി. തന്ത്രപ്രാധാന്യമുള്ള പല ദൌത്യങ്ങളും ഖാനുവേണ്ടി അദ്ദേഹം വിജയകരമായി നിവ്വഹിച്ചു.

7584



കുബ്ലാഖാൻ തന്റെ പൂർവ്വികനായ ചെങ്കിസ്ഖാനെപ്പോലെ ഒരു പോർക്കളപ്രേമിയായിരുന്നില്ല. സമാധാനത്തിൽ കഴിയാനും രാജ്യത്തെ അഭിവൃദ്ധിപ്പെടുത്താനമാണ് അദ്ദേഹം ഉത്സാഹിച്ചത്. പ്രാപ്തനായ ഒരു ഭരണാധികാരിയും വിശിഷ്ടനായ ഒരു കലാപ്രേമിയുമായിരുന്നു അദ്ദേഹം. സ്വർഗ്ഗസമാനമായ അദ്ദേഹത്തിന്റെ രാജധാനിയെപ്പററി കോളറിഡ്ജ് തന്റെ കവിതയിൽ വർണ്ണിച്ചിട്ടുണ്ട്.

KOTTAYAM PUBLIC LIBRARY
KOTTAYAM
86871

വിശാലമായ ഹാളുകളും മണിമന്ദിരങ്ങളുമടങ്ങിയ മാർബിൾ കൊട്ടാരങ്ങൾ കുബ്ലാഖാനുണ്ടായിരുന്നതായി മാർക്കോപോളോ പ്രസ്താവിച്ചിട്ടുണ്ട്. മനോഹരങ്ങളായ പൂന്തോപ്പുകളുള്ള പതിനാറുമൈൽവരെ വിസ്തൃതമായ മൈതാനം അതിലുൾക്കൊള്ളിച്ചിരുന്നു. പലതരം മൃഗങ്ങൾ അതിൽ മേഞ്ഞു നടക്കും. മാനും, ആടുമൊക്കെ അക്കൂട്ടത്തിലുണ്ടാകും. അവിടെത്തന്നെ കൂട്ടുകെട്ടിപ്പാക്കുന്ന കൂററൻ പരുന്തുകളവയെ കൊന്നുതിന്നും. കുബ്ലാഖാൻ പ്രഭാതസവാരിയ്ക്കിറങ്ങിയിരുന്നതു രണ്ടു പുള്ളിപ്പുലികളോടൊപ്പമാണത്രെ! സവാരി കഴിഞ്ഞാൽ കണ്ണഞ്ചിയ്ക്കുന്ന പട്ടുപരവതാനികളും മെത്തകളും വിരിച്ച കലാശാലയിലിരുന്നു ലലനാമണികളുടെ സംഗീതവും നൃത്തനൃത്യവും ആസ്വദിയ്ക്കും. ചഷകങ്ങളിൽ സ്വയം വിരിഞ്ഞുനിറഞ്ഞു അധരങ്ങളോടടുക്കുന്ന മാസ്മരവിദ്യപോലും കൊട്ടാരത്തിലെ ഇന്ദ്രജാലക്കാർ പ്രദർശിപ്പിച്ചിരുന്നുവത്രെ!

DISTRIBUTING LIBRARY

വെനിസകാരായ പൊളൊമാക്കപോലും അത്ഭുതം തോന്നിയ്ക്കുന്നവിധത്തിൽ മനോഹരമായും വൃത്തിയായും സംവിധാനം ചെയ്യപ്പെട്ടതായിരുന്നു അക്കാലത്തെ പെക്കിംഗ് പട്ടണം. അതിൻെറ ഓരോ മൂലയിലും ഓരോ രാജധാനി ഉണ്ടായിരുന്നു.

മൽബറി മരത്തിൻെറ തൊലിയിൽനിന്നുണ്ടാക്കുന്ന ഒരു തരം കടലാസ്സിൽ അന്നു ഖാൻ നോട്ടടിച്ചിറക്കിയിരുന്നുപോൽ!

നില്ക്കാതെ ഓടിച്ചുപോകാവുന്നവിധത്തിൽ ഇരുപത്തിയഞ്ചുനാഴിക ഇടവിട്ടു ഇടവിട്ടു നിൎത്തിയിരുന്ന കുതിരകളാണു് തപാൽ ഏൎപ്പാടു് നിൎവ്വഹിച്ചിരുന്നതു്. ഓരോ തപ്പാൽ ആഫീസ്സിലും നാനൂറു കുതിരകളെ എപ്പോഴും ഒരുക്കിനിൎത്തിയിരുന്നു. കച്ചവടകേന്ദ്രമായ പെക്കിംഗ്പട്ടണം ചൈനയിലെ ഏററവും വലിയ സമതലപ്രദേശത്തിൻെറ വടക്കെ അററത്താണു സ്ഥിതിചെയ്തിരുന്നതു്. ഹ്വാങ്ങ്ഹൊ നദിയും മററും പടിഞ്ഞാററൻ മലകളിൽനിന്നടിച്ചുകൊണ്ടുവന്നിരുന്ന ചളി ഈ പ്രദേശത്തെ ഏററവും ഫലഭൂയിഷ്ടമായിത്തീൎത്തിരുന്നു.

ഹ്വാങ്ങ്ഹൊ അക്കാലത്തു് 'കാഥെയുടെ കദനഭാരമായാണറിയപ്പെട്ടിരുന്നതു്. അതു പലപ്പോഴും കരകവിഞ്ഞൊഴുകി നിരവധി പേരുടെ ജീവനും സ്വത്തിനും ഹാനിവരുത്തിയിരുന്നു. 1887ൽ പത്തുലക്ഷം പേർ ഇങ്ങിനെ അപമൃത്യു അടഞ്ഞു.

പെക്കിംഗ് തുടങ്ങി ഹോങ്ങ്ചൊവരെ കബ്ലാ ഖാൻ ഒരു തോട് കുഴിപ്പിച്ചിരുന്നു. ചെറുതും വലുതുമായ പന്തീരായിരം പാലങ്ങളും പത്തു ക്രൂറൻ മാക്കറുകളും, നിരവധി രാജധാനികളുമുള്ള ഹാങ്ങ്ചൊ അന്ന് സ്വർഗ്ഗീയനഗരമായാണ് പരിഗണിയ്ക്കപ്പെട്ടിരുന്നത്. അറുനൂറുനാഴിക നീളം കപ്പലോടിച്ചുപോകാൻ കഴിയുന്നതും ചൈനയുടെ ഹൃദയത്തിലൂടെ ഒഴുകുന്നതുമായ യാങ്ങ്സി നദിക്കരയിലുടനീളം അന്നു വേറെയും പട്ടണങ്ങളുണ്ടായിരുന്നു.

കാഥെയ്ക്ക് കിഴക്ക് കിടക്കുന്ന സപാഗു [ജപ്പാൻ] ദ്വീപിനെപ്പററിയും മാക്കോപൊളൊ പരാമർശിച്ചിട്ടുണ്ട്. അവിടത്തെ ജനങ്ങൾ ശാന്തരാണ്. പവിഴവും സ്വർണ്ണവും സമൃദ്ധമാണവിടെ. കുബ്ലാഖാൻ ഒരിയ്ക്കൽ 'സപാംഗു'കീഴൊതുക്കാൻ രണ്ടുദ്യോഗസ്ഥന്മാരെ നിയമിയ്ക്കുകയുണ്ടായി. അവരന്യോന്യം കലഹിച്ചതുകൊണ്ട് ആ ശ്രമം ഫലപ്രദമായില്ല. 30000 താർതാരികൾ ആ കലഹത്തിൽ കൊല്ലപ്പെട്ടു.

പതിനേഴുകൊല്ലം കുബ്ലാഖാൻെറ കീഴിൽ ജോലിയെടുത്ത മാക്കോപൊളൊവിന് എങ്ങിനെയെങ്കിലും നാടൊന്നു കണ്ടു തീരു എന്ന അടങ്ങാത്ത ആഗ്രഹമായി. ഖാൻ അദ്ദേഹത്തെ പിരിയാൻ തയ്യാറുണ്ടായിരുന്നില്ല. അവക്ക് പ്രതിഫലവും സൌകര്യങ്ങളും കൂട്ടിക്കൊടുത്ത് അവിടെത്തന്നെ പിടിച്ചുനിത്താനാണദ്ദേഹം ഉൽസാഹിച്ചത്.

പക്ഷെ പൊളൊ രണ്ടു് കാരണംകൊണ്ടു് വിടവാങ്ങാൻ തന്നെയാണു് തീരുമാനിച്ചതു്. ഒന്നാമതദ്ദേഹം ധാരാളം സമ്പാദിച്ചുകഴിഞ്ഞു. അതുമായി പിറന്നമണ്ണിൽ സ്വസ്ഥമായി കൂടിയാൽ മതിയെന്നായിരുന്നു മോഹം. കുബ്ലാഖാൻ വൃദ്ധനായിക്കഴിഞ്ഞു എന്നതും അദ്ദേഹത്തെ വിഷമിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ കിരീടാവകാശി അദ്ദേഹം പുലർത്തിയിരുന്ന ഔദാര്യം കാണിയ്ക്കുമെന്നതിന്നെന്തുറപ്പാണുള്ളതു്?

ഈ ചിന്ത അദ്ദേഹത്തെ അലട്ടിക്കൊണ്ടിരിക്കെയാണു കുബ്ലാഖാനുതന്നെ അവരെ വിദേശത്തേയ്ക്കയയ്ക്കേണ്ട ആവശ്യം നേരിട്ടതു്. ഇന്ത്യയിലെ ആർഗ്ഗൻ രാജാവിനു് താർതാരി വംശജയായ ഒരു രാജ്ഞിയെ വേൾക്കണം. അദ്ദേഹത്തിന്റെ ഭാര്യ ബോൾഗാനാ ആയിടെയാണു മരിച്ചതു്. ആർഗ്ഗൻ രാജാവിന്റെ ദൂതന്മാർ തിരുമുൽക്കാഴ്ചയുമായിവന്നു ഈ ആവശ്യം കുബ്ലാഖാനെ ഉണർത്തിച്ചു. മധുരപതിനേഴുകാരിയും അതിസുന്ദരിയും തന്റെ ചാർച്ചക്കാരിയുമായ കൊഗാതിൻ രാജകുമാരിയെ അർഗ്ഗൻ രാജാവിനു നല്കാൻ കുബ്ലാഖാൻ തീരുമാനിക്കുകയും ചെയ്തു. അർഗ്ഗൻ രാജാവിന്റെ ദൂതന്മാർ ആ അപ്പരസ്സുമായി, സംതൃപ്തരായി പുറപ്പെട്ടു.

കരവഴിയാണു രാജകുമാരിയുമായി അവർ യാത്ര തിരിച്ചതു്. എട്ടുമാസത്തിനുശേഷം അവർക്കു് മാർഗ്ഗമ

ദ്ധ്യത്തിൽനിന്നു തിരിച്ചുപോരേണ്ടിവന്നു. താർതാർ നാട്ടുവാഴികൾ തമ്മിൽ യുദ്ധം നടക്കുകയായിരുന്നതു കൊണ്ടവർക്ക് മുമ്പോട്ടുപോകാൻ കഴിഞ്ഞില്ല. തങ്ങളെ കടൽവഴിയ്ക്കയക്കണമെന്ന ആവശ്യവുമായി അവർ വീണ്ടും കുബ്ലാഖാനെ സമീപിച്ചു. മലയൻ കര ചുററി വളരെ വളഞ്ഞുതിരിഞ്ഞതാണക്കാലത്ത് ഇന്ത്യയിലേയ്ക്ക് ചൈനയിൽനിന്നുള്ള കടൽവഴി. രാജകുമാരിയെ സുരക്ഷിതമായി എത്തിയ്ക്കാൻ മാർക്കോപോളൊവിനെത്തന്നെ ഏല്പിയ്ക്കണമെന്നു ഖാൻ മനമില്ലാമനസ്സോടെ തീരുമാനിച്ചു. അവരെ ഏല്പിച്ച ചുമതല നിർവ്വഹിച്ച് നാട്ടും സ്വഹൃത്തുക്കളെയും സന്ദർശിച്ച വേഗം തിരിച്ചെത്തണമെന്നായിരുന്നു ഖാൻെറ നിർദ്ദേശം. ഫ്രാൻസ്, സ്പെയിൻ, തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലും പോപ്പിൻെറ തിരുസന്നിധിയിലും തൻെറ സ്ഥാനപതികളായി അവരെ നിയമിക്കുകയും ചെയ്തു.

രാജകുമാരിയുടെ യാത്രയ്ക്ക് പതിന്നാലെണ്ണമടങ്ങിയ ഒരു കപ്പൽ സമൂഹമാണേർപ്പെടുത്തിയിരുന്നത്. നൂറും ഇരുനൂറും ജോലിക്കാർ ഓരോ കപ്പലിലുമുണ്ടായിരുന്നു. അതിലൊന്നിൽ മാർക്കോപൊളൊ അദ്ദേഹത്തിനു ലഭിച്ച വിലമതിയ്ക്കാനാവാത്ത എണ്ണമററ രത്നാഭരണങ്ങളും സമ്മാനങ്ങളുമായി രാജകുമാരിയെ അകമ്പടി സേവിച്ചു.

മൂന്നുമാസത്തിനുശേഷമാണ് കപ്പൽസമൂഹം ജാവയിലെത്തിയത്. അർഗ്ഗുൻ രാജ്യത്തെത്താൻ പിന്നെ

യും പതിനെട്ടുമാസമെടുത്തു. വധു കൊട്ടാരത്തിലെത്തുമ്പോഴേക്കു വരൻ പരലോകം പൂകിയിരുന്നു. അതുകൊണ്ട് ആ സൌന്ദര്യധാമത്തെ മരിച്ച രാജാവിന്റെ ആദ്യഭാര്യയിലുള്ള മകൻ വിവാഹം കഴിച്ചു.

മാക്കോപോളൊ പേർസ്യവഴി വെനിസ്സിലേയ്ക്കു പോയി. 1295ൽ നാട്ടിലെത്തി. ഇരുപത്തിയഞ്ചു കൊല്ലം മുമ്പു് നാടുവിട്ട മാക്കോപോളൊ ആണതെന്നു് വെനീസുകാരെ വിശ്വസിപ്പിയ്ക്കാൻ സമ്മാനമായി കിട്ടിയ ആഭരണങ്ങളും മററു അടയാളങ്ങളും കാണിയ്ക്കേണ്ടിവന്നു.

മാക്കോപൊളൊ പിന്നീടു് വെനിസ്സിലെ ഒരു പട്ടാള ഉദ്യോഗസ്ഥനായിത്തീൎന്നു. വെനീസിനോടു് കുടിപ്പകയുമായിക്കഴിഞ്ഞിരുന്ന ജനോവ അപ്പോഴേക്കും ശക്തിയാൎജ്ജിച്ചിരുന്നു. ഇരുരാഷ്ട്രങ്ങളും തമ്മിൽ കർസൊല ഉൾക്കടലിന്നടുത്തു് നടന്ന യുദ്ധത്തിൽ വെനീസ്സു് തറപററി. മാക്കോപൊളൊ യുദ്ധത്തടവുകാരനായി. ലോകപ്രശസ്തനായ ആ സഞ്ചാരിയുടെ അനുഭവങ്ങൾ ഭാവിതലമുറക്കറിയുമാറാകുന്നതിനു പകൎത്തിവെയ്ക്കാൻ കൽതുറുങ്കാണു് സൌകര്യം നൽകിയതു്.

—*—

# പോർത്തുഗീസുകാർ ഇന്ത്യയിലേക്ക്

യൂറോപ്പിന്ന് കച്ചവടം നടത്താൻ പുതിയ നാട്ടുകൾ തേടിപ്പിടിച്ചുകൊടുക്കുന്നതിൽ ഒരു കൊച്ചുരാജ്യമായ പോർച്ചുഗൽ അതിപ്രധാനമായൊരു പങ്കുവഹിച്ചിട്ടുണ്ട്. അസാമാന്യമായ ആവേശവും ധൈര്യവുമാണ് പോർത്തുഗീസുകാർ കടൽയാത്രയിൽ പ്രദർശിപ്പിച്ചിരുന്നത്. വടക്കുനോക്കി കണ്ടുപിടിക്കപ്പെട്ടതോടെ അവരുടെ ഉത്സാഹം വദ്ധിച്ചു.

ജോൺ ഒന്നാമന്ന് ഇംഗ്ലീഷുകാരിയായ ഫിലിപ്പ് രാജ്ഞിയിൽ ജനിച്ച ഹെൻറി രാജകുമാരൻെറ കാലത്താണ് പോർത്തുഗീസുകാക്ക് കടൽയാത്രയിൽ മഹത്തരങ്ങളായ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞത്. ഹെൻറിക്ക് ചെറുപ്പംതന്നെ കടൽയാത്രയിൽ കമ്പമായിരുന്നു. ക്യൂട്ടയിൽ അറബികൾക്കെതിരായി നടന്ന സംരംഭത്തിൽ പങ്കെടുക്കുകയും ഗിനിയയിലെ സമൃദ്ധിയെക്കുറിച്ച് കേൾക്കുകയും ചെയ്തതോടെ ആഫ്രിക്കൻകരയിലേക്ക് കടൽമാർഗ്ഗം കണ്ടെത്തിയേ അടങ്ങു എന്നദ്ദേഹം പ്രതിജ്ഞയെടുത്തു. കടൽയാത്രയിൽ കൂടുതൽ വിജ്ഞാനം നേടാൻ മറെറല്ലാം ഉപേക്ഷിച്ചദ്ദേഹം സാഗേർസ് തുറമുഖത്ത് പാർപ്പാക്കി. അദ്ദേഹത്തിൻെറ കൊട്ടാരം ഒരു നാവികവിദ്യാലയത്തിൻെറ കൊച്ചുപതിപ്പായി.

പോർട്ടോബാൻറൊ, മെഡീരിയ എന്നീ ദ്വീപുകളാണ് ഹെൻറിയുടെ കാലത്തു പോർത്തുഗീസുകാർ ആദ്യമായി കണ്ടെത്തിയത്. ആ ദ്വീപുകൾ കേന്ദ്രമാക്കി തുടന്നു നടത്തിയ പരീക്ഷണങ്ങളുടെ ഫലമായി നോൺ മുനമ്പ്, ബൊജഡസാർ; ബ്ളാങ്കൊ, റിയൊഡി ഔറോ; സെങ്കാർ കെപ്‌വെർഡി; കാനറി; അഭോർ ദ്വീപുകൾ എന്നിവ ഓരോന്നായി കണ്ടെത്തി. ഇതിൽ ചില ദ്വീപുകൾ ആദ്യം കണ്ടെത്തിയത് സ്പെയിൻകാരാണെന്ന അവകാശവാദം ഉന്നയിക്കപ്പെട്ടിരുന്നു. അതുകൊണ്ടവ പോർത്തുഗീസുകാരുടെ നിയന്ത്രണാധീനത്തിലായില്ല.

ഹെൻറിയുടെ നേട്ടങ്ങൾ അദ്ദേഹത്തെ തുടന്നുവന്ന രാജാക്കന്മാരെ ആവേശം കൊള്ളിച്ചു. 1471 കഴിയുമ്പോഴേയ്ക്കും പോർച്ചുഗൽ രാജാവ് ഗിനിയയുടെ അധിപനായി. തുടന്നു ഡൈഗോകാമിലും പോർച്ചുഗൽ പതാക പാറി. കോങ്കോവിനെപ്പോലും ഭാഗികമായി അവർ പിടിച്ചടക്കി.

പക്ഷെ അതുകൊണ്ടൊന്നും പോർത്തുഗീസുകാരുടെ ആവേശം ആറിയില്ല. 1486ൽ ബാർതൊലൊമിയൊ ഡയാസ് ആഫ്രിക്കയുടെ തെക്കെ അററം കണ്ടേ അടങ്ങു എന്ന പ്രതിജ്ഞയോടെ പുറപ്പെട്ടു. കപ്പിത്താന്നും മററു കപ്പൽ വേലക്കാരും ഡയാസിനെ നിരുത്സാഹപ്പെടുത്താൻ നോക്കി. പക്ഷെ അദ്ദേഹം കോങ്കോ നദീമുഖം

കടന്നു് തൻെറ സാഹസിക യാത്ര തുടൎന്നു. പെട്ടെന്നൊരു കൊടുങ്കാററടിച്ചു. ആൽഗോവാ ഉൾക്കടലിലായിരുന്നു അപ്പോഠം കപ്പൽ. കരകണ്ടതോടെ കപ്പിത്താനും മററും ഇനി യാത്ര തുടരേണ്ടതില്ലെന്നു ശാഠ്യം പിടിച്ചു. പക്ഷെ ഡയാസ് വിട്ടില്ല. അങ്ങിനെ തുടൎന്ന യാത്ര മൂന്നു ദിവസത്തിനുശേഷവും തങ്ങഠം ഒരേ മുനമ്പിനെ ത്തന്നെ പ്രദിക്ഷണം ചെയ്തുകൊണ്ടിരിക്കുകയാണെന്നു ബോദ്ധ്യപ്പെട്ടശേഷമെ ഡയാസ് നിൎത്തിയുള്ളു. അവർ അഗ്രൽഹാസ മുനമ്പിലെത്തി. പിന്നീടുള്ള യാത്രാവേളയിൽ അവർ കണ്ടെത്തിയ മുനമ്പിന്നു് ഡയാസ് "കൊടുങ്കാററു് മുനമ്പെ"ന്നു പേരിട്ടു. ഏഷ്യയിലേയ്ക്കുള്ള മാൎഗ്ഗം താൻ കണ്ടെത്തിയെന്ന അഭിമാനത്തോടെ ഡയാസ് അവിടെ പോൎത്തുഗലിൻെറ കൊടിനാട്ടി, കുരിശടയാളം വരച്ചുവെച്ചു.

പോൎച്ചുഗലിൽ തിരിച്ചെത്തിയ ഡയാസ്സിനു രാജാവിൻെറ ഹൃദ്യമായ സ്വീകരണവും സംരക്ഷണവും ലഭിച്ചു. ഡയാസ്സ് തൻെറ കണ്ടുപിടത്തത്തെക്കുറിച്ചു വിവരിച്ചു. ഏഷ്യയിലേക്കുള്ള കവാടം തുറക്കപ്പെട്ടു എന്ന പ്രതീക്ഷകൊണ്ടു പുളകം കൊണ്ട രാജാവ് ഡയാസ് കണ്ടെത്തിയ മുനമ്പിന്നു് 'സുപ്രതീക്ഷാ മുനമ്പെ'ന്ന പേർ വിളിച്ചു.

ഈ സാഹസികസംരംഭം പോൎച്ചുഗലിനെ സംബന്ധിച്ചേടത്തോളം താങ്ങാനാവാത്ത നഷ്ടം വരുത്തിവെ

ച്ചിരുന്നു. ഇതു പരിഹരിക്കാൻ ആശിച്ചേടത്തോളം കനകം ആഫ്രിക്കയിൽനിന്നൊട്ടു ലഭിച്ചതുമില്ല. അടിമക്കച്ചവടം മാത്രമായിരുന്നു ഇറക്കിയ പണം മുതലാക്കാനുള്ള ഏകമാർഗ്ഗം.

ഏതായാലും പിന്നീടു പത്തുകൊല്ലക്കാലം പോർത്തുഗീസുകാർ തുടൻ പരിശ്രമിച്ചില്ല. മാനുവേൽ രാജാവ് അധികാരമേറെറടുത്തതോടെ നിഷ്ക്രിയത്വം നീങ്ങി. ഏഷ്യയിൽ പോർച്ചുഗലിൻെറ കൊടി നാട്ടാനുള്ള ആവേശം വീണ്ടും ആളിക്കത്തി.

1497 ജൂലായ് 7-ാംനു- കൂട്ടപ്രാത്ഥനയുടെ ശബ്ദം ഉയരുന്നതിന്നിടയിൽ വാസ്ക്കോഡിഗാമയുടെ നേതൃത്വത്തിൽ മൂന്നു കൊച്ചു കപ്പലുകഠം അലയാഴിയിലേക്കിറങ്ങി. കടൽയാത്രക്കാർ സൃഷ്ടിച്ച അത്ഭുതങ്ങളിൽ അതിമഹത്തായ ഒന്നിൻെറ ആരംഭമായിരുന്നു അത്.

അത്യാപത്തുകഠം അവരെ കാത്തുനിന്നിരുന്നു. ഒരിക്കൽ കൊടുങ്കാററ് ആ മൂന്നു കപ്പലുകളേയും അടിച്ചു ഭിന്നിപ്പിച്ചു വഴി തെററിച്ചു. പിന്നീടവ വേർഡി മുനമ്പിൽവെച്ചാണ് ഒന്നിച്ചത്. നാലുമാസത്തോളം അവ കടലിൽ ചുററി. സെൻറ് ഹെലിനയിലെത്താനേ എന്നിട്ടും അവക്കു കഴിഞ്ഞുള്ളു.

എല്ലാററിനെയും എതിരിട്ട് യാത്ര തുടൻ ഗാമയുടെ കണ്ണിൽ സുപ്രതീക്ഷാ മുനമ്പു പെട്ടു. പക്ഷെ കൊടുങ്കാററുകാരണം രണ്ടു ദിവസത്തേക്ക് അതിനെ വലയം

ചെയ്യാൻ കഴിഞ്ഞില്ല. എന്നിട്ടും ഗാമക്ക് മട്ടപ്പില്ലെ ന്നു കണ്ടപ്പോഠം കപ്പിത്താൻ ആവലാതിപ്പെട്ടു. “മരണത്തിലേക്കു ഞങ്ങളെ വലിച്ചിഴക്കരുതെന്നു യാചിക്കുന്നു. ഈ കൊടുങ്കാററിൽ നമുക്കാ മുനമ്പ് കടക്കാൻ കഴിയില്ല. നാട്ടിലേക്ക് തിരിക്കുക.”

ഗാമയുടെ മറുപടി ഇതായിരുന്നു: “ദൈവാനുഗ്രഹമുണ്ടെങ്കിൽ നാമാ മുനമ്പ് കടക്കും. ബുദ്ധിമതിയും, വിലമതിക്കാനാവാത്ത ധനവും നമ്മെ കാത്തുകിടക്കുകയാണ്.”

ഗാമ നവമ്പർ 22-ാംനു- സുപ്രതിക്ഷാ മുനമ്പതിത്തി തരണം ചെയ്തു. നട്ടാൽ, മൊസാംബിക്ക് തുടങ്ങിയ പ്രദേശങ്ങളിൽ ഗാമ തങ്ങുകയുണ്ടായി. മെലിന്തയിൽ ചെന്നു അവിടുത്തെ രാജാവിൻെറ സഹായമാജ്ജിക്കുന്നതിലും ഗാമ വിജയിച്ചു. ഏപ്രിൽ 24-ാംനു-യാണ് ഗാമ മെലിന്തയിൽനിന്നു പുറപ്പെട്ടന്നത്. 1498മെയ് 20-ാംനു- ഗാമയും സംഘവും കോഴിക്കോട്ടെത്തി.

പോർച്ചുഗീസുകാരെ സ്വാഗതം ചെയ്യുന്ന ഒരു സ്ഥിതിവിശേഷമല്ല അന്നു മലബാറിലുണ്ടായിരുന്നത്. സിലോൺ, മൊലൂക്കാ ദ്വീപുകളിലെ സുഗന്ധദ്രവ്യക്കച്ചവടക്കാരുടെ കേന്ദ്രമായിരുന്നു അന്നു കോഴിക്കോട്. അലക്സാൻഡ്രിയ വഴി യൂറോപ്പിലേക്കു അവരുടെ സാധനങ്ങളെത്തിക്കുന്ന വ്യവസായം അന്നു അറബികളുടെ കൈകളിലായിരുന്നു. സാമൂതിരിയ്ക്കാവട്ടെ അറബിക

ളോടു വലിയ മതിപ്പും മമതയും. സാമൂതിരി ഗാമയേയും സംഘത്തേയും തടങ്ങലിലാക്കാനാണ് തുനിഞ്ഞത്. ഗാമ രക്ഷപ്പെട്ടു. കുറെ ഹിന്ദുക്കളെ തടവുകാരാക്കിപ്പിടിച്ചു സാമൂതിരിയോടു പകരം ചോദിക്കുകയും ചെയ്തു. അവസാനം സന്ധിയായി. സാമൂതിരി പോർത്തുഗീസുകാരെ വിട്ടയക്കുകയും ചെയ്തു. പക്ഷെ ഗാമ ഹിന്ദുത്തടവുകാരിൽ കുറെ പേരെ വിട്ടയക്കാതെ വാഗ്ദാനം ലംഘിക്കുകയാണുണ്ടായത്.

ലിസ്ബണിൽ തിരിച്ചെത്തിയ ഗാമക്ക് ആർഭാടപൂർണ്ണമായ സ്വീകരണമാണ് പോർച്ചുഗീസുകാർ നല്കിയത്. ഇന്ത്യയുമായുള്ള കച്ചവടബന്ധത്തിനു മാർഗ്ഗം തുറക്കപ്പെട്ടിരിക്കുന്നു. അതുറപ്പിക്കണം. പോർച്ചുഗൽ കൊടി സമൃദ്ധിയുടെ സാമ്രാജ്യത്തിൽ പാറണം. അതായി പോർത്തുഗീസുകാരുടെ പിന്നത്തെ ലക്ഷ്യം.

പെഡ്രൊ അൽവാറസ്, കബ്രാലിനെയാണ് ഇതിനുവേണ്ടി നിയോഗിച്ചത്. ഒരു നല്ല സായുധസേനയോടൊപ്പം സാമൂതിരിക്കുള്ള വിലമതിക്കാനാവാത്ത സമ്മാനങ്ങളുമായി കബ്രാൽ യാത്ര തിരിച്ചു.

ബ്രസിലിലെ വിരക്രൂസ് മാർഗ്ഗമദ്ധ്യേ കബ്രാൽ കണ്ടെത്തി. വിൻസെൻറ് യാനസ് പിൻസോൺ എന്ന സ്പെയിൻകാരൻ അതാദ്യമേ കണ്ടെത്തിയിരുന്നുവെങ്കിലും പോപ്പിൻെറ നിർദ്ദേശാനുസരണം അതു പോർച്ചുഗലിനുതന്നെ വിട്ടുകൊടുത്തു.

സുപ്രതീക്ഷാ മുനമ്പിന്നടുത്തുവെച്ചു കൊടുങ്കാററി ൻെറ വിപത്ത് ഈ സംഘത്തേയും അഭിമുഖീകരിക്കുക യുണ്ടായി. പക്ഷെ അവയെയൊക്കെ അതിജീവിക്കാ നും മെലിന്തയിലെത്തി അവിടത്തെ രാജാവുമായി ഒരു സൌഹാർദ്ദസന്ധി ഉണ്ടാക്കാനും കബ്രാലിന്നു കഴിഞ്ഞു.

സപ്തമ്പർ 13-ാംനു- കബ്രാലും സംഘവും കോഴി ക്കോട്ടെത്തി. സാമൂതിരി രാജാവിനെ കാഴ്ചദ്രവ്യങ്ങളു മായി മുഖംകാണിച്ചു. അയേർസ് കൊറിയ എന്നൊ രാളുടെ മേൽനോട്ടത്തിൽ ഒരു പോർത്തുഗീസ്സ് പാണ്ടി കശാല കോഴിക്കോട് സ്ഥാപിക്കാനുള്ള അവകാശവും നേടി. പക്ഷെ സാമൂതിരിയുമായുള്ള ഈ സൌഹാർദ്ദ ബന്ധം പോർത്തുഗീസുകാർക്ക് അധികകാലം നിലനി ത്താൻ കഴിഞ്ഞില്ല. സാമൂതിരിക്ക് അറബികളോടു ണ്ടായിരുന്ന അടുപ്പവും, പോർത്തുഗീസുകാരുടെ കച്ചവ ടമനോഭാവവും ആ ബന്ധത്തെ ശിഥിലമാക്കി. തുടർന്നു ണ്ടായ സംഘട്ടനത്തിൽ കൊറിയയും ഒരു സംഘം പോർ ത്തുഗീസുകാരും കൊല്ലപ്പെട്ടു.

കബ്രാൾ അതിന്നു പകരം വീട്ടാതിരുന്നില്ല. ശത്രു ക്കളെ കഴിയുന്നേടത്തെല്ലാം വെച്ചു കൊന്നൊടുക്കിയശേ ഷം ശത്രുവിൻെറ ശത്രുമിത്രമെന്ന തന്ത്രം പ്രയോഗിച്ച് അദ്ദേഹം കൊച്ചിരാജാവിനെ അഭയം തേടി. കൊച്ചി രാജാവും സാമൂതിരിയും അക്കാലത്ത് ബദ്ധശത്രുക്കളായി രുന്നു. കബ്രാലിൻെറ തന്ത്രം ഫലിച്ചു. കൊച്ചിരാജാ

വുമായി പോർച്ചുഗലിനു ഒരു കച്ചവട ഉടമ്പടി ഉണ്ടാക്കാൻ കഴിഞ്ഞു. കൊള്ളയടിച്ചും മററും നേടിയ സാധനങ്ങളുമായി കബ്രാൾ പോർച്ചുഗലിലേക്കു തിരിച്ചു പോയി.

പതിമൂന്നു കപ്പലുമായി പോർത്തുഗീസ് കരവിട്ട കബ്രാൾ തിരിച്ചുചെല്ലുമ്പോൾ മൂന്നു കപ്പലുകൾ മാത്രമാണദ്ദേഹത്തിന്റെ അധീനത്തിലുണ്ടായിരുന്നത്. എങ്കിലും മലബാർകരയുമായി കച്ചവടബന്ധം സ്ഥാപിക്കാൻ കഴിഞ്ഞതിന്റെ മുമ്പിൽ ആ നഷ്ടം നിസ്സാരമായിട്ടാണ് പോർത്തുഗീസുകാർക്ക് തോന്നിയത്. ഹെൻറിരാജകുമാരന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയിലെ പോർത്തുഗീസ് പ്രദേശങ്ങളിൽ ആധിപത്യം നിലനിത്തണം. അതിനുള്ള സംരംഭമായി പിന്നെ. അൽബുക്കർക്കിനെ ഗവർണ്ണരാക്കി ഇന്ത്യയിലേക്കയച്ചു. സിലോണുമായി തന്ത്രബന്ധം സ്ഥാപിച്ചത് അക്കാലത്താണ്. പേർസ്യയും അറേബ്യയും, മഡഗാസ്കരും അൽബുക്കക്ക് സന്ദർശിക്കുകയുണ്ടായി.

ഗോവ പിടിച്ചടക്കി അവിടെ ഒരു മുനിസിപ്പൽ ഗവമ്മേണ്ട് സ്ഥാപിച്ചതായിരുന്നു അൽബുക്കർക്കിന്റെ ഏററവും വലിയ നേട്ടം. ചൈനയിലേക്ക് പ്രതിനിധികളെ അയക്കാനും അദ്ദേഹത്തിന്നു കഴിഞ്ഞു.

പോർത്തുഗീസ് കടൽയാത്രക്കാരുടെ നേട്ടങ്ങൾ അവിസ്മരണീയങ്ങളാണ്. ആരുമേതും അറിയാതെ കി

ടന്നിരുന്ന പോർച്ചുഗലിനെ കരുത്തുററ ഒരു സാമ്രാജ്യമായി ഉയർത്തുക മാത്രമല്ല അവർ ചെയ്തത്. ഏഷ്യയും യൂറോപ്പും തമ്മിലുള്ള കച്ചവടബന്ധത്തിന്നു സുഗമമായ ഒരു മാർഗ്ഗം കണ്ടെത്തിയതും അവരായിരുന്നു. അതുവഴി ഏഷ്യയിലേക്കുള്ള കടൽമാർഗ്ഗത്തിൽ അവരുടെ ആധിപത്യവും സ്ഥാപിക്കപ്പെട്ടു.

—*—

# ജാൻവാൻ പുതിയ ലോകത്തിലേയ്ക്ക്

വാസ്കോഡിഗാമയ്ക്കുശേഷം ഇന്ത്യയിലേയ്ക്കു പുറപ്പെട്ട ഏററവും സാഹസികനായ സഞ്ചാരി ജാൻവാൻ ലിൻഷൊട്ടനാണു്. ഹോളണ്ടിലെ ഒരു ചെറുപട്ടണമാണു് ജാൻവാനിൻെറ സ്വരാജ്യം. അവിടത്തെ ജീവിതം വിരസമായി തോന്നിയപ്പോൾ 'പുതിയ കിഴക്കൻ ലോക'ത്തിലെന്തെങ്കിലും തൊഴിൽ തേടണമെന്നുദ്ദേശിച്ചു അദ്ദേഹം സ്പെയിനിലേയ്ക്കു് കടന്നു. അവിടെ ആറുകൊല്ലം കഴിച്ചശേഷം ഇന്ത്യയിലെ ആർച്ചുബിഷപ്പിൻെറ കൂടെ ഗോവയിലേയ്ക്കു പോകാനൊരവസരം ലഭിച്ചു.

1583 ഏപ്രിൽ 8-ന്നാണു് ജാൻവാനും സംഘവും യാത്ര തിരിച്ചതു്. നാന്തൂറഞ്ഞൂറാളുകളും അവർക്കുള്ള ഭക്ഷണവും വിററഴിയ്ക്കാനുള്ള കുറെ വീഞ്ഞും എണ്ണയുമാണു് കപ്പലിലുണ്ടായിരുന്നതു്. കുരുമുളകും മററു സുഗന്ധദ്രവ്യങ്ങളും വാങ്ങാനുള്ള ധാരാളം സ്വർണ്ണനാണയങ്ങളും അവർ കരുതിയിരുന്നു. കപ്പലിൽ ഉണ്ടായിരുന്നവരിലധികവും പോർത്തുഗീസ് പടയാളികളായിരുന്നു. വടക്കുകിഴക്കൻ കച്ചവടക്കാററിൻെറ സഹായത്തോടെ ഗിനിയ തീരപ്രദേശം കണ്ണിൽ പെടുന്നതുവരെ യാത്ര സുഖകരമായിരുന്നു. പിന്നീടവർ മദ്ധ്യരേഖയ്ക്കടുത്തുള്ള കാററില്ലാ മേഖലയിൽ ചെന്നു പെട്ടു. അത്യുഷ്ണമായി

രുന്നു അവിടെ. ദാഹിച്ചു വരണ്ടു തൊണ്ടു നനയ്ക്കാൻ വെള്ളമില്ല! സംഭരിച്ചിരുന്ന വെള്ളം നാറാൻ തുടങ്ങിയിരുന്നു. മൂക്കു പൊത്തിയല്ലാതെ അതു കുടിയ്ക്കാൻ അരുതായി. ഒരു മാസം മുഴുവൻ ആ നരകത്തിൽ കിടന്നു പൊരിയേണ്ടിവന്നു.

സുപ്രതീക്ഷാമുനമ്പിൽനിന്നടിയ്ക്കുന്ന തെക്കുകിഴക്കൻ കാററ് കിട്ടിയതോടെയാണതിൽനിന്നും രക്ഷപ്പെട്ടതു്. വാസ്ക്കോഡിഗാമ കാററിന്നെതിരെയാണ് കപ്പൽ വിട്ടതു്. ജാൻവാൻ തൻെറ കപ്പൽ കാററിൻെറ സഹായം ആവുന്നത്ര ആഉജിയ്ക്കാൻ ഒന്നു ചെരിച്ചുവിട്ടു.

ജൂലായി മാസത്തിൽ സുപ്രതീക്ഷാ മുനമ്പിലെത്തുന്ന കപ്പലുകൾ മൊസാമ്പിക്കിൽ പോയി വെള്ളവും മററു സാധനങ്ങളും നിറയ്ക്കുന്ന പതിവുണ്ടായിരുന്നു. പക്ഷെ ജാൻവാൻ കപ്പലെവിടെയും അടുപ്പിച്ചില്ല. തെക്കു പടിഞ്ഞാറൻ കാലവർഷക്കാററിൻെറ സഹായത്തോടെ ഒക്ടോബറിനുമുമ്പ് ഇന്ത്യയിലെത്താൻ ധൃതിപ്പെടേണ്ടിയിരുന്നു.

ജൂലായി 25നു തന്നെ കപ്പൽ നട്ടാലിലടുത്തു. അപ്പോഴേയ്ക്കും പല യാത്രക്കാരും അവശരും രോഗികളുമായിക്കഴിഞ്ഞിരുന്നു. സെപ്റ്റ: 21നു കപ്പൽ ഗോവയിലെത്തി. കൂടെപ്പോന്ന 'സാൻ ഫെലിപ്പാ' [San Felipa] കൊച്ചിയിലെത്തിയതു ഏഴുമാസത്തിനുശേഷമാണ്. സൂയസ് കനാൽവഴി ഇന്നു ലണ്ടനിൽനിന്നു ബോംബെയി

ലെത്താൻ വേണ്ടതു പതിനെട്ടുദിവസം മാത്രമാണെന്നോ ക്കുമ്പോൾ ഇതു് അത്ഭുതാവഹമായി അനുഭവപ്പെട്ടും.

ജാൻവാൻ അഞ്ചുകൊല്ലം ഗോവയിൽ കഴിച്ചു അദ്ദേഹത്തെ അനുഗമിച്ചിരുന്ന പുരോഹിതൻ വൈസ്രോയിയെപ്പററി മേലാവിൽ പരാതി ബോധിപ്പിയ്ക്കാൻ നാലുകൊല്ലത്തിനകംതന്നെ നാട്ടിലേയ്ക്കു തിരിച്ചു. തന്മൂലമുണ്ടായ ആധിമൂലം വൈസ്രോയി മരിച്ചു. വഴിയിൽ വെച്ചു പുരോഹിതനും കണ്ണടച്ചു.

ജാൻവാനിൻെറ മടക്കയാത്ര സുഗന്ധദ്രവ്യങ്ങൾ കുത്തിനിറച്ച് കയററിയ കപ്പലിലായിരുന്നു. അതുകൊണ്ടതു കൂടുതൽ ദുഷ്കരമായി തോന്നി. കനം താങ്ങാനാവാതെ എപ്പോഴും കപ്പൽ ചാഞ്ഞും ചെരിഞ്ഞുമാണോടിച്ചിരുന്നതു്. കൂടയിൽനിന്നു പാറിപ്പോയ ഒരു കോഴിയെപ്പിടിയ്ക്കാൻ ഒരു ജോലിക്കാരൻ ഒന്നോടിയപ്പോൾ കപ്പലിൽനിന്നു നിരവധി സാധനങ്ങൾ തുളുമ്പി തെറിച്ചു.

അപകടം നേരിട്ടാൽ കൈഉയർത്തി 'യാഹോവ'യെ വിളിയ്ക്കാൻ മാത്രം അറിയുന്നവരായിരുന്നു അതിലെ ജോലിക്കാർ. ആരും പരിചയസമ്പന്നരായിരുന്നില്ല. കുനിന്മേൽ കുരു എന്ന പോലെ നട്ടാൾ കരക്കടുത്തവെച്ചുത "കാളക്കണ്ണു കൊടുങ്കാററിലും" പെട്ടു. കാളക്കണ്ണിനോളം പോന്ന ഒരു ചെറുതുണ്ടം മേഘം ദൃശ്യമാകുന്നതിനെതുടർന്നാഞ്ഞടിയ്ക്കുന്നതായതുകൊണ്ടാണതിന്നാ പേർ

വീണതു്. ഇംഗ്ലീഷുകാരിൽനിന്നുള്ള ആക്രമണഭീതിയും യാത്രക്കാൎക്കുണ്ടായിരുന്നു. ആറുമാസത്തിനുശേഷമാണു് കപ്പൽ നാട്ടിലെത്തിയതു്. ജാൻവാൻ പിന്നീടു് മൂന്നു കൊല്ലം ടെറിസീറയിൽ ഒരു കുരുമുളകു് ഏജൻറായി കഴിച്ചു. 1592 സപ്റ്റെമ്പറിൽ പന്ത്രണ്ടുകൊല്ലവും ഒമ്പതുമാസവും കഴിഞ്ഞാണു്, ആ സാഹസികനായ സഞ്ചാരി സ്വദേശത്തു് മടങ്ങിയെത്തിയതു്.

—*—

DISTRIBUTING LIBRARY
No.........
KOTTAYAM.

# ഭൂഗോളപ്രദക്ഷിണം

അജ്ഞാതവും അത്ഭുതാവഹവുമായ രഹസ്യങ്ങൾ അലയാഴിയിൽ ഒളിഞ്ഞുകിടപ്പുണ്ട്. ആരുമേതുമറിയാത്തതും ആപൽസമ്പൂർണ്ണവുമാണ് മാർഗ്ഗമെങ്കിലും അവ കൺകുളക്കെ കാണണം. പ്രകൃതിദത്തമായ കാററിനെ മാത്രം അവലംബമാക്കിപോകുന്ന കപ്പലിൽ 1519ൽ പോർത്തുഗീസ്കാരനായ ഫർണാണ്ടസ് മെഗലഹെ ലോകം ചുററുകയെന്ന സാഹസത്തിന്നു പ്രേരിപ്പിച്ചത് മുൻപറഞ്ഞ ചിന്ത മാത്രമാണ്. നാലു പേരറിഞ്ഞാൽ സ്വയം കൊലക്കുകൊടുക്കുന്ന ഈ യത്നത്തെ നിരുത്സാഹപ്പെടുത്തിയാലൊ എന്ന ഭയം കൂടി അദ്ദേഹത്തെ അലട്ടിയിരുന്നു. അതുകൊണ്ടാവുന്നത്ര അദ്ദേഹം അതു ഗോപ്യമാക്കി വെച്ചു.

സുഗന്ധദ്രവ്യങ്ങൾക്ക് സുപ്രസിദ്ധി നേടിയിരുന്ന മൊലൂക്കാദ്വീപുകൾ കണ്ടെത്തുന്നതിൻെറ പേരിലാണ് മെഗലാൻെറ നേതൃത്വത്തിൽ അഞ്ചുകപ്പലുകൾ ഇറങ്ങിതിരിച്ചത്. വിസിൻസക്കാരനായ കാവല്ലറൊ അൻേറാണിയൊ പിഗാഫെററയും മെഗലാൻെറ കൂടെയുണ്ടായിരുന്നു. അദ്ദേഹത്തിൻെറ വിവരണത്തിൽനിന്നാണു ആ സാഹസികസംരംഭത്തെക്കുറിച്ച് കൂടുതൽ അറിയാൻ കഴിയുന്നത്.

ഇരുന്നൂററിമുപ്പത്തിയേഴ യാത്രക്കാരുമായി മെഗലൻെറ കപ്പൽ സമൂഹം 1519 സപ്തെമ്പർ 20ന്നാണ സാൻലൂക്കാറിൽനിന്നു് പുറപ്പെട്ടതു്. എല്ലാ അത്യാപത്തുകൾക്കും ഉപരിയായി പോൎത്തുഗീസ്സുകാരനെന്നനിലയിൽ അനുയായികളുടെ രോഷത്തെക്കൂടി മെഗലനഭിമുഖീകരിയ്ക്കേണ്ടതുണ്ടായിരുന്നു. സപ്തെ: 26ന്നു് കാനറി ദ്വീപുസമൂഹത്തിൽപെട്ട ടെനറീഫിലെത്തി പിന്നീട് കേപ്പ്‌വെർഡ് പിന്നിട്ട് നേരെ തെക്കോട്ടാണു് പോയതു്. ഇക്വിറ്റോറിയൽലൈൻ പിന്നിട്ടപ്പോൾ [വിഷുമണ്ഡലം] മാൎഗ്ഗം കണ്ടെത്താൻ ഏകാവലംബമായിരുന്ന ധ്രുവനക്ഷത്രംപോലും കാണാതായി. ബ്രസീലിനെ ലക്ഷ്യം വെച്ചായിരുന്നു പിന്നത്തെ യാത്ര. അവിടെനിന്നു കഴിയുന്നത്ര കോഴികളേയും, ഉരുളക്കിഴങ്ങു്; കൈതച്ചക്കയും, കരിമ്പും കപ്പലിൽ നിറച്ചു. ഡിസംബർ 13-ാംനു-യാണു് കപ്പൽ റിയൊജാനിവിയൊവിലടുപ്പിച്ചതു്. മദ്ധ്യാഹ്നസൂര്യൻ നേരെ തലയ്ക്കുമീതെ വന്നു നില്ക്കുന്നതുപോലെയായിരുന്നു അപ്പോൾ അവരുടെ അനുഭവം. അത്യുഷ്ണംകൊണ്ടവർ കരുവാളിച്ചു. പതിമൂന്നുദിവസം അവർ റിയൊജാനീരൊവിൽ തങ്ങുകയുണ്ടായി. നീണ്ട ഒരു തരം വീടുകളിലാണു ബ്രസീലുകാർ അക്കാലത്ത് പാൎത്തിരുന്നതു്. നൂറുകണക്കിനാണും പെണ്ണും ഓരോ വീട്ടിലുമുണ്ടായിരുന്നു. കല്ലുകൊണ്ട് മരത്തടി കുഴിച്ചുണ്ടാക്കുന്ന ഒരു തരം ഓടമാണവർ ഉപയോഗിച്ചിരുന്നതു്.

തുടൻനുള്ള യാത്രയിൽ ലാപ്ലാററാനദി അവർ കാണു കയുണ്ടായി. ഈ നദിയിൽ യാത്ര ചെയ്യുമ്പോഴാണ് ജോൺ സിസോളിസും അവപതോളം അനുയായികളും പ്രാകൃതന്മാരാൽ കൊന്നുതിന്നപ്പെട്ടതെന്നു പറയപ്പെടു ന്നു. കടൽക്കരടികളും, പെൻഗ്വിൻപക്ഷികളും ആ പ്ര ദേശത്ത് ധാരാളമാണ്.

സെൻറ് ജൂലിയൻ തുറമുഖത്ത് കപ്പലടുപ്പിച്ചിരി ക്കേയാണ് ജനറൽ മെഗലന്നെതിരായി നാലു ഉപ കേപ്ററന്മാർ ഒരു ഗൂഢാലോചന നടത്തിയതു്. അതു കണ്ടുപിടിക്കപ്പെട്ടു. അവരിൽ രണ്ടുപേരെ കഴുമേൽ തൂക്കി. മററു രണ്ടുപേരെ ഇറക്കി പത്തഗോണിയൻമാ രുടെ ദേശത്തേയ്ക്കോടിച്ചു.

കപ്പൽവ്യൂഹം പിന്നീട് "പതിനൊരായിരം കന്യ കളു"ടെ കടലിടുക്കിൽ [ഇന്നത് മെഗലൻ കടലിടുക്കാ ണു ] പോകുകയുണ്ടായി. പസഫിക്ക് സമുദ്രത്തിലാണ ത് ചെന്നുചേരുന്നതു്. കടലിടുക്കിനെകുറിച്ചന്വേഷി ക്കാൻ സാൻ അന്തോണിയൊ, ലാകൺസെപ്ഷൻ എന്നിവരെയാണ് ജനറൽ മെഗലൻ നിയോഗിച്ചത്. അന്തോണിയൊ കൺസെപ്ഷനെ കാത്തു നില്ക്കാ തെ മുന്നോട്ടുപോയി. കൊടുങ്കാററുകാരണം ആ രണ്ടു കപ്പലുകളും അവിടവിടെ ചുററിത്തിരിഞ്ഞു തിരിച്ചെ ത്തുകയാണുണ്ടായത്. നിരാശരാകാതെ അന്വേഷണം തുടരാനാണ് മെഗലൻ നിർദ്ദേശിച്ചതു്. മൂന്നാംദിവസം കടലിടുക്കിൻെറ ഒരററം കണ്ടു. കാണാനാഗ്രഹിച്ചതെ

ന്നർത്ഥത്തിലുള്ള [The wished for cepe] ഡിസിഡൊമുനമെന്നാണതിന്നവർ പേരിട്ടത്. അവിടെനിന്നും പ്രശാന്തമായ പസഫിക്ക് സമുദ്രത്തിൽ പ്രവേശിച്ചു. മൂന്നുമാസവും ഇരുപതുദിവസവും അവർക്കതിൽ അലഞ്ഞുതിരിയേണ്ടിവന്നു. വെറും പൊടിയും പുഴുവുമായി അവശേഷിച്ചിരുന്ന ഉണക്ക ബിസ്കറ്റ് കണ്ണുംചിമ്മി വിഴുങ്ങിയാണവർ നാൾകഴിച്ചിരുന്നത്. തൊണ്ണു നീരുവന്നു വീങ്ങുന്ന ഒരു തരം ഭീകരദീനം എല്ലാവരേയും പിടികൂടി. ജീവിതത്തിനു ആ നടുക്കടലിൽവെച്ചു യവനിക വീഴുമെന്നുറപ്പായി. നിരാശരായി ഈശ്വരനെ ധ്യാനിച്ചിരിയ്ക്കുവെയാണ് ഒരാശാകിരണം കണ്ണിൽ പെട്ടത് — ഒരു കൊച്ചുദ്വീപ് — കപ്പൽ കരക്കടുത്തതേയുള്ളു. ദ്വീപുനിവാസികൾ കടന്നുവന്നു എല്ലാം കട്ടൊട്ടുക്കി. അതുകൊണ്ടതിനു് മെഗലൻ 'കള്ളന്മാരുടെ ദ്വീപ്' [Islands of the Thieves] എന്നാണ് പേരിട്ടത്. പൊരിയുന്ന ചട്ടിയിൽനിന്നു എരിയുന്ന തീയ്യിൽ വീണ അനുഭവമായിരുന്നു അവർക്കവിടെ. നാട്ടുകാർ തങ്ങളുടെ ജീവൻപോലും കവർന്നെടുക്കുമൊ എന്നു യാത്രക്കാർ ഭയപ്പെട്ടു. അങ്ങിനെ അവർ നടുക്കടലിലേക്ക് രണ്ടും കല്പിച്ച് വീണ്ടും ഇറങ്ങി.

ഫിലിപ്പൈൻസ് ദ്വീപ് സമൂഹത്തിലാണ് പിന്നീടവരെത്തിയതു്. അവിടെ ആദരവും സ്വീകരണവുമാണ് ആദിവാസികളിൽനിന്നു ലഭിച്ചത്. സുബുരാജാവാണ് കൂടുതൽ അടുത്ത സുഹൃൽബന്ധം പ്രദർശിപ്പിച്ച

ത്. അദ്ദേഹം സ്പെയിനിന്റെ അധീശാധികാരംപോലും അംഗീകരിയ്ക്കാൻ സന്നദ്ധനായി. മറെറാരു നാട്ടുവാഴിയുമായുണ്ടായ യുദ്ധത്തിൽ മെഗലൻ സുബുവിനെ സഹായിയ്ക്കുകയും ചെയ്തു. യുദ്ധരംഗത്തുവെച്ച് മഗലൻ കൊല്ലപ്പെട്ടു.

മെഗലനുപകരം ഒഡൊർട്ട്ബാർ ബോസ്സ എന്ന പോർത്തുഗീസുകാരനും, ജൂവാൻസസിരാനൊ എന്ന സ്പെയിൻകാരനുമാണ് തിരഞ്ഞെടുക്കപ്പെട്ടതു്. സ്പെയിൻ രാജാവിനു ചില സമ്മാനങ്ങൾ അയയ്ക്കാനുണ്ടെന്നും അതേറെറുവാങ്ങണമെന്നും ആവശ്യപ്പെട്ടുകൊണ്ടു സബു രാജാവ് പുതിയ കാപ്റ്റൻമാരെ ക്ഷണിച്ചു. രാജാവ് ചതിയ്ക്കാനാണ് വട്ടംകൂട്ടുന്നതെന്നു മനസ്സിലാക്കിയ ചിലർ ക്ഷണനം നിരാകരിച്ചു. കരയിൽപെട്ട ഒരാളെ രാജാവ് തടഞ്ഞുവെയ്ക്കുകയും ചെയ്തു.

അദ്ദേഹത്തെ ഉപേക്ഷിച്ച് അവശേഷിച്ച യാത്രക്കാർ കടലിലിറങ്ങിത്തിരിയ്ക്കുകയാണുണ്ടായതു്. മൊലുക്കാസ്സും തേടിയായിരുന്നു യാത്ര. ബോർണിയൊ വഴി അവർ അവരുടെ ലക്ഷ്യത്തെ വിജയകരമായി പ്രാപിയ്ക്കുക തന്നെ ചെയ്തു. തങ്ങളുടെ പ്രിയപ്പെട്ട നേതാവ് നഷ്ടപ്പെട്ടെങ്കിലും അദ്ദേഹത്തിന്റെ സ്വപ്നം സാക്ഷാത് കരിയ്ക്കപ്പെട്ടു എന്ന അഭിമാനത്തോടുകൂടിയാണ് 1522 സപ്തെമ്പറിൽ ലോകത്തെ വലംവെച്ച ആ ജേതാക്കൾ തിരിച്ചെത്തിയതു്.

—*—

# ഇരുണ്ട വൻകരയിലേയ്ക്ക്

നൺമുനമ്പിന്നപ്പുറം കടന്നാൽ കാപ്പിരികളായി മാറും. അവിടെ സൂര്യൻെറ ദ്രവരൂപത്തിലുള്ള രശ്മികളാണ് കടലിൽ പതിയ്ക്കുന്നത്. ഇരുട്ടുമുററിയ പച്ചക്കടൽപരപ്പാണവിടെയുള്ളത്. അതുകടന്നാലോ കര കാണാനാവാത്ത മണലാരണ്യമാണ്. പിശാചുക്കളും, രാക്ഷസന്മാരുമാണവിടെ തേർവാഴ്ച നടത്തുന്നത്. പുഴകളിൽ മുതലകളും, ഹിപ്പൊപൊട്ടമസ്സുകളും ഉപ്പിലിട്ടതുപോലെ കിടക്കുന്നു—ആഫ്രിക്കയെകുറിച്ചു പ്രചരിച്ചിരുന്ന ഈ യക്ഷികഥകൾ തീർത്ത ഭിത്തിയെ പരിപൂർണ്ണമായും ഭേദിയ്ക്കാൻ ഒരു സംഘടിതശ്രമം നടന്നതു് പോർച്ചുഗലിലെ ഹെൻറി രാജാവിൻെറ കാലത്താണെന്നു പ്രസ്താവിച്ചുവല്ലൊ. അതിന്നുമുമ്പും ആ ഇരുണ്ട വൻകരയെ പാട്ടിലാക്കാൻ ശ്രമം നടന്നിട്ടുണ്ട്.

ബി. സി. 500ൽ കാർത്തജീനിയക്കാരൻ ഹാന്നൊ അറുപതുകപ്പലുകളിലായി ആണും പെണ്ണുമായി 30000 പേരടങ്ങുന്ന ഒരു ജനസമൂഹത്തോടൊപ്പം ആഫ്രിക്കയുടെ പടിഞ്ഞാറൻ കടൽതീരത്ത് പാർപ്പാക്കാൻ പോകുകയുണ്ടായി. അവിടെ അലഞ്ഞുകഴിഞ്ഞിരുന്ന ആദിവാസികൾ അവരെ സഹർഷം സ്വാഗതം ചെയ്തു. പക്ഷെ ഉൾനാട്ടിലേയ്ക്ക് കടന്നപ്പോൾ ഗുഹകളിൽ കഴിച്ചിരുന്ന ഒരു തരം പ്രാകൃതന്മാർ അവരെ പൊറുതി മുട്ടിച്ചുകള

ഞ്ഞു. ഹാനോവും സംഘവും നേരെ തെക്കോട്ടു കപ്പലോടിച്ചു. പിന്നീട് ചെന്നുകയറിയത് ഒരുഗ്രക്കടലിലെ കൊച്ചുദ്വീപിലാണ്. ക്രീൻ എന്നാണവരതിനു പേരിട്ടത്. ഹാന്നൊ തന്റെ അന്വേഷണം മതിയാക്കിയില്ല. തെക്കോട്ടുതന്നെ യാത്ര തുടന്നു. പക്ഷെ കരപററാൻ ശ്രമിച്ചപ്പോഴൊക്കെ പ്രാകൃതന്മാരുടെ കൂട്ടത്തെ എതിർപ്പ് നേരിടേണ്ടിവന്നു. അതിനുംപുറമെ പകൽ ആളനക്കംപോലുമില്ലാത്ത പുൽക്കാടുകളിൽനിന്നു രാത്രി മുഴങ്ങിക്കേട്ട കൊട്ടും കുഴൽവിളിയും കണ്ട ആളിക്കത്തുന്ന തീയും കാർത്തജീനിയൻകാരെ അങ്ങേഅററം പേടിപ്പിച്ചു. പ്രേതഭൂമിയാണെന്ന ധാരണ ശരിയാണെന്നുകൂടി അവരുറപ്പിച്ചു. 'ദൈവങ്ങളുടെ രഥ'മെന്നവർക്കു പേരിടാൻതോന്നിയ ഗിരിശൃംഗത്തിൽനിന്നുയന്ന കരിംപുക പടലം അവരുടെ ഊഹത്തിനുപോൽബലകമായി വത്തിച്ചു. അന്വേഷണത്തിനുള്ള ആവേശം ആറിത്തണുത്തു. കാത്തജീനിയലിലേയ്ക്കു തിരിച്ചുപോരികയും ചെയ്തു. തന്റെ അനുഭവങ്ങളെക്കുറിച്ചനുസ്മരിയ്ക്കുന്ന വിവരങ്ങളെഴുതിവെച്ച ഒരു ശിലാസ്തംഭം നാട്ടിലൊരു ദേവാലയത്തിന്റെ മുന്നിൽ ഹാന്നൊ പ്രതിഷ്ഠിച്ചിട്ടുണ്ട്.

ഹെൻറിയുടെ കാലത്ത് പോത്തുഗീസ്സുകാർ നടത്തിയ അന്വേഷണം അടിക്കടി വിജയിച്ചു മുന്നേറുകയാണുണ്ടായത്. സാർക്കൊ എന്ന പോത്തുഗീസുകാരനാണ് മഡീരിയ കണ്ടെത്തിയതു്. അതിനുള്ള സംരം

ഭം ദുഃഖപര്യവസായിയായ ഒരു പ്രേമകഥയുമായി ബന്ധപ്പെട്ടിരിയ്ക്കുന്നു. മാഷീൻ എന്ന ഒരിംഗ്ലീഷുകാരൻ ബ്രിസ്റ്റളിൽനിന്നു തൻെറ പ്രേമഭാജനത്തോടൊപ്പം ഒളിച്ചോടിപ്പോയി. അവരൊരു കപ്പലിൽ അപരിചിതമായ ഒരു ദ്വീപിൽ ചെന്നുപററി. യാത്രാക്ലേശവും ക്ഷീണാധിക്യവുംമൂലം കാമുകി അധികം താമസിയാതെ കണ്ണടച്ചു. തൻെറ സർവ്വസ്വത്തെ പിരിഞ്ഞ തീരാവ്യഥ കാമുകൻെറ ജീവനും കവന്നു. അവരെ മറവുചെയ്തശേഷം ദുഃഖാത്തരായ പരിചാരകർ തങ്ങളുടെ കപ്പലിൽ തിരിച്ചുപോരുമ്പോൾ കാററും കോളും അവരെ ആഫ്രിക്കൻ കരയിലേയ്ക്കടിച്ചുകൊണ്ടുപോയി. ആഫ്രിക്കൻ കാപ്പിരികൾ അവരെ പിടിച്ചടിമകളാക്കി. ഈ കഥ കേട്ടപ്പോൾ ഹെൻറിക്കാകാപ്പിരികളോടതിയായ അമഷം തോന്നി. ആ കര തിരഞ്ഞുപിടിയ്ക്കാൻ ഒരു സംഘം കപ്പലോട്ടക്കാരെ നിയോഗിച്ചു. അവർ എത്തിപ്പെട്ടത് "മഡീരിയ"യിലാണ്. അവിടെ കട്ടപിടിച്ച കാടായിരുന്നു. ഹെൻറിയുടെ പടയാളികൾ അതിനു തീ കൊളുത്തി. കൊല്ലങ്ങളോളം ആ തീ കെടാതെ കത്തിയത്രെ. ആ വെണ്ണീറുകലന്ന വളക്കൂറുള്ള മണ്ണിൽ പോത്തുഗീസ്സുകാരുടെ കരിമ്പും മുന്തിരിവള്ളിയും കിളുത്തു തഴച്ചു. അവരുടെ ആദ്യത്തെ കോളണി അവിടെ ഉയരുകയും ചെയ്തു. ഹെൻറിയുടെ കപ്പൽ വ്യൂഹം പിന്നേയും അന്വേഷണം തുടന്നു. ബൊജാഡർ മുനമ്പ് [ഇംഗ്ലീ

ഷിൽ പോഞ്ചു മുനമ്പ്] കടക്കാൻ അവർക്കും പേടിയുണ്ടായിരുന്നു. അന്ധവിശ്വാസമാണവരെ പിടിച്ചുനിർത്തിയിരുന്നത്. കരയിൽ വളരെ ദൂരം ആഴംകുറഞ്ഞതായിരുന്നു എന്നതും ഇതിന്നു കാരണമായി. ഗിൽ എന്നസ്സ് എന്ന ക്യാപ്റ്റനാണത് സധൈര്യം നിർവ്വഹിച്ചത്. അങ്ങേപ്പുറത്ത് സുഗമമായി സഞ്ചരിയ്ക്കാവുന്ന നല്ല സമുദ്രമാണെന്നദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തു. ഗില്ലിൻെറ സാഹസികതയെ പോലും നാണിപ്പിയ്ക്കുമാറ് ആവരിൽപെട്ട ന്യൂനൊടിസ്റ്റാം എന്ന വെഞ്ചുറക്കാരൻ ബ്ലാങ്കൊ മുനമ്പും പിന്നിട്ട് മരുഭൂമിയ്ക്കപ്പുറത്തുള്ള കാപ്പിരികളുടെ ജന്മഭൂമിയിൽ ചെന്നുപററി. അദ്ദേഹമാണ് വേർഡ് [Verd] മുനമ്പും കടന്നതു്. അവിടെവെച്ചദ്ദേഹം ആദിവാസികളാൽ കൊല്ലപ്പെട്ടു. അദ്ദേഹത്തിൻെറ കൂടെ ഏഴുപേർ മാത്രമാണുണ്ടായിരുന്നത്. അവരിൽ രണ്ടുപേർ വിഷലിപ്തമായ ശരമേററുണ്ടായ വ്രണംമൂലം പിന്നീട് മരിച്ചു. ശേഷിച്ചവരെക്കുറിച്ച് പിന്നീടൊരുവിവരവും കിട്ടിയില്ല.

അത്തരം കനത്ത നഷ്ടങ്ങൾ പലതും അനുഭവിച്ചുകൊണ്ടാണ് പോർത്തുഗീസ് ക്യാപ്ടൻന്മാർ ഗിനിയ കരയെക്കുറിച്ചന്വേഷിച്ചത്. അവരുടെ സുധീരവും സാഹസസമ്പൂർണ്ണവുമായ സംരംഭങ്ങൾ സുപ്രസിദ്ധിയാർജ്ജിച്ചു. വെനീഷ്യൻ കച്ചവടക്കാരനായ കഡാമൊസ്റ്റൊ അക്കാലത്ത് അവിചാരിതമായി സെഗേർസ് സന്ദർശി

യ്യുകയുണ്ടായി. ഫ്റാൻസിലേക്ക് പോകുകയായിരുന്ന അദ്ദേഹത്തിൻെറ കപ്പൽ കൊടുങ്കാററിൽപെട്ടവിടെ അണയുകയാണുണ്ടായതു്. ഗിനിയയിൽനിന്നുള്ള ചരക്കും കയററി തുറമുഖത്തു വന്നുകിടക്കുന്ന കപ്പലുകൾ അദ്ദേഹത്തിൻെറ ദൃഷ്ടിയിൽപ്പെട്ടു. തുടന്നു സ്വന്തം ചിലവിൽ ഗിനിയയിലേക്കൊരു കച്ചവടയാത്ര നടത്താനുള്ള അനുമതി അദ്ദേഹം നേടുകയും ചെയ്തു.

കഡാമൊസ്റ്റൊ അന്നത്തെ ആഫ്രിക്കയെക്കുറിച്ചു് നൽകുന്ന വിവരണമിതാണു്: നൺമുനമ്പുതൊട്ടു ബ്ലാൻകൊ മുനമ്പുവരെ നീണ്ടുനിവന്നുകിടക്കുന്ന മണൽക്കാടല്ലാതെ മറെറാന്നും കാണില്ല. അവിടവിടെ കാണുന്ന പ്രാകൃതരായ നീഗ്രൊ വംശക്കാർ കാലികളെയും ഒട്ടകങ്ങളേയും മേച്ചും ആശ്രയിച്ചുമാണു് കാലയാപനം കഴിക്കുന്നതു്. ബ്ലാങ്കൊ മുതൽ സെനിഗൽവരെ അപരിഷ്കൃതരരായ മൂറുകളാണുള്ളതു്. നീഗ്രോകളും മൂറുകളും തമ്മിൽ പല ഇടവാടുകളും നടത്താറുണ്ടു്. അവിശ്വസനീയമായി തോന്നാവുന്ന അസാധാരണമായൊരു സമ്പ്രദായത്തിലാണവ നടത്താറുള്ളതു്. ഉപ്പും സ്വർണ്ണവും അവർ മാററക്കച്ചവടം നടത്തുന്നതിങ്ങിനെയാണു്. മൂറുകൾ ഉപ്പുമായി വന്നു മരുഭൂമിയിൽ നീഗ്രോകൾക്കറിയുന്ന ഒരിടത്തു് വെച്ചുപോകും. നീഗ്രോകൾ വന്നു ഏതാണ്ടതിനു മാററം കൊടുക്കാവുന്നത്ര സ്വർണ്ണം അതിന്നടുത്തുവെക്കും. മൂറുകൾ വന്നുനോക്കി തൃപ്തിയായാൽ

സ്വർണ്ണം എടുക്കും. ഇല്ലെങ്കിൽ അവർ രണ്ടു സാധനങ്ങളും തൊടില്ല. നീഗ്രോകൾ വീണ്ടും വന്നു തൃപ്തിയാകാൻ മാത്രം സ്വർണ്ണം വെച്ചാൽ മാത്രമെ അവരതെടുക്കൂ. പിന്നെ ഉപ്പ് നീഗ്രോകളും സ്വീകരിയ്ക്കും.

സെനിഗൽവരെയുള്ള സ്ഥലം വരണ്ടതാണ്. പുഴയുടെ തെക്കൻഭൂവിഭാഗം ഫലവത്തായതാണ്. അവിടെ നീണ്ട ആകാരത്തോടുകൂടിയ നീഗ്രോ വംശക്കാർ ഗ്രാമങ്ങളിലായി കൃഷിചെയ്തു ജീവിയ്ക്കുന്നു. നീഗ്രോ ഗോത്രങ്ങൾ തമ്മിൽതമ്മിൽ ഏററമുട്ടാറുണ്ട്. പോർത്തുഗീസുകാർ നരഭുക്കുകളാണെന്നാണവരുടെ ധാരണ".

1460-ൽ ഹെൻറി രാജാവ് കാലഗതിയടഞ്ഞു. മഹത്തരങ്ങളായ അദ്ദേഹത്തിൻെറ നേട്ടങ്ങളുടെ പേരിൽ ചരമത്തിൽ നാടാകെ വിലപിച്ചു. പുതിയ പ്രദേശങ്ങൾ അന്വേഷിച്ചു കണ്ടെത്താനുള്ള അന്നത്തെ പോർച്ചുഗലിൻെറ അടങ്ങാത്ത ആസക്തി ഉണർത്തിയതും വളർത്തിയതും അദ്ദേഹമാണ്. അദ്ദേഹത്തിൻെറ കാലശേഷവും അതു കുറെക്കാലം നിലനിന്നു. 1461-ൽ പെഡ്രോഡിസിൻത്ര അഫ്റിക്കയിൽ കഡാമൊസ്റ്റോ പിന്നിട്ടതിലും അറുനൂറുനാഴിക അധികം ഉള്ളിലേയ്ക്ക് സഞ്ചരിയ്ക്കുകയുണ്ടായി. മലകളിൽ മുഴങ്ങിനടക്കുന്ന ഇടിശബ്ദംകേട്ടു "സീരാലിയൻ" എന്നവിടത്തെ മലനിരകൾക്ക് പേരിട്ടതദ്ദേഹമാണ്. 1470-ൽ ഫെർനാണ്ടൊചൊ എന്ന മറെറാരു സഞ്ചാരി തെക്കുപടിഞ്ഞാ

റൻ തീരത്തുള്ള ഒരു ദ്വീപ് കണ്ടെത്തുകയുണ്ടായി. ആ ദ്വീപിന്ന് പിന്നീടദ്ദേഹത്തിൻെറ പേർ വീണു. 1475 ആവുമ്പോഴേയ്ക്കു് പോർത്തുഗീസ്സുകാർ മദ്ധ്യരേഖാ പ്രദേശത്തെ പിന്നിട്ടു കഴിഞ്ഞിരുന്നു.

ആഫ്റിക്കയുടെ പടിഞ്ഞാറൻതീരം അക്കാലത്ത് മഹാമാറികളുടെ കൂത്തരങ്ങായിരുന്നു. അവിടം സന്ദർശിയ്ക്കുന്ന കപ്പൽയാത്രക്കാരിൽ നല്ലൊരുഭാഗത്തെ അവ തട്ടിയെടുത്തുകൊണ്ടിരുന്നു. ഗിനിയ തീരത്തേയ്ക്കു് നാടുകടത്തുമെന്നാണു് കൃസ്ത്യാനികളാവാൻ തയ്യാറില്ലാത്ത ജൂതരെ പോർച്ചുഗലിലെ ജോൺ രണ്ടാമൻ ഭീഷണിപ്പെടുത്തിയിരുന്നതു്. അവിടെക്കണ്ട വെളുത്ത മനുഷ്യന്മാർ ശവക്കല്ലറയിൽനിന്നെഴുന്നേററുവന്നവരെപ്പോലെയിരുന്നു എന്നു് ഒരിററാലിയൻ സന്യാസി പ്രസ്താവിച്ചിട്ടുണ്ട്. അവിടുത്തെ നിവാസികളായ നീഗ്രോകൾ എല്ലാ രോഗത്തിനും പ്രേതങ്ങളാണെന്നു വിശ്വസിയ്ക്കുന്നവരായിരുന്നു. മരണംപോലും പ്രേതങ്ങളുടെ പ്രവൎത്തനഫലമാണെന്നവർ കരുതിവന്നു. പ്രേതങ്ങളെ വശീകരിയ്ക്കാൻ പൂജകളും നരബലിയും സൎവ്വസാധാരണമായിരുന്നു. പൂജയ്ക്കുശേഷം മരണകാരണം മന്ത്രവാദികൾ തുള്ളിപ്പറയുന്നു: അതിൽ കാരണക്കാരായി ആരെയെങ്കിലും ചൂണ്ടിക്കാണിക്കപ്പെട്ടാൽ, അവരുടെയൊക്കെ ജീവൻ അപകടത്തിലാവുകയായി. പ്രേതഭീതിയാണ വരെ കടുത്ത പാതകങ്ങൾ ചെയ്യാൻ പ്രേരിപ്പിച്ചിരുന്ന

ത്. കൃഷിയാണു നീഗ്രോകളുടെ പ്രധാന തൊഴിൽ. നേന്ത്രവാഴയും മാനിയോക്ക്കിഴങ്ങുമാണ് പ്രധാന ഉല്പന്നങ്ങൾ.

ആഫ്റിക്ക കണ്ടെത്തുന്നതിൽ മുൻനിന്നവർ പോർത്തുഗീസ് യാത്രക്കാരാണെന്നു പറഞ്ഞുവല്ലോ. അവരിൽ പലരും സന്ദർശനവിവരം അതാത് സ്ഥലങ്ങളിൽ കൊത്തിവെച്ചിട്ടുണ്ട്. കൊങ്കൊ നദീമുഖത്തുള്ള യലാലാ വെള്ളച്ചാട്ടത്തിന്നടിയിൽ പാറമേൽ ഇങ്ങിനെ കൊത്തിവെച്ചതായി കാണപ്പെട്ടിരുന്നു. "ജോൺ രാജാവിന്റെ കപ്പലുകൾ ഇവിടെ വന്നു" കോങ്കൊ നദിയിലൂടെ യലാലവരെ കപ്പൽ നിരയെ വിട്ട ഡിയാഗൊ കാമൊ കൊത്തിവെപ്പിച്ചതാണെന്നാണറിയുന്നത്. സന്ദർശനവിവരം കൊത്തിവെപ്പിയ്ക്കുന്ന സ്തംഭങ്ങളെ 'പഡ്രോസ്' [Padros] എന്നാണവർ വിളിച്ചിരുന്നത്. ഡിയാഗൊ കാമൊ മറെറാരു സ്തംഭം ഷാക്ക് പോയിൻറിലും സ്ഥാപിച്ചിരുന്നു. ഇരുനൂറു കൊല്ലങ്ങൾക്കുശേഷം അതിൽ ആയുധങ്ങളുടെ അടയാളങ്ങൾ മാത്രം അവശേഷിച്ചു. സെൻറ് മേരി, ക്രോസ്സ് എന്നീ മുനമ്പുകളിലും ഇത്തരം സ്തംഭങ്ങളുണ്ടായിരുന്നു. ഇതിലാദ്യത്തെ സ്തംഭം ഇന്നും ലിസ്ബണിലെ കാഴ്ചബംഗ്ലാവിലുണ്ടെന്നാണറിയുന്നത്

ആഫ്റിക്കാ വൻകരയുടെ ഉൾപ്രദേശങ്ങളെക്കുറിച്ചന്വേഷിയ്ക്കുന്നതിൽ അവിസ്മരണീയമായ പങ്കാണ് മങ്കൊപാർക്കെന്ന സ്കോട്ടിഷുഡാക്ടർ വഹിച്ചതു്.

ഗാമ്പിയനദിയിലൂടെ യാത്രചെയ്തിട്ടാണദ്ദേഹം ആഫ്രിക്കയുമായിടപഴകിയത്. നദീമുഖത്തുള്ള പിസാനിയയിൽ കുറെക്കാലം പാർത്തു മാൻഡിംഗ് ഭാഷയും സാമൂഹ്യാചാരങ്ങളും പഠിയ്ക്കുകയുണ്ടായി. പിന്നീടദ്ദേഹം പല ഗോത്രത്തലവന്മാരുമായും പരിചയപ്പെട്ടു. ചിലരദ്ദേഹത്തെ സഹർഷം സ്വാഗതം ചെയ്തു. ചിലർ തമ്മിലുള്ള ശത്രുത അദ്ദേഹത്തിൻെറ യാത്രയ്ക്കു് തടസ്സം വലിച്ചിട്ടു. ഉദാഹരണമായി കാർതാ രാജാവ് സ്നേഹപൂർവ്വം സ്വീകരിച്ചതുകൊണ്ട് ആ രാജാവിൻെറ ശത്രുവായ ബമ്പാറാ രാജൻെറ നാട്ടിൽ കാൽകുത്തുന്നത് അപകടകരമാണെന്നു മാങ്കൊ പാർക്കിനെ സുഹൃത്തുക്കൾ വിലക്കയുണ്ടായി. മൂർവംശജനായിരുന്ന അലിയുടെ ആധിപത്യത്തിലൂടെ ലുഡാമാറിൽവെച്ച് അപമതി അനുഭവിയ്ക്കേണ്ടിവന്നു. അലിയുടെ ഭാര്യ ഫാത്തിമ മാത്രമാണദ്ദേഹത്തിനെ തെല്ലെങ്കിലും സഹായിച്ചത്.

പ്രകൃതികോപത്തേയും പലപ്പോഴും അദ്ദേഹത്തിനു നേരിടേണ്ടിവന്നിരുന്നു. ഒരിയ്ക്കൽ 'മണൽ കൊടുങ്കാററി'ൽപെട്ടു മൃതപ്രായനായി. പകൽ മൂറുകളുടേയും രാത്രി വന്യമൃഗങ്ങളുടേയും ആക്രമണത്തെ അദ്ദേഹത്തിന്നെപ്പോഴും ഭയപ്പെടേണ്ടതുണ്ടായിരുന്നു. പലപ്പോഴും മെക്കയിലേക്കുള്ള തീർത്ഥാടനക്കാരനായി അഭിനയിച്ചിട്ടാണ് നാട്ടുകാരുടെ സഹായം നേടിയിരുന്നത്. നൈഗർനദിയും അദ്ദേഹം തരണംചെയ്യുകയുണ്ടായി. നൈഗറി

ൻെറ മറുകരയിലായിരുന്ന സീഗൊ പട്ടണം. അവിടേ യ്ക്കുള്ള പ്രവേശനം നിഷേധിയ്ക്കപ്പെട്ടു. തിരിച്ചുപോ രേണ്ടിവന്നെങ്കിലും 1805ൽ വീണ്ടും അദ്ദേഹം ആ നദി സന്ദർശിയ്ക്കുകയുണ്ടായി. പിന്നീട് അദ്ദേഹം തിരിച്ചുവ ന്നിട്ടില്ല. നാട്ടുകാർ ആക്രമിച്ചതുകൊണ്ട് പുഴയിൽവെ ച്ചദ്ദേഹത്തിൻെറ അനഘമായ ജീവിതം അവസാനിച്ചു വെന്നാണറിയുന്നത്.

—*—

# ലാവിംഗ് സ്റ്റോണും 'ശബ്ദിയ്ക്കുന്ന പുകപടല'വും

ലാവിംഗ് സ്റ്റോൺ എന്ന മറെറാരു സ്കോട്ടിഷ് കാരനും ആഫ്രിക്കയിൽപോയി അന്വേഷണം നടത്തുകയുണ്ടായി. മതപ്രചരണാർത്ഥം അദ്ദേഹം കൽഹാരിയുടെ തെക്കൻ അതിർത്തിയിൽ പ്രവർത്തിയ്ക്കുകയായിരുന്നു. 1849ൽ സ്റ്റോൺ കൽഹാരി തരണംചെയ്യാൻ ശ്രമിച്ചു. യാത്രയിൽ ജലക്ഷാമം കാരണം ദാഹിച്ച് പൊരിഞ്ഞു മരിയ്ക്കുമെന്ന ദാരുണാവസ്ഥവരെ അഭിമുഖീകരിയ്ക്കേണ്ടിവന്നു. അവയോടൊപ്പം ജീവികളെ കടിച്ചുകൊല്ലാൻ കഴിവുള്ള ഒരു തരം ഈച്ചകളുടെ ആക്രമണവും. ഈ തടസ്ഥങ്ങളെല്ലാം അതിജീവിച്ചുകൊണ്ട് സ്റ്റോൺ ഡോങ്ങ്നദിയും ബാലൊണ്ട, ലൊഅണ്ട തുടങ്ങിയ പ്രദേശങ്ങളും സന്ദർശിയ്ക്കുകയുണ്ടായി. സാമ്പെസി പുഴയിൽ മുതലകളുടെയും ഹിപ്പൊപൊട്ടേമസ്സുകളുടെയും ഇടയിലൂടെയാണദ്ദേഹം യാത്രചെയ്തിരുന്നത്.

മക്കലൊലൊ ഗോത്രക്കാരായ ആദിവാസികളിൽ പെട്ടവരാണക്കാലത്തദ്ദേഹത്തെ സഹായിച്ചിരുന്നത്. അവരിൽനിന്നദ്ദേഹം "ശബ്ദിയ്ക്കുന്ന പുകപടല"മെന്ന ഒരത്യത്ഭുതത്തെക്കുറിച്ച് കേട്ടു. എന്തുചെയ്തും അതൊന്ന് സന്ദർശിയ്ക്കണമെന്നദ്ദേഹം നിശ്ചയിച്ചു. കാലായി എന്ന സ്ഥലത്തുനിന്നു ഇരുപതുനിമിഷനേരം പുഴയിലൂ

ടെ സഞ്ചരിച്ചപ്പോഠം 'പുകപടലം'പോലെ അഞ്ചാറു നാഴിക ഉയൎന്നുയൎന്നുപോകുന്ന ആ മനോഹരദൃശ്യം പ്രത്യക്ഷമായി. താഴെ വെണ്മയേറിയും മേലെ ഇരുളടഞ്ഞുമാണതു് തോന്നിയതു്. സ്റ്റോൺ അതിൻെറ വിവിധ വശങ്ങഠം തോണിയിലും നടന്നും കയറിയുമിറങ്ങിയും കഴിയാവുന്നേടത്തോളം സനിഷ്കൎഷം പരിശോധിച്ചു. സാമ്പേസി നദി മദ്ധ്യപീഠഭൂമിയിലെ സമനിരപ്പു സ്ഥലത്തുനിന്നു ഒരു പാറക്കെട്ടിൽ മുട്ടി കുത്തനെ താഴോട്ടു് അലറിക്കൊണ്ടു് വീഴുമ്പോഴുണ്ടാവുന്ന "വിക്ടോറിയാ വെള്ള"ച്ചാട്ടമാണതു്. അതു് സന്ദൎശിയ്ക്കാൻ ഭാഗ്യമുണ്ടായ ആദ്യത്തെ യൂറോപ്യൻ അദ്ദേഹമാണെന്നു പറയാം. അദ്ദേഹം പതിനാറുകൊല്ലം ആഫ്രിക്കയിൽ കഴിച്ചുശേഷം ഇംഗ്ലണ്ടിലേയ്ക്കു് തിരിച്ചുപോയി.

1858ൽ സ്റ്റോൺ വീണ്ടും ആഫ്രിക്ക സന്ദൎശിച്ചു. സാമ്പെസിയുടെ താഴെ ഭാഗത്തെക്കുറിച്ചന്വേഷണം നടത്തിയതും, വടക്കുനിന്നു അതിൽ വന്നുചേരുന്ന ഷയർ നദിയിലൂടെ കപ്പൽയാത്ര ചെയ്തതുമൊക്കെ അക്കാലത്താണു്. നയാൻസ തടാകവും അദ്ദേഹം സന്ദൎശിയ്ക്കുകയുണ്ടായി. നയാൻസയിൽവന്നു ചേരുന്ന എല്ലാ നദികളെക്കുറിച്ചും അദ്ദേഹത്തിന്നന്വേഷണം നടത്തണമെന്നുണ്ടായിരുന്നു. ബ്രിട്ടീഷ് ഗവൎമ്മേണ്ടിൻെറ ധനസഹായവും അദ്ദേഹത്തിനുണ്ടായിരുന്നു. 1865ൽ ഇംഗ്ലണ്ട് സന്ദൎശിച്ചു് തിരിച്ചെത്തിയശേഷമാണദ്ദേഹം ബാങ്കവിയ്യൊ

ലൊ തടാകം കണ്ടെത്തിയത്. അഞ്ചുവൎഷക്കാലം 'ടാങ്കനിക്കയുടെ തീരപ്രദേശത്തദ്ദേഹം അലഞ്ഞുതിരിഞ്ഞു. അദ്ദേഹത്തിന്റെ സാധനങ്ങളൊക്കെ അക്കാലത്ത് കവൎച്ചചെയ്യപ്പെട്ടു. അനുയായികളും ദാസന്മാരും കയ്യൊഴിച്ചു. പനിയും പട്ടിണിയും പിടികൂടി. അറബ് കച്ചവടക്കാരിൽനിന്നു അദ്ദേഹം മരിച്ചുപോയെന്ന വാൎത്തകൂടി കേൾക്കാൻ തുടങ്ങി. 1871ൽ സ്റ്റാൻലി എന്നൊരാൾ അദ്ദേഹത്തെക്കുറിച്ചു അന്വേഷിയ്ക്കാൻ പുറപ്പെട്ടു. അന്നു സ്റ്റോൺ ഉജ്ജീജിയിൽ രോഗശയ്യയിലായിരുന്നു. ആരോഗ്യം പൂൎണ്ണമായും തിരിച്ചുകിട്ടുന്നതിന്നു മുമ്പ് വീണ്ടും അദ്ദേഹം തന്റെ പ്രവൎത്തിയിൽ നിരതനായി. കോങ്കോവിന്റെ ഉൽഭവകേന്ദ്രങ്ങളും ശാഖോപശാഖകളും മററും കണ്ടെത്തുകയായിരുന്നു ഉദ്ദേശം. 1873 മെയ്മാസത്തിൽ ബാങ്ങ്‌വിയെലൊ തടാകത്തീരത്തൊരു കുടിലിൽവെച്ചദ്ദേഹം എന്നേയ്ക്കുമായി കണ്ണടച്ചു. സ്റ്റോണിന്റെ കാലംതൊട്ടാണ് ആഫ്രിക്കയിൽ ഇംഗ്ലീഷുകാർ പടിഞ്ഞാറൻതീരത്തും ജൎമ്മൻകാർ കിഴക്കൻ തീരത്തും കുടിയേറിപ്പാൎക്കാൻ തുടങ്ങിയത്.

—*—

# നൈലും കോങ്കോവും

അതിപുരാതനവും വിശിഷ്ടവുമായ ഒരു സംസ്കാരമാണു് നൈൽ നദീതടത്തിനുള്ളത്. ആതൻസിനും റോമിനും അടിയത്തറയിടുന്നതിനുമുമ്പെ നൈൽ താഴ്വരകളിൽ പട്ടണങ്ങളുണ്ടായിരുന്നതായി പറയപ്പെടുന്നു.

പക്ഷെ നൈൽ എവിടെനിന്നു വരുന്നു എവിടേയ്ക്കുപോകുന്നു എന്നൊന്നും അന്നും ലോകം മനസ്സിലാക്കിയിരുന്നില്ല. അവിടത്തെ നിവാസികൾ തന്നെ അതിലത്രയധികം താല്പര്യം പ്രദർശിപ്പിച്ചിരുന്നതുമില്ല. നദി വർഷംതോറും കരകവിഞ്ഞൊഴുകി അവരുടെ കൃഷിയിടങ്ങളെ ഫലവത്താക്കാറുണ്ടു്. പിന്നെയെന്തിനവർ കൂടുതൽ ചിന്തിയ്ക്കണം?

പേർസ്യൻ രാജാവ് ഈജിപ്ത് ആക്രമിച്ചപ്പോൾ അദ്ദേഹത്തിന്റെ പട്ടാളം എത്യോപ്യയിലെത്താൻ ഒരു ശ്രമം നടത്തുകയുണ്ടായി. നൂബിയൻ മരുഭൂമിയിലെ കൊടും ചൂടിൽ അവരലഞ്ഞുതിരിഞ്ഞു. അവസാനം വിശപ്പും ദാഹവും സഹിയ്ക്കാതെ അന്യോന്യം കൊന്നും തിന്നും മുടിഞ്ഞു. നീറൊ ചക്രവർത്തിയുടെ റോമൻസേനയും അത്തരം ഒരു സാഹസത്തിനു മുതിർന്നു. നൈൽ നദീതടത്തിലെ ചളിക്കുണ്ടുകൾ പിന്നിടുന്നതിലാണവർ പരാജയപ്പെട്ടത്.

1622ൽ ലൊബൊ എന്ന ഒരു പോർത്തുഗീസ്സുകാരൻ ജെസ്യൂട്ട് പാതിരി അബിസീനിയ സന്ദർശിയ്ക്കുകയുണ്ടായി. അബ്സീനിയയെക്കുറിച്ചും അവിടത്തെ ജനങ്ങളെക്കുറിച്ചും അദ്ദേഹത്തിൻെറ ഓമ്മക്കുറിപ്പുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. നൈൽ പിറവിയെടുക്കുന്നതു് പടിഞ്ഞാറൻ അബ്സീനിയയിലെ ഒരു മലഞ്ചെരുവിൽ നിന്നാണെന്നാണദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത് നാലു ദിവസം നടന്നുതീക്കാനുള്ള വഴി പിന്നിട്ടശേഷം സെനാ [Tsana] തടാകത്തിൻെറ അററത്തേയ്ക്കാണത്രെ അതൊഴുകുന്നത. ഒമ്പതുകൊല്ലക്കാലം ലൊബൊ അബ്സീനിയയിൽക്കഴിച്ചു മതപ്രചരണം നടത്തി. പുതിയൊരു ഭരണാധികാരി സിംഹാസനത്തിലെത്തിയപ്പോഠം അദ്ദേഹം നിഷ്ക്കാസിതനായി. തുക്കിക്കാർ അദ്ദേഹത്തെ പിടിച്ചടിമയാക്കി. അവിടെനിന്നു ചാടി രക്ഷപ്പെട്ടു കടലിലൂടെയും കരയിലൂടെയും യാത്രചെയ്തു നിരവധി ആപത്തുകളെ അതിജീവിച്ചാണു് നാട്ടിലെത്തിയത്.

റോബട്ട് ബ്രൂസ് എന്ന സ്കോട്ടിഷ് സഞ്ചാരി 1770ൽ അബിസ്സീനിയ സന്ദർശിയ്ക്കുകയുണ്ടായി. നൈലിൻെറ ഉറവിടം അദ്ദേഹവും സന്ദർശിച്ചു. താനാണാസ്ഥലം ആദ്യം സന്ദർശിച്ചതെന്നായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം. പക്ഷെ ഫ്റാൻസിൽവെച്ച് ഡി എൻവില്ല എന്ന പടം വരക്കാരനെ കണ്ടപ്പോഴാണാ തൻെറ ധാരണ അബദ്ധമാണെന്നു മനസ്സിലായത്. ഡി എൻ

വില്ല ലോബൊ പാതിരിയുടെ നിർദ്ദേശാനുസരണം നൈൽതടത്തിൻെറ പടം വൃത്തിയായി എഴുതിവെച്ചിരുന്നു.

നൈൽനദിയിലൂടെ ഉടനീളം സഞ്ചരിച്ച് അതിൻെറ ഉറവിടവും മററു ചുററുപാടുകളും മനസ്സിലാക്കുകയെന്നത് അസാദ്ധ്യമായിരുന്നു. അസ്വാനിനും ഖാർതൂമിനുമിടക്കുള്ള പാറക്കെട്ടുകൾ തീർത്ത ക്രൂററൻ വെള്ളച്ചാട്ടങ്ങളാണതിനു പ്രധാന പ്രതിബന്ധം. നദിയിലുടനീളം നിരവധി അടിയോളം കട്ടിയിൽ കിടക്കുന്ന പായലാണ് മറെറാരു തടസ്ഥം. 'സഡ്ഡ്' എന്നാണതിനു പേർപറഞ്ഞുവന്നിരുന്നത്. കൊല്ലങ്ങൾക്കു മുമ്പ് ഈ പായൽ ഭിത്തിയുടെ മാറിലൂടെ ഒരു തോടു കീറുകയുണ്ടായി.

1857ൽ സാൻസിബാറിൽനിന്നു അന്വേഷണമാരംഭിച്ച ലഫ്ടനൻറ് ബട്ടനും, സ്പെക്കുമാണു യഥാർത്ഥത്തിൽ നൈലിൻെറ നാലതിരുകൾ കണ്ടെത്തുന്നതിലേറെക്കുറെ വിജയിച്ചത്. ആദ്യം ടാങ്കനിക്കാ തടാകം സന്ദർശിച്ച വെള്ളക്കാരവരാണെന്നു പറയപ്പെടുന്നു. ലഫ: ബെട്ട് അവിടെവെച്ച് കിടപ്പിലായി. സ്പേക്ക് വടക്കോട്ട് അന്വേഷണം തുടൎന്നു. അദ്ദേഹത്തോടൊപ്പം ക്യാപ്ററൻ ഗ്രാൻറും ഇരുനൂറു ജോലിക്കാരുമുണ്ടായിരുന്നു. മാസായി യോദ്ധാക്കളുടേയും അറബി അടിമക്കച്ചവടക്കാരുടേയും ആക്രമണം കാരണം വിക്ടോറിയ

നയാൻസാതീരത്തെത്തുകയെന്നതു് വളരെ വിഷമകരമായിരുന്നു. ജോലിക്കാരിൽ നിരവധി പേർ തിരിച്ചോടി. വെള്ളപ്പൊക്കം കാരണം സഹിച്ച നാശനഷ്ടങ്ങൾക്ക് കയ്യും കണക്കുമില്ല. കുറെ പേർ പനി പിടിച്ച കിടപ്പിലായി.

സ്പീക്കിനും രോഗം ബാധിച്ചിരുന്നു. റുമാനികാ നാടുവാഴിയുടെ സംരക്ഷണയിലാണദ്ദേഹം രോഗശയ്യയിൽ കഴിച്ചതു്. പിന്നീടദ്ദേഹം ഉഗണ്ട രാജാവിനെ സന്ദർശിച്ചു. അവിടെയും അദ്ദേഹവും സംഘവും സ്വാഗതംചെയ്യപ്പെട്ടു. ഉഗണ്ട പിൽക്കാലത്ത് ബ്രിട്ടീഷ് കാരുടെ കുടിയേറിപ്പാപ്പ് കേന്ദ്രമായി.

1892 ജൂലായിൽ സ്പീക്ക് വിക്ടോറിയാ നയാൻസിൽനിന്നു നദി പുറപ്പെടുന്ന റിപ്പൺ വെള്ളച്ചാട്ടം സന്ദർശിച്ചു. ആ സ്ഥലത്തുനിന്നു താഴോട്ടു് യാത്രചെയ്യാൻ സ്പീക്കും സംഘവും മുതിർന്നു. പക്ഷെ നാട്ടുകാർ അനുവദിച്ചില്ല. അതുകൊണ്ട് മറെറാരുവഴിയ്ക്കു് തിരിച്ചാണു് ആൽബട്ട് നയാൻസിലെത്തിയതു്. ഗൊണ്ടോകൊരൊ എന്ന സ്ഥലത്തുവെച്ചു് നൈലിനെക്കുറിച്ചന്വേഷണം നടത്തുന്നതിൽ വ്യാപൃതനായ സാമുവലിനേയും അദ്ദേഹത്തിൻെറ ധീരയായ ഭാര്യയേയും സ്പീക്ക് കണ്ടുമുട്ടി. അത്ഭുതാവഹമായ അനുഭവങ്ങളാണവർക്കുണ്ടായിരുന്നതു്. നഗ്നരും, മൃഗപ്രായരുമായ ചില ആദിവാസികളേയും, അവരുടെ മഴപെയ്യിയ്ക്കുന്ന പുരോഹിതന്മാരെ

യും അദ്ദേഹം മാർഗ്ഗമദ്ധ്യത്തിൽ കണ്ടുമുട്ടുകയുണ്ടായി ലിവിംഗ്സ്റ്റോണിൻെറ സഹപ്രവർത്തകനായിരുന്ന സ്റ്റാൻലിയാണു് കോങ്കോ നദിയെ പിന്തുടൎന്നു് അത്ലാന്തിക്ക് വരെ യാത്രചെയ്യുന്നതിൽ വിജയിച്ചതു്. ഇക്വെറ്ററിഡ ഗവർണ്ണരായിരുന്ന സ്റ്റിൻസർ എന്ന ഒരു ജൎമ്മൻ ഡാക്ടരുടെ വിവരമൊന്നും അറിയാതായപ്പോഴാണു് സ്റ്റാൻലി അന്വേഷണത്തിന്നിറങ്ങിയതു് സ്റ്റിൻസറെ "എമിൻപാഷ"യെന്നപേരിലാണറിയപ്പെട്ടിരുന്നതു്. കോങ്കോ നദീമുഖത്തുനിന്നു മെററാസിവരെ കപ്പലിലാണു് സ്റ്റാൻലിയും സംഘവും സഞ്ചരിച്ചതു്. പിന്നീടു് "സ്റ്റാൻലി പൂൾ" വരെ കരവഴി തിരിച്ചു. വീണ്ടും പുഴയിലൂടെ നിരവധി നാഴിക പിന്നിട്ടു. പുഴയുടെ ഇരുകരകളിലും അററം കാണാത്ത വൻകാടുകളായിരുന്നു.

1887 ജൂൺ 28നു സ്ററാൻലി വീണ്ടും കരക്കിറങ്ങി. "അപ്പർ കോങ്കോ" തീരത്തെ വൻകാട്ടിലേയ്ക്കു് മുങ്ങാംകുളിയിട്ടു എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി.

സ്ററാൻലി ഈ പ്രദേശത്തെക്കുറിച്ചു് വിവരിക്കുന്നതിങ്ങിനെയാണു് "ഊഹിച്ചുനോക്കുക. ഫ്രാൻസും ഇബീരിയൻ അൎദ്ധദ്വീപും ചേൎന്നടത്തോളം വരുന്ന പ്രദേശം 20 മുതൽ 150 വരെ അടി ഉയരമുള്ള കൂററൻ മരം കൊണ്ടു് മൂടിയിരിക്കുന്നു. അവയുടെ ശാഖകളും അവയിൽ ചുററിപ്പിണഞ്ഞിറങ്ങുന്ന വേടുകളും തടിയൻ വ

ള്ളികളുംകൂടി കട്ടപിടിച്ച് സൂര്യരശ്മിയ്ക്കരിച്ചിറങ്ങാൻ പോലും അനുവദിയ്ക്കാത്ത ഒരു തടിയൻ കരിമ്പട മറ തീർത്തിരിയ്ക്കുന്നു.'' ലോകത്തിലേററവും മഴപെയ്യുന്ന പ്രദേശങ്ങളിലൊന്നാണത്. എല്ലാ കാലത്തും കട്ടത്ത ചൂടനുഭവപ്പെടുകയും ചെയ്യും. ഈ വൻകാട്ടുപ്രദേശത്തുകൂടെയാണ് സ്ററാൻലിയും സംഘവും ഇടക്കുമാത്രം ഒളിച്ചു കടന്നെത്തുന്ന നേരിയ പ്രകാശകിരണങ്ങളുടെ സഹായത്തോടെ തട്ടിയും മുട്ടിയും യാത്രചെയ്തത്. ദിവസത്തിൽ കഷ്ടി അഞ്ചുനാഴിക മാത്രമെ അവക്ക് പിന്നിടാൻ കഴിഞ്ഞിരുന്നുള്ളു. പുഴക്കളും ഈച്ചകളും, വേട്ടാളന്മാരും, അട്ടകളും പാററംകണക്കിനു വന്നു പിടികൂടും. ഒരു തുണ്ടു മാംസം ഒരൊററ കടിയ്ക്ക് കവർന്നെടുക്കുന്ന ചെള്ളുകൾ വേറെയും. മൃഗപ്രായരായ ആദിവാസികളുടെ ആക്രമണഭീഷണിയും ഉണ്ടായിരുന്നു.

ജീവൻ പണയംവെച്ചുകൊണ്ടുള്ള ആ യാത്രയിൽ സ്ററാൻലിയുടെ അനുയായികളിൽ പലരും മരിച്ചുവീണു. രോഗികളായ ചിലരെ ഉപേക്ഷിച്ചു പോരേണ്ടിവന്നു. അത്യത്ഭുതകരങ്ങളായ പല അനുഭവങ്ങളും വഴിയ്ക്കു വെച്ചുവക്കുണ്ടായി. 370ഉം 470ഉം അടി ഉയരമുള്ള ഒരു തരം കുള്ളന്മാരായ മനുഷ്യജീവികളെ അവർ കണ്ടുമുട്ടി. ഗ്രീക്ക് ചരിത്രകാരൻ ഹെറൊഡൊററസ്സ് ചിത്രീകരിച്ച 'പിഗ്മികൾ' അവരാവാമെന്നു സ്ററാൻലി ഊഹിച്ചു.

നിരവധി കാലത്തെ നിരന്തരമായ അന്വേഷണത്തിനുശേഷവും എമിൻപാഷയെക്കുറിച്ചു വിവരമൊ

ന്നും കിട്ടാത്തതുകൊണ്ട് സ്ററാൻലിയും സംഘവും കാടിൻെറ അററത്ത് ഒരു കോട്ട തീർത്ത് അതിൽ പാർപ്പുറപ്പിച്ചു. ബോഡൊ കോട്ട എന്നാണിതിനു പറയുന്നത്. അവിടെവെച്ചാണു എമിനെ കണ്ടുമുട്ടാൻ കഴിഞ്ഞത്.

രണ്ടേമുക്കാൽ കൊല്ലമാണു് സ്ററാൻലി 'എമിൻ പാഷ'യേയും തേടി നടന്നതു്. റുവെൻസരി പർവ്വതനിരയും എഡ്വേഡ് തടാകവും അദ്ദേഹം വഴിമദ്ധ്യേ സന്ദർശിയ്ക്കുകയുണ്ടായി. സ്ലേക്കും സെക്കറും തുടങ്ങിവെച്ച പ്രവൃത്തി മുഴുമിച്ചതു് സ്ററാൻലിയാണു്.

—❊—

# കൊളമ്പസ്സിൻെറ ജൈത്രയാത്ര.

ആയുസ്സുമുഴുവൻ പുതിയ രാജ്യങ്ങൾ തേടിപ്പോകുന്നതിനുഴിഞ്ഞുവെയ്ക്കുകയും അതിൽ അനർഘങ്ങളായ നേട്ടങ്ങൾ കൈവരിയ്ക്കുകയും ചെയ്ത മഹൽവ്യക്തിയാണു് ക്രിസ്റ്റോഫർ കൊളമ്പസ്സ്. ജനോവയാണദ്ദേഹത്തിൻെറ ജന്മഭൂമി. പതിന്നാലാംവയസ്സിൽതന്നെ അദ്ദേഹം കപ്പൽയാത്രാകമ്പക്കാരനായിരുന്നു. അതുകൊണ്ടു നവയൌവ്വനത്തിൽതന്നെ അക്കാലത്തെ അനുഭവസമ്പന്നനും വിദഗ്ദ്ധനുമായ ഒരു കപ്പൽക്കാരനായി അദ്ദേഹത്തിനുയരാൻ കഴിഞ്ഞു. ലിസ്ബൺ അന്നു കപ്പൽയാത്രക്കാരുടെ സങ്കേതമായിരുന്നു. അവിടെ ചാട്ട്വരക്കാരനായിരുന്ന തൻെറ സഹോദരൻ ബാർതൊലൊമിയൊവിൻെറ കീഴിൽ ജോലിചെയ്യുന്ന കാലത്താണു് ഇന്ത്യയിലേക്കു് കൂടുതൽ സുഗമമായ ഒരു കടൽവഴി കണ്ടെത്തണമെന്ന ആഗ്രഹം കൊളമ്പസ്സിനുണ്ടായതു്.

പടിഞ്ഞാറൻവഴിയ്ക്കു് പോകാനായിരുന്നു അദ്ദേഹത്തിൻെറ പദ്ധതി. അതിനംഗീകരണം കിട്ടാൻ കൊല്ലങ്ങളോളം അദ്ദേഹം പണിപ്പെട്ടുനോക്കിയെങ്കിലും നിരാശനാകുകയാണുണ്ടായതു്. പിന്നീടു് ജനോവയിലും സ്പെയിനിലും അംഗീകരിക്കപ്പെടാൻ പരിശ്രമിച്ചുനോക്കി. ഹെൻറി ഏഴാമൻെറ അനുഗ്രഹമാർജ്ജിയ്ക്കാൻ സഹോദരൻ ബാർതൊലൊമിയൊവിനെ ഇംഗ്ലണ്ടി

ലേയ്ക്കും അയച്ചു. സ്പെയിനിൽ അദ്ദേഹത്തിൻെറ പദ്ധതിയെക്കുറിച്ചു പഠിയ്ക്കാൻ വിദഗ്ദ്ധസദസ്സേർപ്പെടുത്തി. അവർ അതെപ്പററി ഫെർഡിനാൻസ് രാജാവിനും (അരാഗൊൺ) ഇസാബെല്ലാ റാണിയ്ക്കും [കാസ്റ്റെൽ] റിപ്പോർട്ട് സമർപ്പിയ്ക്കണം. കൊളമ്പസ്സ് തൻെറ പരിപാടി ആ സദസ്സിൽ വിശദീകരിച്ചു. സമാജികന്മാർ അതിനംഗീകരണം നൽകിയില്ല. അവരിൽ ചിലർ ഭൂമി പരന്നതാണെന്ന ധാരണ അന്നും വെച്ചുപുലർത്തിയിരുന്നു. ഉരുണ്ടതാണെന്നു വിശ്വസിയ്ക്കുന്നവർ അതിലേറെ അപഹാസ്യാർഹമായ അന്ധവിശ്വാസങ്ങൾക്കടിമകളായിരുന്നു. ഭൂമിയുടെ മറുഭാഗമുണ്ടെങ്കിൽ അവിടെ "മനുഷ്യരും മററു സാധനങ്ങളുമൊക്കെ തലകുത്തിയാണല്ലൊ നില്ക്കുക?" അതുകൊണ്ടവിടെ കരയുണ്ടാവാൻ വഴിയില്ല.

ഗ്രീക്കു ഭൂമിശാസ്ത്രജ്ഞന്മാരുടെ നിഗമനങ്ങളും മാർക്കൊ പൊളൊവിൻെറ അനുഭവങ്ങളുമൊക്കെ കൊളമ്പസ്സ് തൻെറ വാദഗതിയ്ക്കുപോൽബലകമായി അവതരിപ്പിച്ചുനോക്കി. പക്ഷെ അതൊക്കെ "ഗർദ്ദഭസദസ്സിലെ ഗന്ധർവ്വൻെറ ഗാനോദ്യമ"മായി കലാശിച്ചു. ഫ്രാൻസിൽനിന്നു സഹായം തേടാമെന്ന പ്രതീക്ഷയോടെ അങ്ങോട്ടു പുറപ്പെട്ടപ്പോഴാണ് സ്പെയിനിലെ ചില സുഹൃത്തുക്കൾ സഹായഹസ്തം നീട്ടിയത്. തൻെറ അപേക്ഷ പുനർവിചാരണക്കെടുപ്പിയ്ക്കാനാവശ്യമായ ചില

വു നിർവ്വഹിയ്ക്കാമെന്നു മാട്ടിൻ അലോൻസൊ പിൻസൻ എന്ന കച്ചവടക്കാരനേററു. പുനർവിചാരണയിൽ അദ്ദേഹം വിജയിച്ചു. പണവും കപ്പലും നല്കാമെന്ന വാഗ്ദാനവും ലഭിച്ചു.

പാലോസ പട്ടണത്തിൽനിന്നാണു് നിർദ്ദിഷ്ടമായ സഹായം ലഭിയ്ക്കേണ്ടതു്. അതിനുള്ള രാജശാസനം പള്ളിയിൽ ഉദ്യോഗസ്ഥന്മാരെ വിളിച്ചുകൂട്ടി വായിയ്ക്കപ്പെട്ടു. പക്ഷെ ഉടമകൾ ഈ "ഭ്രാന്തൻയാത്രക്കു്" തങ്ങളുടെ കപ്പലുകൾ വിട്ടുകൊടുക്കാൻ മടിച്ചു. ജോലിക്കാർ പോകാനും കൂട്ടാക്കിയില്ല. എങ്കിലും കൊളമ്പസ്സ് തന്റെ ആഗ്രഹം നിറവേററാൻതന്നെ തീരുമാനിച്ചു. മാട്ടിൻ വിൻസൻ ഒരു കപ്പൽ വിട്ടുകൊടുത്തിരുന്നു. അദ്ദേഹം കൊളമ്പസ്സിനെ അനുഗമിയ്ക്കാനും തയ്യാറായിരുന്നു. രണ്ടു കപ്പലുകൾ പിടിച്ചെടുത്തു. കുറെ ജോലിക്കാരെ നിർബ്ബന്ധിച്ചതിൽ കയററുകയും ചെയ്തു. അങ്ങിനെ കപ്പലിലെ പിറുപിറുക്കലിനും കരയിലെ കൂട്ടനിലവിളിയ്ക്കുമിടയിൽ 1492 ആഗ: 30-ാംനു- കൊളമ്പസ്സും സംഘവും കപ്പലുകളിറക്കി.

"സാന്താമരിയ"യിലായിരുന്നു കൊളമ്പസ്സ് സഞ്ചരിച്ചിരുന്നതു്. 'പിൻററ' മാട്ടിൻ അലൊൻസൊ പിൻസന്റെ അധീനത്തിലായിരുന്നു. 'നിന'യിലെ ക്യാപ്ററനായി നിശ്ചയിച്ചിരുന്നതു് വിൻസൻറു് യാനെസ വിൻസനെയാണു്. ആരംഭത്തിൽ ദുർലക്ഷണ

മാണ്ട് കണ്ടത്. 'പിൻറ'യുടെ ചുക്കാൻ കാററിൽ മുറിഞ്ഞു. കപ്പൽ മാററാനുള്ള ശ്രമം പരാജയപ്പെട്ടതുകൊണ്ട് കേടുതീർത്ത് വീണ്ടും പുറപ്പെടുകയാണുണ്ടായത്.

അന്ധവിശ്വാസികളായ കപ്പൽജോലിക്കാരെ കിടിലംകൊള്ളിച്ച ദൃശ്യങ്ങൾ പിന്നെയും അടിക്കടി കാണപ്പെട്ടു. വടക്കൻനോക്കിയിൽ സൂചി നേർരേഖയിൽ നില്ക്കാതായി. ഒരു കൊള്ളിമീൻ ആകാശത്തുനിന്നുവീണു! പായൽക്കൂട്ടങ്ങൾ ഒഴുകിവന്നിരുന്ന കാഴ്ച അതിലേറെ ആശങ്കക്കിടയാക്കി. കടലിലെ രഹസ്യങ്ങളിലേക്ക് ഒളിഞ്ഞുനോക്കാൻ ശ്രമിക്കുന്ന സ്വപ്നജീവികളായ കപ്പൽയാത്രക്കാരെ ഒടുക്കാൻ ഒരുങ്ങിനടക്കുന്ന ഒരു തരം ഒഴുകുന്ന ദ്വീപുകളുണ്ടെന്ന കെട്ടുകഥയാണത് അവരെ അനുസ്മരിപ്പിച്ചത്. എങ്ങിനെ ലോകത്തിൻെറ ചരിവുകയറി മേല്പോട്ടു പോകുമെന്നായിരുന്നു മറെറാരുൽക്കണ്ഠ! യാത്രയ്ക്ക് സഹായകരമായി വീശിയിരുന്ന കാററ് തങ്ങളെ വിനാശത്തിലേയ്ക്ക് നയിക്കുകയാണെന്നവർ ധരിച്ചു! ഇടയ്ക്ക് പടിഞ്ഞാറൻ ചക്രവാളത്തിൽ കരയുടെ ലക്ഷണം കണ്ടപോലെ തോന്നും. മരീചികപോലെ അതകന്ന് മായുകയും ചെയ്യും. കടലും കാററുമൊക്കെ തങ്ങൾക്കെതിരായി ഒരു ഭയങ്കര ഗൂഢാലോചനയിലേർപ്പെട്ടിരിക്കുകയാണ്! അതുകൊണ്ട് അത്യാപൽക്കരമായ ഈ സാഹസയത്നത്തിൽനിന്നു പിന്തിരിയണമെന്നു സഹയാത്രക്കാർ കൊളമ്പസ്സിനെ നി

ബ്ബന്ധിച്ചു. അദ്ദേഹം കലുങ്ങാതിരിയ്ക്കുന്നതു് കണ്ടപ്പോൾ അദ്ദേഹത്തെ സൂത്രത്തിലെടുത്തു കടലിലെറിയണമെന്നു കൂടി അവർ രഹസ്യാലോചന നടത്തി മാനംനോക്കി നില്ക്കേ അബദ്ധത്തിൽ വീണതാണെന്നു നാട്ടിൽചെന്നു കൈമലത്തി പറയാമല്ലോ. അവരെ ആശ്വസിപ്പിച്ചും നേടിയെടുക്കാനുള്ള കണക്കററ പ്രശസ്തിയുടേയും സമ്പത്തിന്റേയും പേരിൽ ആവേശം കൊള്ളിച്ചും, തന്റെ ആജ്ഞ ലംഘിയ്ക്കുന്നവരെ കഠിനമായി ശിക്ഷിയ്ക്കുമെന്നു ഭീഷണിപ്പെടുത്തിയും, കപ്പലിൽ തുറന്ന കലാപം നടക്കാതിരിയ്ക്കാൻ വേണ്ട കരുതൽനടപടികളെടുത്തും കൊളമ്പസ്സ് പതറാതെ നിന്നു. മാസം ഒന്നു പിന്നിട്ടു. കരയുടെ ലക്ഷണം ഇടക്കിടക്ക് കാണാൻ തുടങ്ങിയതോടെ കപ്പൽജോലിക്കാരിൽ നേരിയൊരാശ അങ്കുരിച്ചു. ഒക്ടോ: 11-ാംനു- രാത്രിയുടെ അന്ത്യയാമം അടുത്തിരിക്കുന്നു. കൊളമ്പസ്സ് അപ്പോഴും കപ്പൽ തട്ടിൽനിന്നു നിരീക്ഷിയ്ക്കുകയായിരുന്നു. വിദൂരത്തു ഒരു വെളിച്ചം മിന്നി മറഞ്ഞതായി അദ്ദേഹത്തിനു തോന്നി. കപ്പലിലെ മററു രണ്ടുദ്യോഗസ്ഥന്മാരും അതു കണ്ടതായി പറഞ്ഞു. ഉദയത്തിനുമുമ്പ് കര അടുത്തെത്തിയതായി 'പിൻറ' അടയാളമുയർത്തി അറിയിച്ചു. റൊഡ്രിഗൊ ഡി ഒറിയനയാണു കര ആദ്യമായി കണ്ടതു്.

1492 ഒക്ടോ: 12-ാംനു- അതിരാവിലെ കൊളമ്പസ്സ് ഇരിമ്പുചട്ടയണിഞ്ഞു് കർക്കിറങ്ങി. കർത്താവിന്റെ പേരിൽ 'മണ്ണു ചുംബിച്ചു' കൂട്ടപ്രാർത്ഥന നടത്തി. ഫെർ

ഡിനാൻഡ് രാജാവിൻെറയും ഇസാബെല്ലാ റാണിയുടേയും പേരിൽ ആ ദ്വീപ് ഏറെറടുക്കുകയും ചെയ്തു. "സാൻസാൽപഡോറെ"ന്നാണവരതിനു പേർവിളിച്ചത്. ബഹാമാദ്വീപായിരുന്നു അതു്.

അവിടെയും അയൽദ്വീപായ ക്യൂബയിലും നഗ്നരായ പ്രാകൃതർ അന്നിടതിങ്ങി പാർത്തിരുന്നതായി പറയപ്പെടുന്നു. ഇരിമ്പിൻെറ ഉപയോഗമെന്താണെന്നുകൂടി അവരന്നറിഞ്ഞിരുന്നില്ല. വാഠം നീട്ടിയപ്പോഠം അതിൻെറ മൂർച്ചയുള്ള തലപ്പവർ അമർത്തിപ്പിടിച്ചുവത്രെ. തൽഫലമായി അവരുടെ കൈ മുറിഞ്ഞു. മീൻമുള്ളുകഠം തറച്ച മരംകൊണ്ടുള്ള ആയുധങ്ങളാണവക്കുണ്ടായിരുന്നത്. മുഖത്ത് ചായം തേക്കാനും, സ്വർണ്ണമൂക്കുത്തി അണിയാനും അവരന്നേ പഠിച്ചിരുന്നു. ക്യൂബയിൽ അന്നും മരംകൊണ്ടുള്ള വീടുകളുണ്ടായിരുന്നു. ആയിരത്തോളം പേരടങ്ങിയ ഒരു ഗോത്രമാണൊരു വീട്ടിൽ ഒതുങ്ങിക്കഴിഞ്ഞിരുന്നത്.

സ്വർഗ്ഗത്തിൽനിന്നു വന്നവരായാണ് കൊളമ്പസ്സിനെയും സംഘത്തേയും ആദിവാസികഠം കരുതിയത്. അവർ അതിഥികളുടെ കാല്ക്കൽ വീണു ചുംബിച്ചു. 'സാൻഡിൽ വഡോറു'കാരുടെ സ്വർണ്ണമൂക്കുത്തിയാണ് കൊളമ്പസ്സിനേയും സംഘത്തേയും ക്യൂബയിലേയ്ക്കും; ഹൈതിയിലേക്കും നയിച്ചത്. തെക്കുള്ള ദ്വീപിൽനിന്നാണ് സ്വർണ്ണം കിട്ടിയതെന്നാണ ആദിവാസികളുടെ ആംഗ്യത്തിൽ നിന്നു മനസ്സിലാക്കിയത് അതു ജപ്പാനാകുമെന്നാ

ണ് കൊളമ്പസ്സ് ധരിച്ചത്. തുടൻ തെക്കോട്ടുള്ള അന്വേഷണത്തിലാണ് ക്യൂബയും ഹൈതിയും കണ്ടതു്. രണ്ടാമത് പറഞ്ഞ ദ്വീപിന്നദ്ദേഹം 'ഹിസ്പാനിയോല' എന്നു പേരിട്ടു. 'ലാനാവിഡാഡ്' എന്ന പേരിട്ട ഒരു സ്ഥലത്തു് ഒരു കോളണി സ്ഥാപിച്ച് അമ്പതുപേരെ കുടിയിരുത്തിയശേഷമാണ് കൊളമ്പസ്സും സംഘവും തിരിച്ചുപോന്നതു്.

അതിനിടയിൽ 'പിൻറ' കനകവും തേടി എങ്ങോട്ടോ പോയിരുന്നു. സ്വർണ്ണഖനി കണ്ടെത്തിയില്ലെങ്കിലും കനകാഭരണങ്ങൾ കുറെ വാങ്ങിക്കൂട്ടാൻ അതിലുണ്ടായിരുന്നവക്ക് കഴിഞ്ഞു. കൊളമ്പസ്സ് അതിലൊന്നും തല്പരനായിരുന്നില്ല. താൻ 'കണ്ടെത്തിയ നിധി' എങ്ങിനെയും കരക്കെത്തിക്കണമെന്നുള്ള തിടുക്കമാണദ്ദേഹത്തിനുണ്ടായിരുന്നതു്. കൊടുങ്കാററിൽപെട്ടു് തൻെറ കപ്പൽ തകന്നാലും, ജീവൻ നഷ്ടപ്പെട്ടാലും താൻ കണ്ടെത്തിയ പുതിയ നാടിനെപ്പററിയുള്ള വിവരം നാട്ടുകാക്കെത്തിയ്ക്കണമെന്നദ്ദേഹത്തിനു നിർബ്ബന്ധമുണ്ടായിരുന്നു. അതുകൊണ്ടതു് രേഖപ്പെടുത്തിയ തോൽക്കടലാസ്സ് മെഴുവിൽ പൊതിഞ്ഞ് പീപ്പയിലാക്കി കടലിലൊഴുക്കി.

കൊളമ്പസ്സ് പ്രതീക്ഷിച്ചതുപോലെ കൊടുങ്കാററ് കപ്പലുകളെ അടിച്ചുകററി. കൊളമ്പസ്സിൻെറ കപ്പൽ ടാഗ്ലസ്സിലാണ് ചെന്നടിഞ്ഞതു്. പോർച്ചുഗൽ രാജാ

വ് അദ്ദേഹത്തെ സ്വീകരിച്ചു. അവിടെനിന്നു ഫിബ്രുവരി 15-ാംനു- പാലോസിലിറങ്ങി. സ്പെയിനിലെ രാജാവും രാജ്ഞിയും അദ്ദേഹത്തോട് ബാർസിലോണയിലെ രാജധാനിയിലെത്താൻ നിർദ്ദേശിച്ചിരുന്നു. വഴിമദ്ധ്യേ അദ്ദേഹത്തിന്നാവേശകരമായ സ്വീകരണമാണ് ലഭിച്ചത്. നാടാകെ അദ്ദേഹത്തെ ആദരിയ്ക്കാൻ അണിഞ്ഞൊരുങ്ങിയതായി കാണപ്പെട്ടു. കൊളമ്പസ്സ് രാജധാനിയിൽ കടന്നപ്പോൾ മഹാരാജാവും റാണിയും മുട്ടുകുത്തിനിന്നു കർത്താവിനു സ്തോത്രം ചൊല്ലി. ഗായകർ മംഗളഗാനം ആലപിച്ചു.

പിൻസൻ കയറിയ കപ്പൽ കൊടുങ്കാററിൽപെട്ട് ബിഡ്ക്കെ ഉൾക്കടലിലേയ്ക്കാണ് കടന്നിരുന്നത്. കൊളമ്പസ്സിൻെറ കപ്പൽ തകർന്നിരിയ്ക്കുമെന്നായിരുന്നു പിൻസൻെറ വിശ്വാസം. മുഴുവൻ കീർത്തി നേടാമെന്ന വിശ്വാസത്തോടെ തൻെറ "കണ്ടെത്തലിനേയും സാഹസയാത്രയേയും" വിശദമാക്കുന്ന ഒരു കത്ത് പിൻസൻ രാജധാനിയിലേയ്ക്കയച്ചിരുന്നു. പക്ഷെ പിൻസൻ തുറമുഖത്തെത്തിയപ്പോൾ കണ്ടതു കൊളമ്പസ്സിൻെറ കപ്പൽ നങ്കൂരമിട്ടു കിടക്കുന്നതാണ്. നിരാശയും ലജ്ജയുംമൂലം പിൻസൻ സ്വഗൃഹത്തിൽ തൻെറ വീട്ടിൽ കടന്നൊളിച്ചു. പിന്നീടദ്ദേഹം ഒരിയ്ക്കലും വെളിയിൽ തല കാണിച്ചിട്ടില്ല. അധികം കഴിയുംമുമ്പ് അദ്ദേഹം കാലഗതിയടഞ്ഞു.

കൊളമ്പസ്സ് കണ്ടെത്തിയ ദ്വീപുകൾ ഏഷ്യയ്ക്കുള്ളതാണെന്നായിരുന്നു ആദ്യത്തെ ധാരണ. ഏഷ്യയ്ക്കും, അററ്ലാൻറിക്കിനുമിടക്ക് ഒരു മഹാസമുദ്രവും ഒരു ഭൂവിഭാഗവും കിടപ്പുണ്ടെന്ന പരമാൎത്ഥം പിന്നീടാണംഗീകരിയ്ക്കപ്പെട്ടത്. ഈ കരയെപ്പററി വീണ്ടും അന്വേഷണങ്ങൾ നടക്കുകയുണ്ടായി. അന്വേഷണസംഘങ്ങളെ തുടൎന്നു കുടിയേറിപ്പാൎപ്പുകാരങ്ങോട്ടൊഴുകാൻ തുടങ്ങി.

കടൽയാത്രാസമ്പ്രദായത്തിൽതന്നെ ഒരു വലിയ വിപ്ലവമാണ് കൊളമ്പസ്സ് ഉണ്ടാക്കിയത്. അതുവരെ കരയോടടുപ്പിച്ച് മാത്രമെ കപ്പലുകൾ പോകാറുണ്ടായിരുന്നുള്ളു. നെഞ്ഞൂക്കില്ലാത്ത ഈ ഏൎപ്പാട് കൊളമ്പസ്സ നടുക്കടലിലേക്കിറങ്ങിത്തിരിച്ചതോടെ നിലച്ചു. കാററിൻെറ ആനുകൂല്യം പരിപൂൎണ്ണമായും ഉപയോഗപ്പെടുത്താനും കഴിഞ്ഞു. പോൎത്തുഗീസുയാത്രക്കാരും മററും കൊളമ്പസ്സിൻെറ മാതൃക അനുകരിയ്ക്കാൻ തുടങ്ങി. കൊളമ്പസ്സിൻെറ ആദ്യത്തെ സംരംഭത്തെ ആവതും നിരുത്സാഹപ്പെടുത്താൻ തുനിഞ്ഞ നാട്ടുകാർ രണ്ടാമത്തെ യാത്രയിൽ സഹകരിയ്ക്കാൻ വലിയ ആവേശമാണ് പ്രദൎശിപ്പിച്ചത്. പതിനേഴു കപ്പലുകളും വേണ്ടത്ര പണവും അദ്ദേഹത്തിനെളുപ്പത്തിലുണ്ടാക്കാൻ കഴിഞ്ഞു. അതിലൊക്കെ നിറയെ ആളുകളുണ്ടായിരുന്നു. 1493 ഒക്ടോ: 7-ാംനു-യാണദ്ദേഹവും സംഘവും കാനറീസിൽനിന്നിറങ്ങിയത്. പതിനേഴു ക്യാപ്ടന്മാരും കൊളമ്പസ്സ്

മുദ്രവെച്ച ഓരോ കത്ത് നല്കി. പ്രതികൂല കാലാവസ്ഥയിൽ കൂട്ടം തെററിപ്പോയാൽ മാത്രമെ അതു തുറന്നു നോക്കാവൂ എന്ന് കശ്നമായി നിർദ്ദേശിയ്ക്കുകയും ചെയ്തു. മാർഗ്ഗനിർദ്ദേശമാണതിലുണ്ടായിരുന്നത്.

ഇരുപതുദിവസത്തിനകം ഡൊമിൻകയും (സൺഡെ അയലൻറും) അയൽദ്വീപുകളും ദൃഷ്ടിയിൽ പെട്ടു. 'മാരിശലെൻറി' എന്നദ്ദേഹം പേരിട്ട അയൽദ്വീപിലാണ് കപ്പലടുപ്പിച്ചത്. അവിടെനിന്നദ്ദേഹം "ഗ്വഅഡെലൂപിലേ"യ്ക്കു കടന്നു. അവിടെനിന്ന് ഹിസ്പാനിയോലയിലേയ്ക്കുള്ള വഴിയിൽ "മൊൺസറെററി" എന്ന മറെറാരു ദ്വീപിലെത്തി. തനി മൃഗതുല്യരായ പ്രാകൃതരായിരുന്നു അവിടത്തെ നിവാസികൾ. ക്യൂബയിലേയും, ഹിസ്പാനിയോലയിലേയും ശാന്തരായ നിവാസികൾ അവരിൽനിന്നുള്ള ആക്രമണത്തെ പേടിച്ചാണു കഴിഞ്ഞിരുന്നത്. ആ രാക്ഷസന്മാർ മനുഷ്യരെ കൊന്നുതിന്നാൻകൂടി മടിച്ചിരുന്നില്ല.

സെൻറ് മാരിലാആൻറി ഗ്വവാ, എന്ന ദ്വീപിൽനിന്നുള്ള യാത്രയിൽ കൊളമ്പസ്സ് അമ്പതോളം ദ്വീപുകൾ കണ്ടെത്തുകയുണ്ടായി. അതിലേററവും വലിയതിന്ന് 'എഡ ഉർസുല' എന്നും മററുള്ളവക്ക് 'പതിനൊരായിരം കന്യക'ളെന്നും അദ്ദേഹം പേരിട്ടു. ഇന്നു പ്യൂട്ടോ റിക്കൊ എന്നു വിളിച്ചുവരുന്ന (ജോൺ ഡി ബാപ്ററിസ്റ്റ് ദ്വീപും) ദ്വീപും അദ്ദേഹം സന്ദർശിയ്ക്കുകയുണ്ടായി. പിന്നീട് 'നാവിഡാഡ്'ലേയ്ക്കാണ് തിരിച്ച

ത്തു്. തൻെറ അനുയായികളിൽ ചിലരെ പാർപ്പിച്ചവിടെ ഒരു കോളണിയാക്കി മാററിയിരുന്നുവല്ലോ. പക്ഷെ അദ്ദേഹം ചെന്നുനോക്കിയപ്പോൾ ഒരൊററ കൃസ്ത്യാനിയും അവിടെ അവശേഷിച്ചിരുന്നില്ല. അവരുടെ പാർപ്പിടങ്ങളൊക്കെ ചാമ്പലാക്കിത്തീർത്തിരുന്നു. അവരിൽ ചിലർ മരിച്ചുപോയി എന്നാണാദിവാസികളിൽനിന്നറിഞ്ഞതു്. ബാക്കിയുള്ളവർ നാട്ടുകാരെ കൊള്ളയടിയ്ക്കുവാനും അവമാനിയ്ക്കുവാനും തുടങ്ങി. ഇതിൽ കുപിതനായ ഒരു നാട്ടുവാഴി അവരുടെ കോട്ടതന്നെ ചുട്ടുകളഞ്ഞു. പുതിയ ലോകത്തിലെ ആദ്യത്തെ സ്പാനിഷ് കോളനി ആരംഭത്തിൽതന്നെ അങ്ങിനെ നശിപ്പിയ്ക്കപ്പെട്ടു.

കൊളമ്പസ്സ് പടിഞ്ഞാട്ടു് പിന്നെയും യാത്ര തുടന്നു. കോളണിയാക്കാൻ പററിയ ഒരു പുതിയ പ്രദേശം അദ്ദേഹം തിരഞ്ഞുപിടിച്ചു. റാണിയുടെ ബഹുമാനാർത്ഥം ഇസാബെല്ലാ എന്നാണതിനു പേർ വിളിച്ചതു്. ക്യൂബയുടെ തെക്കൻകര പിന്നിട്ടാണദ്ദേഹം യാത്ര തുടന്നതു്. ഏഷ്യ വൻകര സ്ഥിതിചെയ്യുന്നതവിടെയാണെന്നായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം.

എവിടെച്ചെന്നാലും അനുയായികളുടെ അതൃപ്തിയും അമർഷവും പോക്കാൻ അദ്ദേഹത്തിനു വിഷമിയ്ക്കേണ്ടിവന്നിരുന്നു. കനകംവാരാൻ കഴിയുന്നിടത്തേയ്ക്കാണു പോക്കെന്നു മോഹിച്ചാണവരദ്ദേഹത്തെ പിന്തുടർന്നിരുന്നതു്. അതു കിട്ടാതിരിയ്ക്കുമ്പോൾ നിരാശ തോന്നുന്നതു് സ്വാഭാവികമാണല്ലോ. ക്യൂബയിൽനിന്നു തെക്കോ

ട്ട ജമായിക്കവരെ പോയശേഷം കൊളമ്പസ്സ് വീണ്ടും വടക്കോട്ട തിരിച്ചു. ഇന്ത്യയായിരുന്നു ലക്ഷ്യം. പക്ഷെ മാസങ്ങളോളം ചുററി നടന്നിട്ടും അതു കണ്ണിൽ പെട്ടില്ല. പ്രതികൂലകാലാവസ്ഥമൂലം കൊളമ്പസ്സിന്ന് 'ഇസാബെല്ല'യിലേയ്ക്ക് മടങ്ങിപ്പോരേണ്ടിവന്നു. ക്ലേശവും നിരാശയും അദ്ദേഹത്തെ വല്ലാതെ ക്ഷീണിപ്പിച്ചിരുന്നു. ഇസാബെല്ലയിൽ അഞ്ചുമാസക്കാലം അദ്ദേഹം രോഗശയ്യയിൽ കഴിച്ചുകൂട്ടി. അവിടെനിന്നെഴുന്നേററതു് ഇസാബെല്ലയിലെ കുഴപ്പത്തെ നേരിടാനാണ്. അതൊതുക്കാൻ കഠിനമായ നടപടികളദ്ദേഹത്തിന്നെടുക്കേണ്ടിവന്നു. അതോടെ അദ്ദേഹത്തിൻെറ പേരിൽ ആക്ഷേപങ്ങളുയരുകയുണ്ടായി. മഹാരാജാവിൻേറയും റാണിയുടേയും ചെവിട്ടിലും അതെത്തി. സ്പെയിനിൽനിന്നു ഒരന്വേഷണോദ്യോഗസ്ഥൻ 1496ൽ ഹിസ്പനിയോലയിൽ വന്നു. തൻെറ നിലപാട് വിശദീകരിക്കാൻ കൊളമ്പസ്സ് സ്പെയിനിലേയ്ക്കും മടങ്ങി. റാണിയും രാജാവും അദ്ദേഹത്തോട്ട് അർഹിയ്ക്കുന്ന ബഹുമാനം പ്രദർശിപ്പിച്ചു.

സ്പെയിനിൽനിന്നു 1498 ലാണ് കൊളമ്പസ്സ് വീണ്ടും പുറപ്പെട്ടത്. മദ്ധ്യരേഖാമണ്ഡലംവരെ [പകലും രാത്രിയും എപ്പോഴും സമമായ] ഒരെ വഴിക്ക് യാത്ര തുടരാനും എന്നിട്ട് പടിഞ്ഞാട്ട തിരിയാനുമായിരുന്നു അദ്ദേഹത്തിൻെറ തീരുമാനം. എങ്കിൽ മറേറതെങ്കിലും നാട്ട കണ്ടെത്തുമെന്നദ്ദേഹം ആശിച്ചു. ശാന്തമായിരുന്നു

അന്നത്തെ കാലാവസ്ഥ. എട്ടുദിവസത്തിനുശേഷം അസഹനീയമായ ചൂട് അനുഭവപ്പെട്ടാൻ തുടങ്ങി. കപ്പൽതട്ട് ചുട്ടുപഴുത്തു. പിന്നീടൊരു നേരിയ കാററ് കിട്ടിയപ്പോഠം കൊളമ്പസ്സ് ആദ്യം പടിഞ്ഞാറും പിന്നീട് വടക്കുപടിഞ്ഞാട്ടുമായി വഴി മാററിപ്പിടിച്ചു.

അങ്ങിനെ മുന്നോട്ട പോയിക്കൊണ്ടിരിയ്ക്കു ഒരു ദിവസം ഉച്ചയ്ക്കു ഒരു കപ്പൽക്കാരൻ പടിഞ്ഞാറ് ഭാഗത്ത് കര കണ്ടെത്തി. മൂന്നു മലകളുയൎന്നുനിന്നിരുന്ന ആ കരക്ക് ത്രിമൂൎത്തികളുടെ ദ്വീപ് എന്നൎത്ഥത്തിലുള്ള 'ത്രിനിഡാഡ്' എന്ന പേരിട്ടു. ആ ദ്വീപിൻെറ തെക്കൻകരയെ തുടൎന്നാണു് കടലിലെ ഒഴുക്കുകാരണം പിന്നീട് യാത്ര തിരിച്ചതു്. ഒറിനൊക്കൊ ഡെൽട്ടയിലാണവർ ചെന്നുകയറിയതു്. താൻ തെക്കെ അമേരിക്കയിലെ മണ്ണിലാണു് ചവിട്ടിയിരിയ്ക്കുന്നതെന്നു കൊളമ്പസ്സിന്നപ്പോഴും അറിവില്ലായിരുന്നു. അരുവികളിലൂടെ വന്നുവീഴുന്ന ജലം ത്രിനിഡാഡിലെ പടിഞ്ഞാറൻ മുനമ്പുകഠംക്കും വൻകരയ്ക്കുമിടയിൽ കിടന്ന് കറങ്ങുമ്പോഴാണു് ഒഴുക്കനുഭവപ്പെട്ടിരുന്നതു്. അവിടെയുള്ള കടലിടുക്കുകളിൽപെട്ടു് കപ്പൽ വട്ടംകറങ്ങി. അതുകൊണ്ടവയ്ക്കു് 'സൎപ്പത്തിൻെറ വായ' [Serpeut Mouth]യെന്നും 'പിശാചിൻെറ വായ'[Draycns Mouth] എന്നും കൊളമ്പസ്സ് പേരിട്ടു.

ഹിസ്പാനിയോലയിലേയ്ക്കാണദ്ദേഹം മടങ്ങിയതു്. അവിടെ അപ്പോഴും കുഴപ്പമായിരുന്നു. ബർതൊ

ലൊമിയൊ കൊളമ്പസ്സിന്നെതിരായി അവിടെ തുറന്ന കലാപംതന്നെ ആരംഭിച്ചിരുന്നു. കൊളമ്പസ്സിൻെറ ആഗമനവും അതൊതുങ്ങുന്നതിന്ന സഹായകരമായിരുന്നില്ല. സ്പെയിനിൽനിന്നു വന്ന അന്വേഷണ ഉദ്യോഗസ്ഥൻ ഫ്രാൻസിസ്കോ ബൊബാഡില്ലയാവട്ടെ കൊളമ്പസ്സ് സഹോദരന്മാരുടെ നേരെ കടുത്ത രോഷത്തോടെയാണ് പെരുമാറിയതു്. അവരുടെ വീട് പിടിച്ചടക്കി. കൊളമ്പസ്സ് സഹോദരന്മാരോട് തൻെറ മുമ്പിൽ ഹാജരാകാൻ കല്പിച്ചു. അവരെ വിലങ്ങുവെച്ചു സ്പെയിനിലേയ്ക്കയക്കുകയാണു പിന്നെ ചെയ്തത്.

സ്പെയിനിന്ന ഒരു പുതിയ ലോകം നേടിക്കൊടുത്തതിന്ന പ്രതിഫലമായി ലഭിച്ച ഈ കൈവിലങ്ങിൻെറ കഥ എന്നെന്നും ലോകം അനുസ്മരിയ്ക്കണമെന്നു കൊളമ്പസ്സിന്നുണ്ടായിരുന്നു. തൻെറ മഹത്തരങ്ങളായ നേട്ടങ്ങളൊടൊപ്പം സ്പെയിനിൻെറ കൃതഘ്നതയും ഓക്കാൻ അതിടയാക്കുമല്ലൊ. അതുകൊണ്ടദ്ദേഹം ആ വിലങ്ങ് മരിയ്ക്കുന്നതുവരെ തൻെറ മുറിയിൽ തൂക്കിയിട്ടിരുന്നതായി അദ്ദേഹത്തിൻെറ മകൻ പറയുന്നു. ബൊബാഡില്ലയുടെ നികൃഷ്ടകൃത്യം റാണിയും രാജാവും അറിഞ്ഞതവസാനമാണ്. സ്പെയിനിലെത്തിയ ഉടനെ കൊളമ്പസ്സിനെ മോചിപ്പിയ്ക്കാനും ആദരവോടെ രാജസന്നിധിയിലേയ്ക്കാനയിയ്ക്കാനും കല്പിയ്ക്കുകയും ചെയ്തിരുന്നു. കൊളമ്പസ്സിൻെറ പേരിലുള്ള ആരോപണം പിൻവലിയ്ക്കാനും

ബൊബാഡില്ലയെ അധികാരസ്ഥാനത്തുനിന്നു പുറംതള്ളാനും കല്പിക്കപ്പെട്ടു.

കൊളമ്പസ്സനു അറുപത്തിയാറുവയസ്സ് ചെന്ന ഒരു വയോവൃദ്ധനായി കഴിഞ്ഞിരുന്നു. പക്ഷെ നേടിയ പ്രശസ്തിയും വെച്ച് ഒതുങ്ങികഴിയാൻ അപ്പോഴും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. അവിശ്രമം അന്വേഷണം തുടരാനാണദ്ദേഹം തീരുമാനിച്ചത്. 1502ൽ അദ്ദേഹം തൻെറ നാലാമത്തെ യാത്രക്കിറങ്ങി. ഏഷ്യയിലേക്ക് നേരിട്ടൊരു കടൽവഴി കണ്ടെത്തുകയായിരുന്നു ലക്ഷ്യം. ഹിസ്പാനിയോലയിൽ തങ്ങരുതെന്ന് അദ്ദേഹത്തോട് നിർദ്ദേശിച്ചിരുന്നു. പക്ഷെ കപ്പൽ കേടുവന്നതുകൊണ്ട് അതൊന്നു മാററണമെന്നുദ്ദേശിച്ച അദ്ദേഹം അവിടെ കപ്പലടുപ്പിക്കാൻ നിർബന്ധിതനായി. ബൊബാഡില്ലയുടെ പിൻഗാമിയായിരുന്ന ഗവർണ്ണർ അദ്ദേഹത്തിന്നു പ്രവേശനം നിഷേധിച്ചു. കൊടുങ്കാററിൻെറ ലക്ഷണമുള്ളതുകൊണ്ട് അതുകഴിയുന്നതുവരെയെങ്കിലും കെട്ടിക്കിടക്കാനനുവദിക്കണമെന്നു കൊളമ്പസ്സ് കേണപേക്ഷിച്ചു. ഗവർണ്ണർ സ്പെയിനിലേക്കയക്കാനുദ്ദേശിക്കുന്ന കപ്പൽ വിടരുതെന്നും അദ്ദേഹം പറഞ്ഞു. കാററിൽ പെടാനിടയുള്ളതുകൊണ്ട് അതപകടമാണെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. കൊളമ്പസ്സിൻെറ അപേക്ഷ സ്വീകരിച്ചില്ലെങ്കിലും കൊടുങ്കാററുവരുമെന്ന അഭിപ്രായത്തെ അപഹസിക്കുകയാണുണ്ടായത്. സ്പെയിനിലേക്കു പോകാനുള്ള കപ്പൽ നിശ്ചിതസമയത്തുത

ന്നെ പുറപ്പെടുകയും ചെയ്തു. കൊളമ്പസ്സിന്റെ ദീർഘദർശനം ശരിയാണെന്നു് പുലരാൻ അധികദിവസം വേണ്ടിവന്നില്ല. കപ്പൽ തകൎന്നു. ബൊബാഡില്ല അടക്കമുള്ള കൊളമ്പസ്സിന്റെ ശത്രുക്കൾ മുങ്ങിമരിച്ചു.

കൊളമ്പസ്സും സംഘവും കൊടുങ്കാററിനെ അതിജീവിച്ചു. ജമായിക്കയെ ചുററി മെക്സിക്കൊ ഉൾക്കടലിലേയ്ക്കാണദ്ദേഹം കടന്നതു്. ക്യൂബയുടെ തെക്ക് ഉൾക്കടലുകളിൽ അനവധി ദിവസം അലഞ്ഞുനടന്നു. അവിടെവെച്ചൊരുതരം കൃമികൾ കപ്പലിന്റെ അടിഭാഗം തിന്നുതീൎക്കാൻ തുടങ്ങി. കരുതിയിരുന്ന ഭക്ഷണസാധനങ്ങളും തീൎന്നു. പക്ഷെ കൊളമ്പസ്സ് കുലുങ്ങിയില്ല. ഹൊൻഡുരാസ് കരയ്ക്കടുത്തുള്ള ഒരു ദ്വീപിലാണദ്ദേഹം കപ്പലടുപ്പിച്ചതു്. അവിടത്തെ ഇന്ത്യക്കാർ തോണികളിൽ അവരെ എതിരേററു. നല്ല തരം ചെമ്പുകൊണ്ടുള്ള ആയുധങ്ങളും ഉപകരണങ്ങളും അവരുടെ കൈയിലുണ്ടായിരുന്നു. അവരോട് വഴികാട്ടിയായി വൎത്തിയ്ക്കാൻ കൊളമ്പസ്സ് ആവശ്യപ്പെട്ടു. പക്ഷെ അവർ നിർദ്ദേശിച്ച വഴിക്കല്ല കപ്പൽ വിട്ടതു്. വിട്ടിരുന്നുവെങ്കിൽ 'യുകാട്ടാ'നിലെ 'മായാ'സാമ്രാജ്യവും മെക്സിക്കൊവിലെ സമ്പന്നമായ "അഡെറെക്സ്" സാമ്രാജ്യവും അദ്ദേഹം കണ്ടെത്തുമായിരുന്നു. പക്ഷെ കൊളമ്പസ്സിന്നു സുഗന്ധദ്രവ്യങ്ങളുടെ നാട്ടിലേക്ക് "തെക്കൻ കടലിൽ ഒരു വഴി കണ്ടെത്തുകയായിരുന്നു" ഉദ്ദേശം. അതുകൊണ്ടദ്ദേഹം വടക്കുഭാഗത്തുള്ള സമ്പൽസമൃദ്ധിയെക്കു

റിച്ചൊന്നും ചെവികൊണ്ടില്ല. ഹൊൻഡുറാസ കരപിടിച്ചു കിഴക്കോട്ടുതന്നെ വെച്ചടിച്ചു. നാല്പതുദിവസം കാററിലും കോളിലും ചുഴലിയിലും പെട്ട അത്യപകടകരമായ യാത്രയാണു് തുടൎന്നതു്. ഇതിൽനിന്നു വിമോചനം ലഭിച്ചതിൻെറ സ്മരണയെ മുൻനിൎത്തി പിന്നീടു് കപ്പലടുപ്പിച്ച മുനമ്പിനു 'ദൈവത്തിനു നന്ദി' എന്നൎത്ഥത്തിലുള്ള 'ഗ്രെഷ്യസ് എഡിയൊസ്' എന്നാണവർ പേരിട്ടതു്. മൊസ്കിററാ തീരവും ഡേരിയൻഉൾക്കടൽ വരെയുള്ള കരയിടുക്കും കണ്ടെത്തി. തെക്കൻ കടലിലേക്കു് മാൎഗ്ഗം കണ്ടെത്താമെന്ന മോഹം സഫലമായില്ലെങ്കിലും ഹിസ്പാനിയേക്കാൾ എന്തുകൊണ്ടും സമൃദ്ധിയുള്ളതും സ്വൎണ്ണം വിളയുന്നതുമായ പ്രദേശം അധീനത്തിലാക്കി എന്ന സംതൃപ്തി കൊളമ്പസ്സിനുണ്ടായിരുന്നു. അവിടെ ഒരു കോട്ട കെട്ടി അതിൻെറ ഉത്തരവാദിത്വം സഹോദരനെ ഏല്പിച്ചു. പക്ഷെ തൻെറ അഭാവം കുഴപ്പം സൃഷ്ടിക്കുമെന്ന ഭയം അദ്ദേഹത്തിനുണ്ടായിരുന്നു. ലാനാവിഡാഡിലെപ്പോലെ അവിടത്തെ നിവാസികൾക്കും വിദേശികളോടു വെറുപ്പുണ്ടായിരുന്നു. അതുകൊണ്ട ദ്ദേഹം ആരെയും അവിടെ പാൎപ്പിക്കാതെ എല്ലാവരെയും കൂട്ടി ഹിപാനിയോലയിലേക്കു് പുറപ്പെട്ടു.

അപ്രതീക്ഷിതമായ പല ആപത്തുകളും വഴിക്കഭിമുഖീകരിക്കേണ്ടിവന്നു. കൊളമ്പസ്സിൻെറ കപ്പലുകൾക്കു് കേടുണ്ടായിരുന്നതുകൊണ്ടു് വഴിയിൽവെച്ചു് വെള്ളം കടക്കാൻ തുടങ്ങി. ഇരവുപകലില്ലാതെ അതു വ

ററിക്കാൻ പമ്പുകഠം പ്രവത്തിക്കേണ്ടിവന്നു. എന്നിട്ടും തീരാത്തെ ജോലിക്കാർ ബക്കററും പാത്രങ്ങളുമെടുത്തു മു ക്കിയൊഴിക്കേണ്ടിവന്നു. കപ്പലിലുണ്ടായിരുന്ന ഭക്ഷ ണസാധനങ്ങളും കഴിയാറായി. അവശേഷിച്ചിരുന്ന ബിസ്കറ്റുകഠം അറപ്പുതോന്നിക്കത്തക്കവിധത്തിൽ കേട്ട വന്നിരുന്നു. അതുകൊണ്ട് ഇരുട്ടിലാണവ വിഴുങ്ങിയി രുന്നത്. ആ നിലയിൽ ഒരിക്കലും ഹിസ്പാനിയോ ലവരെ പോകാൻ കഴിയില്ലെന്നുറപ്പായി. കഴിയുന്നതും വേഗം ജമായിക്കയുടെ കരപിടിക്കലാണു രക്ഷ. കര യിൽനിന്നു ഏതാണ്ടൊരു വിളിപ്പാടകലത്തിൽ കപ്പൽ ഒരു മണൽതിട്ടിൽ തകന്നിരുന്നു. ഹിസ്വാനിയോല യിൽനിന്നു സഹായമെത്തുന്നതുവരെ അവിടെത്തന്നെ കൂടാനാണ് കൊളമ്പസ്സ് തീരുമാനിച്ചതു്.

കൊളമ്പസ്സിൻെറ കട്ടത്ത ശത്രുക്കഠംക്കുപോലും സ ഹതാപം തോന്നാവുന്ന ഒരു വിഷമാവസ്ഥയിലാണദ്ദേ ഹം പെട്ടിരുന്നതു്. കപ്പൽ തകന്നിരിയ്ക്കുന്നു. കരുതി വെച്ചിരുന്ന ഭക്ഷണമൊക്കെ കഴിഞ്ഞു. സഹായം തേ ടേണ്ടതു ജമായിക്കയിലെ ആദിവാസികളോടാണ്. ഏതുനിമിഷത്തിലാണവർ തെററുകയെന്നും, കൊളമ്പ സ്സിൻെറ സംഘത്തെ ആക്രമിയ്ക്കുകയെന്നും അറിയാൻ വയ്യ. കൊളമ്പസ്സാണെങ്കിൽ ഒരു വയോവൃദ്ധൻ. പോ രാത്തതിനു ആരോഗ്യം പൂണ്ണമായും വീണ്ടും കിട്ടിയില്ല. സഹായം പ്രതീക്ഷിയ്ക്കുന്ന ഹിസ്പാനിയോല നൂറുക ണക്കിനു നാഴിക അകലെയാണ് സ്ഥിതിചെയ്യുന്നതു്.

അവിടെ പോയി സഹായമൎത്ഥിക്കുന്നതാരാണ്, എങ്ങിനെ അതു നിൎവ്വഹിക്കും? പക്ഷെ അതിന്നു ധൈൎയ്യപൂൎവ്വം മുന്നോട്ട് വരാൻ ഒരാറം ആ സംഘത്തിലുണ്ടായിരുന്നു —മെണ്ടസ്സ്. അദ്ദേഹം ഹിസ്പാപാനിയൊലയിലെത്തി അധികൃതന്മാരെ കണ്ട് സഹായത്തിനഭ്യൎത്ഥിച്ചു. പക്ഷെ ഒരു കൊല്ലത്തോളം അതെത്തിക്കാൻ കഴിഞ്ഞില്ല.

കൊളമ്പസ്സ് ഇക്കാലമത്രയും നിസ്സഹായനായി മാനം നോക്കിയിരിക്കയായിരുന്നു. ഇന്ത്യക്കാർ കുറെശ്ശെ ഭക്ഷണം നൽകിക്കൊണ്ടിരുന്നു. അവരെ ഒരു വിധത്തിലും മുഷിപ്പിക്കുന്നതിന്നു അവസരമുണ്ടാക്കാതിരിക്കാൻ ആരും കരയ്ക്കിറങ്ങിപ്പോകരുതെന്നും കമേണ്ടർ കല്പിച്ചിരുന്നു. ചുട്ടുപഴുത്ത കപ്പൽത്തട്ടിൽ അനിശ്ചിതമായ ഭാവി മാത്രം മുന്നിൽ കണ്ടുകൊണ്ടു ചുരുണ്ടുകൂടിയുള്ള ആ ഇരിപ്പു കൊളമ്പസ്സിൻെറ അനുയായികളിൽ അതൃപ്തിയും അമൎഷവും ഉളവാക്കി. യുവാവും അവിവേകിയുമായിരുന്ന പോറാസ്സിൻെറ നേതൃത്വത്തിൽ നാല്പത്തിയെട്ട് യാത്രക്കാർ ക്യാപ്റ്റൻെറ നിൎദ്ദേശത്തെ വകവെയ്ക്കാതെ കരയിലേയ്ക്ക് തോണികളിൽ തിരിച്ചു. നാട്ടുകാരിൽ ചിലരെ തോണി തുഴയാൻ നിയോഗിച്ചു. പ്രശാന്തമായിരുന്ന കാലാവസ്ഥ തോണികറം കരയോടടുക്കുംമുമ്പെ കാററും കോളുംകൊണ്ട് പ്രക്ഷുബ്ധമായി. കഴിയുന്നത്ര ഭാരം തോണികളിൽനിന്നു നീക്കുകയെ ഗതിയുള്ള എന്നായി. ആദ്യം അവരുടെ സാമഗ്രികളെടുത്തു

കടലിലെറിഞ്ഞു. എന്നിട്ടും പോരെന്നു തോന്നിയപ്പോൾ തോണി തുഴഞ്ഞിരുന്ന നാട്ടുകാരെ പിടിച്ചു കടലിലിട്ടു. അവർ തോണികളുടെ മേൽ പിടിച്ചു നീന്തി കരപറ്റാൻ ശ്രമിച്ചു. കുപിതരായ കപ്പൽയാത്രക്കാർ കൈവെട്ടിയും, കുത്തിക്കൊന്നും ആദിവാസികളെ കടലിലൊഴുക്കാൻ തുടങ്ങി. കരയിലെത്തിയശേഷവും നാട്ടുകാരെ നിർദ്ദയം മർദ്ദിയ്ക്കാനാണ് പോറാസ്സും സംഘവും മുതിർന്നതു്. ഇതിനെ തുടർന്നു നാട്ടുകാർ കൊളമ്പസ്സിന്നും സംഘത്തിന്നും ഭക്ഷണമെത്തിയ്ക്കുന്ന ഏർപ്പാടുതന്നെ വേണ്ടെന്നുവെച്ചു. പട്ടിണികിടന്നു മരിയ്ക്കുകയല്ലാതെ ഗതിയില്ലെന്നുവന്നപ്പോൾ കൊളമ്പസ്സ് ഒരു സൂത്രം പ്രയോഗിച്ചു. അടുത്തൊരു ദിവസം ചന്ദ്രഗ്രഹണമുണ്ടെന്നു കൊളമ്പസ്സിന്നറിയാമായിരുന്നു. അതു മനസ്സിൽവെച്ചുകൊണ്ടു് തങ്ങൾക്കു് ഭക്ഷണം തന്നില്ലെങ്കിൽ ഇന്ത്യക്കാർക്കൊരത്യാപത്തു് നേരിടുമെന്നു ഭീഷണിപ്പെടുത്തി. വെള്ളക്കാരുടെ ശാപം അത്രയ്ക്കുഗ്രമായതാണു്. അതിനൊരടയാളമായി ഗ്രഹണദിവസം ചന്ദ്രനെ കരിനിഴൽ ഗ്രസിയ്ക്കുന്നതദ്ദേഹം കാട്ടിക്കൊടുത്തു. ആദിവാസികൾക്കു് ബോദ്ധ്യമായി. അവർ അദ്ദേഹത്തിന്റെ കാല്ക്കൽവീണു തങ്ങളുടെ അപരാധം പൊറുക്കാൻ താണുകേണപേക്ഷിയ്ക്കാൻ തുടങ്ങി കൊളമ്പസ്സ് ദയാവായ്പോടെ എല്ലാം ചെവിക്കൊള്ളുന്നതായി നടിച്ചു. എന്നിട്ടു് അവർക്കു് മാപ്പുകൊടുത്തു് അനുഗ്രഹിച്ചയച്ചു. അപ്പോഴേയ്ക്കും ഗ്രഹണം കഴിയാറായി. അമ്പിളി തെളിയുന്നതു് കൊള

ളമ്പസ്സിന്റെ അനുഗ്രഹഫലമാണെന്നു നാട്ടുകാർ ധരിച്ചു. അതോടെ സർവ്വശക്തനായ ആ ഇന്ദ്രജാലക്കാരനെ പ്രീതിപ്പെടുത്താനും അനുഗ്രഹം നേടാനും കഴിയുന്നതൊക്കെ ആദിവാസികൾ കാഴ്ചവെയ്ക്കാൻ തുടങ്ങി.

ഹിസ്പാനിയോലയിലെത്താനുള്ള മെൻഡസ്സിന്റെ പരിശ്രമം ആദ്യത്തിൽ പരാജയപ്പെടുകയാണുണ്ടായതു്. ജമായിക്കാ കരകടക്കുംമുമ്പെ ആദിവാസികൾ അവരെ പിടിച്ചു തടവുകാരാക്കികൊല്ലാൻ തുനിഞ്ഞു. മെൻഡസ്സ് പാടുപെട്ടു് തന്റെ കപ്പലിലേയ്ക്കുതന്നെ രക്ഷപ്പെട്ടു. എന്നിട്ടു വീണ്ടും ഹിസ്പാനിയോലയിലേയ്ക്കു് യാത്ര തിരിച്ചു. വഴിയിൽ ഓരോ നിമിഷം കഴിയുംതോറും ചൂടു് അസഹനീയമായിത്തീരാൻ തുടങ്ങി. രണ്ടാംദിവസംതന്നെ കരുതിവെച്ചിരുന്ന വെള്ളം കഴിഞ്ഞു. ദാഹംകൊണ്ടു് കപ്പലിലുണ്ടായിരുന്നവർ വശംകെട്ടു ഒരാൾ മരിച്ചു. ശവശരീരം കടലിലെറിഞ്ഞു. ഇന്നല്ലെങ്കിൽ നാളെ തങ്ങളുടെ ഗതിയും അതാണെന്നു ജീവിച്ചിരിപ്പുള്ളവരുറപ്പിച്ചു. അന്നു രാത്രി ചന്ദ്രിക തെളിഞ്ഞപ്പോൾ കര പ്രത്യക്ഷമായി. പിറേറന്നു അതിരാവിലെ അവരവിടെ ഇറങ്ങുകയും ചെയ്തു. കുണ്ടിലും കുഴിയിലുമൊക്കെ തങ്ങിനിന്നിരുന്ന വെള്ളം കണ്ണുംചിമ്മി കുടിച്ചു വററിയ്ക്കാനാണെല്ലാവരും തിടുക്കപ്പെട്ടതു്. പിന്നീടു് ഗവർണ്ണരെ കണ്ടു് സഹതാപം തട്ടിയുണർത്താൻ കഴിയുന്ന സ്വരത്തിൽ സഹായാർത്ഥന ചെയ്തു. പക്ഷെ കൊളമ്പസ്സിനേയും സംഘത്തേയും തിരിഞ്ഞുനോക്കാൻതന്നെ

ഹിസ്പാനിയോലയിലെ അധികൃതന്മാൎക്ക് കനിവുണ്ടാ
യത് എട്ടുമാസത്തിനുശേഷമാണ്. ഒരു സുപ്രഭാത
ത്തിൽ ഒരു സ്പാനിഷ് കപ്പൽ കുറെ അകലത്തായി കാ
ണപ്പെട്ടു. ഒരു ചെറിയ ബോട്ട് മണൽത്തിട്ടിൽ തക
ൎന്നടിഞ്ഞ കപ്പലിന്നടുത്തേയ്ക്കു് തുഴഞ്ഞുവന്നു. കുറെ ഉ
ണക്കിയ പന്നിയിറച്ചിയും ഒരു വീപ്പ വീഞ്ഞും ഗവൎണ്ണ
രുടെ ഒരു കത്തും കൊളമ്പസ്സിനെ ഏല്പിച്ചു. കൊളമ്പ
സ്സിനെയും സംഘത്തെയും രക്ഷിച്ചു ഹിസ്പാനിയോല
യിലെത്തിയ്ക്കാൻ പററിയ ഒരു കപ്പൽ തല്ക്കാലം തന്റെ
അധീനത്തിലില്ലെന്നാണ് ഗവൎണ്ണർ എഴുതിയിരുന്നതു്.
കൊളമ്പസ്സ് തയ്യാറാക്കിയ മറുപടി ഗവൎണ്ണരെ ഏല്പി
ക്കാമെന്ന വാഗ്ദാനം ചെയ്തശേഷം ബോട്ടു തിരിച്ചുപോ
കുകയും ചെയ്തു. അനുയായികളുടെ ആശ അസ്തമിയ്ക്കാൻ
ഇതിൽപരമൊന്നും വേണ്ടല്ലോ. എന്നിട്ടും കൊളമ്പസ്സ്
നിരാശപ്പെട്ടില്ല. രക്ഷാമാൎഗ്ഗം അന്വേഷിക്കുന്നതിലദ്ദേ
ഹം വ്യാപൃതനായി. ആദ്യമായി പോറാസ്സിന്റെ നേതൃ
ത്വത്തിൽ തങ്ങളെ വിട്ടുപോയ കലാപക്കാരെ വരുതി
യിൽ വരുത്താനാണദ്ദേഹം ശ്രമിച്ചത്. പോറാസ്സിനും
സംഘത്തിനും അവർ തിരിച്ചുവരികയാണെങ്കിൽ മാപ്പു
നല്കുന്നതാണെന്നദ്ദേഹം അറിയിച്ചു. പക്ഷെ ആ ആജ്ഞ
അനുസരിക്കുന്നതിനുപകരം തകൎന്നുകിടക്കുന്ന കപ്പലാക്ര
മിയ്ക്കാനും കൊളമ്പസ്സിനെ തടവുകാരനാക്കാനുമാണ്
പോറാസ്സ് മുതിൎന്നതു്. ആ ഗൂഢാലോചന കൊള
മ്പസ്സും ബാർത്തിലൊമിയൊവും കണ്ടുപിടിച്ചു. കലാപ

ക്കാരെ ആക്രമിച്ചു കീഴടക്കി. അച്ചടക്കത്തിൽ കഴിയാമെന്നാപ്പുകൊടുത്തവർക്ക് മാപ്പുനൽകി. അവരുടെ നേതാവിനെ തടവിലിടുകയും ചെയ്തു.

ഒരു കൊല്ലത്തിനുശേഷമാണ് ഹിസ്പാനിയോലയിൽനിന്നു കൊളമ്പസ്സിനേയും സംഘത്തേയും രക്ഷിയ്ക്കാനുള്ള കപ്പലുകൾ വന്നതു്. 1504 ആഗ: 13 അവർ ഹിസ്പാനിയോലയിൽ തിരിച്ചെത്തി. ഉടൻതന്നെ അവർ സ്പെയിനിലേയ്ക്കു പോകുകയും ചെയ്തു.

കൊളമ്പസ്സിൻെറ അവസാനകാലം ദുരിതപൂർണ്ണമായിരുന്നു. ദാരിദ്ര്യം അദ്ദേഹത്തെ വല്ലാതെ അലട്ടി. രോഗശയ്യയിലായിരിയ്ക്കുമ്പോൾകൂടി തങ്ങൾക്കൊരു ലോകം തന്നെ നേടിക്കൊടുത്ത ആ മഹാത്മാവിൻെറ നേരെ തിരിഞ്ഞുനോക്കാൻ സ്പെയിനിലെ ഭരണാധികാരികൾ ഔദാര്യം കാണിച്ചില്ല. ഇസാബല്ലാറാണി 1505ൽ കാലഗതിയടഞ്ഞിരുന്നു. ഫെർഡിനാഡ് രാജാവ് കൊളമ്പസ്സിൻെറ സഹായത്തിന്നുള്ള അപേക്ഷകൾ ശ്രദ്ധിച്ചുമില്ല. അങ്ങിനെ നിസ്സഹായനായി കിടന്നുകൊണ്ടദ്ദേഹം 1506 മെയ് 20-ാംനു- തന്നോടൊരിയ്ക്കലും നന്ദികാണിച്ചിട്ടില്ലാത്ത ലോകത്തോട് അന്ത്യയാത്ര പറഞ്ഞു. അദ്ദേഹത്തെ വല്ലാഡോളിഡിലാണ് മറവുചെയ്തതു്. അദ്ദേഹത്തിൻെറ ഭൌതികാവശിഷ്ടം ആദ്യം സെവില്ലിയിലേയ്ക്കും പിന്നീട് ഹിസ്പാനിയോലയിലേക്കും മാററി. അവസാനം ക്യൂബായിലെ ഹവാനയിലാണതു് സംസ്കരിച്ചതു്.

സ്പെയിൻകാർ താങ്കൾ കണ്ടെത്തിയതാണെന്ന പേരിൽ വെസ്റ്റ് ഇൻഡീസിന്മേൽ മാത്രമെ അധീശാവകാശം പുലർത്തിയിരുന്നുള്ളു. ചെറുദ്വീപുകൾ അവരവഗണിയ്ക്കുകയാണുണ്ടായതു്. ആദിവാസികൾ സ്പെയിൻകാരുടെ കീഴിൽ മർദ്ദനമനുഭവിച്ചും കഠിനാദ്ധ്വാനം ചെയ്തും ഒട്ടുമുക്കാലും നശിച്ചു. പിന്നീട് ആഫ്രിക്കയിൽനിന്നു നീഗ്രോകളെ കുടിയേറി പാർപ്പിയ്ക്കാനാണവർ ശ്രമിച്ചതു്. ഫ്രഞ്ചുകാരും, ഡച്ചുകാരും, ഇംഗ്ലീഷുകാരുമൊക്കെ ഈ മാതൃക പിന്തുടന്നു. അങ്ങിനെ കൊല്ലംതോറും വെസ്റ്റിൻഡീസ് ദ്വീപുകളിലേയ്ക്കും അമേരിക്കയിലേക്കും നിരവധി നീഗ്രോകളെ ഇറക്കുമതിചെയ്യുകയുണ്ടായി.

യൂറോപ്പിൽ സ്പെയിൻകാരുടെ ശക്തി ക്ഷയിച്ചതോടെ വിദേശത്തു് അവരുടെ കൈവശത്തിലുള്ള ദ്വീപുകളെ ഇംഗ്ലീഷുകാരും, ഡച്ചുകാരും, ഫ്രഞ്ചുകാരും കയ്യേറാൻ തുടങ്ങി. ആദ്യം ഹോക്കിൻസിനേയും ഡ്രെയിക്കിനേയുംപോലെയുള്ള സ്വകാര്യ കപ്പൽതലവന്മാരാണെത്തിയതു്. അവർ സ്പെനിഷ പായ്ക്കപ്പലുകൾ പിടിച്ചടക്കി. ദ്വീപുകൾ കയ്യേറി കൃഷി നടത്താൻ തുടങ്ങി. പലപ്പോഴും അവരെ സ്പെയിൻകാർ തോല്പിച്ചു തുരത്തിയിട്ടുണ്ടു്. പരാജിതർ കടൽക്കൊള്ളക്കാരായി മാറി സ്പെയിനിൻേറതെന്തും പട്ടാപ്പൊട്ടിക്കാൻ അരയും തലയും മുറുക്കി രോന്തുചുററി. 'ബുക്കാനിയർമാർ [കടൽകൊള്ളക്കാർ] എന്ന പേരിലാണു് ഈ ആപൽക്കാരികൾ അറിയപ്പെട്ടതു്. ഇാച്ചി രോവിച്ചെട്ടകുന്ന മരദാ

ടപ്പിനുള്ള ഫ്രഞ്ചുപേരാണ 'ബുക്കാൻ' [Boocan] ആ പദത്തിൽനിന്നാണു് കൊള്ളസംഘത്തിന്നീപേർ സിദ്ധിച്ചതെന്നും പറയപ്പെടുന്നു. ഹിസ്പാനിയോലയിലെ പുൽമേടുകളിൽ പാഞ്ഞുനടന്നിരുന്ന കാലികളെ വേട്ടയാടുന്നതിലാണു് കൊള്ളക്കാർ ആദ്യം ഏർപ്പെട്ടതെന്നും, അതുകൊണ്ടാണവക്കു് ഈ പേർ കിട്ടിയതെന്നുമാണറിയുന്നതു്. മോർഗാൻ, വില്ലിസ്സ തുടങ്ങിയ തലവന്മാരുടെ നേതൃത്വത്തിൽ ഈ കൊള്ളസംഘം സ്പെയിൻകാരെ മെക്സിക്കോ കരീബിയൻ കടലുകളിൽനിന്നു തുരത്തി. സ്പെയിൻകാർ ആദിവാസികളോടു കാണിച്ച ക്രൂരതയ്ക്കുള്ള പ്രതിഫലം ഇവരിൽനിന്നാണവർ നേടിയതു്.

1655ൽ ക്രോംവെൽ ജമായിക്ക പിടിച്ചു. തുടന്നു സ്പെയിൻകാക്കൊന്നൊന്നായി കോളണികഠം നഷ്ടപ്പെട്ടു തുടങ്ങി. അവസാനം അവശേഷിച്ചിരുന്ന ക്യൂബ 1898ലെ സ്പാനിഷ് അമേരിക്കൻ യുദ്ധത്തിലും കളഞ്ഞുകുളിച്ചു.

—*—

## കോർട്ടിസ്സ് വടക്കെ അമേരിക്കയിൽ.

ബഹാമാസിൽനിന്നു കുറെ അടിമകളെ തേടിപ്പിടിയ്ക്കാനാണ് ഫെർനാണ്ടസ്സ് ഡി കൊർഡോവ എന്നൊരാറം ക്യൂബയിൽനിന്നിറങ്ങിയതു്. കപ്പൽ കാററിൽപെട്ട് വഴി തെററിപ്പോയി. ചെന്നുപററിയതു് അപരിചിതമായ 'യുകാട്ടൻ' തീരത്താണ്. അവിടത്തെ കാഴ്ചകറം അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. കല്ലുകൊണ്ടു പടുത്ത കെട്ടിടങ്ങളുയൎന്നുനില്ക്കുന്നു. വിശേഷപ്പെട്ട വസ്ത്രങ്ങളും ആഭരണങ്ങളും, ആയുധങ്ങളുമാണവിടത്തെ നിവാസികറംക്കുള്ളത്. അതുവരെ കണ്ട പ്രാകൃതരായ ആദിവാസികളിൽനിന്നും തീരെ വ്യത്യസ്തരായിരുന്നു അവർ. അദ്ദേഹം വിവരം ക്യൂബയിലെ ഗവൎണ്ണരായിരുന്ന വെലകസ്സിനെ അറിയിച്ചു.

അതുവരെ സ്പെയിൻകാർ വെസ്റ്റിൻഡീസ് ദ്വീപുസമൂഹത്തിലും, മദ്ധ്യഅമേരിക്കയുടെ കിഴക്കൻ കരയിലും, തെക്കെ അമേരിക്കയുടെ വടക്കൻതീരത്തുമൊക്കെ എത്തിക്കഴിഞ്ഞിരുന്നു. അവിടെ കണ്ട ആദിവാസികളൊക്കെ പ്രാകൃതരുമായിരുന്നു. സമ്പന്നരും, പട്ടണവാസികളുമായ മറെറാരു വിഭാഗം നാട്ടുകാരെപ്പററി പലപ്പോഴും അവർ കേറംക്കാറുണ്ടായിരുന്നു എന്നു മാത്രം. കൊർഡൊവ കണ്ടിരിയ്ക്കുന്നതു അവരെയായിരിയ്ക്കുമെന്നു ഗവൎണ്ണരും മററും ഊഹിച്ചു.

വെലാക്വസ്സ് സ്വന്തം മരുമകനായ ഗ്രിപാൽജയെ അന്വേഷണത്തിന്ന നിയോഗിക്കുകയും ചെയ്തു. ഗ്രിപാൽജ ആദ്യം കിട്ടിയ വിവരം സ്ഥിരീകരിച്ചു. തുടർന്ന് ഒരു കപ്പൽസംഘത്തെ ആ കര തേടിപ്പിടിക്കാനുടൻതന്നെ അയയ്ക്കുകയും ചെയ്തു. ഹെർനാണ്ടോ കോട്ടിസ്സ് ആയിരുന്നു ആ സംഘത്തിൻെറ നേതാവ്. 1518 നവ: 18-ാംനു- സാന്തിയാഗൊയിൽനിന്നു പുറപ്പെട്ട അന്വേഷണസംഘം കടൽത്തീരത്തെ പല സ്ഥലത്തും കപ്പലടുപ്പിക്കുകയുണ്ടായി. ട്രൂക്രോസ്സ് [വില്ലാറിക്കാഡിലാവിരാക്രൂസ്] പണട്ടത്തിൽനിന്നാണവർ ഉൾനാട്ടിലേക്ക് കടന്നത്.

മെക്സിക്കൻ ചക്രവർത്തി മൊണ്ടിസുമയുടെ ഭരണത്തിലായിരുന്നു ആ പ്രദേശം. മെക്സിക്കൊ സന്ദർശിക്കാനും ചക്രവർത്തിയെ മുഖം കാണിക്കാനുമുള്ള ആഗ്രഹം കോട്ടിസ്സ് അറിയിച്ചു. കിഴക്കുള്ള ഒരു സാമ്രാജ്യാധിപതിയുടെ സ്ഥാനപതി എന്ന നിലയിൽ ഒരു പ്രധാനപ്പെട്ട സന്ദേശം ചക്രവർത്തിക്ക് എത്തിക്കാനുണ്ടെന്നും കോട്ടിസ്സ് പറഞ്ഞു. തുടർന്ന് ചക്രവർത്തി വിലപ്പെട്ട പല സമ്മാനങ്ങളും കോട്ടിസ്സിന്നയക്കുകയുണ്ടായി. പക്ഷെ മെക്സിക്കോവിൽ പോകാനുള്ള അനുവാദം കോട്ടിസ്സിനു നിഷേധിക്കുകയാണുണ്ടായതു്. ഉടൻ സ്ഥലം വിടണമെന്നും ചക്രവർത്തി കല്പിച്ചിരുന്നു.

ചക്രവർത്തിയുടെ സമ്മാനങ്ങളിൽ സ്വർണ്ണത്തളികകളും വെള്ളിപ്പാത്രങ്ങളും ഉൾപ്പെട്ടിരുന്നു. കോട്ടിസ്സി

ൻെറ അത്യാഗ്രഹം ഉണർത്താൻ അതു പര്യാപ്തമായി. ആ സ്വർണ്ണത്തിൻെറ സ്വരാജ്യം എന്തുചെയ്തും സ്വാധീനത്തിലാക്കിയേ തീരൂ എന്നദ്ദേഹം ഉറച്ചു. സധൈര്യം ആക്രമിച്ചു് പിടിച്ചടക്കാനുള്ള സാഹസസംരംഭത്തിന്നനുയായികളെ കിട്ടാൻ ഞെരുക്കമുണ്ടു്. ചക്രവർത്തിയുടെ ആജ്ഞ അറിഞ്ഞാൽ അവർ പിന്തിരിഞ്ഞോടിയെന്നുവരും. അതസാദ്ധ്യമാക്കിത്തീർക്കാൻ തൻെറ കപ്പലുകൾ തകർക്കുകയാണാദ്യമായി കോർട്ടിസ്സ് ചെയ്തതു്.

1519 ആഗ: 16-ാംനു കോർട്ടിസ്സും സംഘവും ചക്രവർത്തിയുടെ ആജ്ഞ ലംഘിച്ചുകൊണ്ടു് ഉൾനാട്ടിലേക്കു് കുതിച്ചുകയറി. വിശാലമായ മണൽപ്പരപ്പു് പിന്നിട്ടശേഷം മനോഹരങ്ങളായ പുഷ്പങ്ങളും ഫലങ്ങളും നിറഞ്ഞുനില്ക്കുന്ന കാട്ടിലെത്തി. വർണ്ണപ്പൊലിമയുള്ള പറവകളും പൂമ്പാററകളുമാണവിടെ ഉണ്ടായിരുന്നതു്. പിന്നീടു് ഇടതൂർന്നുനില്ക്കുന്ന കാടുകളായി. സീറമഡ്രെ ഓറിയൻററൽ പർവ്വതനിരയും അവർ കയറിക്കടന്നു. സമുദ്രനിരപ്പിൽനിന്നു 7000 അടി ഉയർന്നുനില്ക്കുന്ന മെക്സിക്കോ പീഠഭൂമിയിലേക്കാണവരിറങ്ങിയതു്. ചോളവും, കൈതയും ഒരു തരം മുൾച്ചെടികളുമുള്ള കൃഷിയിടങ്ങൾ സമൃദ്ധമാണവിടെ. കൈതനാരുകൊണ്ടു നൂലും കയറും അവിടെ നിർമ്മിക്കപ്പെട്ടിരുന്നു. വീതിയേറിയ ഇലകൾകൊണ്ടു് കുടിലുകൾ മേഞ്ഞിരുന്നു. മുൾച്ചെടിയുടെ മുള്ളുകൾ സൂചികളായി ഉപയോഗിച്ചുവന്നു.

കോർട്ടിസ്സിന്റെ മുന്നേറ്റത്തെ ആദ്യമായി തടഞ്ഞത് തസ്കലയിലെ ജനങ്ങളാണ്. നീണ്ടുനിന്ന പോരാട്ടത്തിനുശേഷം തസ്കലക്കാർ തലകുനിച്ചു. മൊണ്ടിസൂമ ചക്രവർത്തിയ്ക്കെതിരായി സ്പെയിൻകാരെ സഹായിയ്ക്കാമെന്നുറപ്പുനല്കുകയും ചെയ്തു. അയൽദേശമായ ചൊളൂലയിലെ നാട്ടുവാഴി കോർട്ടിസ്സിനെ സ്വാഗതംചെയ്യുകയാണുണ്ടായത്. പക്ഷെ തനിയ്ക്കെതിരായ ഒരു ഗൂഢാലോചന അണിയറയിലുണ്ടെന്നു പറഞ്ഞുകൊണ്ട് കോർട്ടിസ്സ് തന്റെ ഭടന്മാരോട് വെടിവെയ്ക്കാനാണ് കല്പിച്ചത്. ആ കൂട്ടക്കൊലയിൽ മൂവായിരത്തിൽപരം ചൊളൂലന്മാരാണ് ആഹുതി ചെയ്യപ്പെട്ടത്. ആറായിരം വരുന്ന തസ്കലപടയാളിസംഘത്തിന്റെ പിന്തുണയോടെയാണിതു നടത്തിയത്.

ഈ ഭീകരവാർത്ത കാട്ടുതീപോലെ പരന്നു. സ്പെയിൻകാരോട് കളിയ്ക്കുന്നതു നല്ലതിനല്ലെന്നു മൊണ്ടിസൂമ ചക്രവർത്തിയ്ക്കുകൂടി തോന്നി. സമ്മാനങ്ങളുമായി കോർട്ടിസ്സിനെ മെക്സിക്കൊ രാജധാനിയിലേയ്ക്കാനയിക്കാൻ ചക്രവർത്തി ദൂതന്മാരെ അയച്ചു. തന്റെ തന്ത്രം ശരിയ്ക്കും ഫലിയ്ക്കുന്നതുകണ്ട് കോർട്ടിസ്സ് സന്തോഷിച്ചു.

വിജയോന്മത്തരായാണ് സ്പെയിൻകാർ മെക്സിക്കോവിലേയ്ക്ക് തിരിച്ചത്. പൊപൊകേററ് പെററൽ [പുകയുന്ന കുന്ന്] ഇക്സ്ററാസി ഹ്വ അററൽ [വെളുത്ത സ്ത്രീ] എന്നീ അഗ്നിപർവ്വതങ്ങൾക്കിടയിലൂടെയാണ് അവർ പോയിരുന്നത്. പുകയുന്ന കുന്നിലൊന്നു കയറി

നോക്കാൻകൂടി" സ്പെയിൻകാർ മടിച്ചില്ല. അടിവാരത്തിലെ കാട്ടുകൾ കടന്നവർ മഞ്ഞുമൂടിക്കിടക്കുന്ന ശിഖരത്തോടടുത്തു. അപ്പോഴേയ്ക്കും പർവ്വതമുഖത്തുനിന്നു വമിക്കുന്ന തീജ്ജ്വാലയും പുകയും അവരെ അന്ധരാക്കി. അവർക്കു് മിണ്ടാനും വയ്യാതായി. തങ്ങൾ വളരെ ദൂരം ചെന്നു എന്നു തെളിയിക്കുന്നതിനു കുറെ മഞ്ഞുകട്ടകളും വാരി ആ സാഹസികർ പോയപോലെത്തന്നെ തിരിച്ചോടി.

പിന്നീടവരെത്തിയതു ആഴംകുറഞ്ഞ തടാകങ്ങൾ നിറഞ്ഞ ഫലവത്തായ ഒരു മൈതാനത്തിലാണു്. ഉപ്പുവെള്ളം നിറഞ്ഞ അത്തരം ഒരു തടാകത്തിന്റെ മദ്ധ്യത്തിലാണു് മെക്സിക്കോപട്ടണം സ്ഥിതിചെയ്തിരുന്നതു്. കരയിലേക്കു് കല്ലുകൊണ്ടു് പടുത്തതും നാഴികകളോളം നീളമുള്ളതും, എട്ടു വരിയായി പടയാളികൾക്കു് ഒരെ സമയത്തു് മാർച്ചു് ചെയ്യാവുന്നത്ര വീതിയുള്ളതുമായ മൂന്നു റോഡുകളുണ്ടായിരുന്നു. അതിലൊന്നിലൂടെയാണു് കോർട്ടിസ്സും സംഘവും ആനയിക്കപ്പെട്ടതു്. മൊണ്ടിസുമചക്രവർത്തിതന്നെ അതിഥികളെ സ്വീകരിച്ചു. സ്പെയിൻകാർക്കും 6000 വരുന്ന അവരുടെ തസ്ക്കല കൂട്ടുകാർക്കും സുഖമായി താമസിക്കാവുന്നൊരു രാജധാനി അവർക്കൊഴിഞ്ഞുകൊടുത്തു.

മെക്സിക്കോ പട്ടണത്തിലെ ജനബാഹുല്യവും ആളുകളണിയുന്ന വിശേഷപ്പെട്ട വസ്ത്രവും ആഭരണവുമൊക്കെ സ്പെയിൻകാരെ അത്ഭുതപ്പെടുത്തി. മെക്സിക്കോ

ക്കാരാകട്ടെ സ്പെയിൻകാരുടെ വാളും പരിചയും പീര
ങ്കിയും, അസാധാരണമൃഗങ്ങളെയുമാണ് മിഴിച്ചുനോക്കി
യതു്. മെക്സിക്കൊവിന്റെ സമ്പൽസമൃദ്ധി കോർട്ടിസ്സി
നെ ഭ്രമിപ്പിച്ചുകഴിഞ്ഞിരുന്നു. ചക്രവർത്തിയും നാട്ടുകാ
രും തങ്ങളിലർപ്പിച്ച വിശ്വാസത്തെ ഉപയോഗപ്പെടു
ത്താനും പട്ടണം സ്വാധീനമാക്കാനും അദ്ദേഹം തീരു
മാനിച്ചു. തിരഞ്ഞെടുക്കപ്പെട്ട മല്പതനയായികളോടൊ
പ്പം അദ്ദേഹം പെട്ടെന്നു രാജധാനിയിൽ ചെന്നു മൊ
ണ്ടിസുമയെ തടവുകാരനാക്കി. ആറുമാസത്തിനുശേഷം
സ്പെയിൻകാരുടെ ജെയിലിൽ കിടന്നുകൊണ്ട് മൊണ്ടി
സുമ മരിച്ചു.

ഇക്കാലത്ത് കോർട്ടിസ്സ് തീരപ്രദേശത്തായിരുന്നു.
അദ്ദേഹമേല്പിച്ചിരുന്ന ഉദ്യോഗസ്ഥൻ നാട്ടുകാരോട്
ക്രൂരമായാണ് പെരുമാറിയതു്. മൊണ്ടിസുമയും മററ
നിരവധി മെക്സിക്കൊക്കാരും സ്പെയിൻകാരുടെ തടങ്ങ
ലിൽ കിടന്നു നരകിച്ചു മരിച്ചിരുന്നു. തൽഫലമായി
പട്ടണത്തിലെ അന്തരീക്ഷം പ്രക്ഷുബ്ധമായിത്തീർന്നിരു
ന്നു. അതുകൊണ്ട് കോർട്ടിസ്സ് അവിടെനിന്നു ഒഴിച്ചു
പോകാൻ തീരുമാനിച്ചു. മടങ്ങിപ്പോകുമ്പോൾ ഇടുങ്ങി
യ വഴിയിൽവെച്ചു ആക്രമിക്കപ്പെട്ടു. തസ്കലയിലേയ്ക്കുള്ള
വഴിയും മെക്സിക്കൊക്കാർ അടച്ചുപൂട്ടിനോക്കി. പക്ഷേ
സ്പെയിൻകാർ രക്ഷപ്പെട്ടു. രാക്ഷസീയമായവിധത്തിൽ
നാട്ടുകാർ കൊലചെയ്യപ്പെട്ടു. മാസങ്ങൾക്കുശേഷം കോ
ർട്ടിസ്സ് തിരിച്ചുവന്നു, വീണ്ടും മെക്സിക്കൊ പട്ടണത്തെ

ആക്രമിച്ചു. ഇത്തവണ തടാകത്തിലെ വെള്ളത്തിലും വഴിയിലും വെച്ചു പോരാട്ടം നടന്നു. നാട്ടുകാർ സുധീരം പടപൊരുതി. ആയിരക്കണക്കിനാളുകൾ സ്പെയിൻകാരുടെ വാളിന്നിരയായി; പക്ഷെ വിജയം വിദേശികളെയാണനുഗ്രഹിച്ചത്.

കോട്ടിസ്സിൻെറ നേട്ടം അമേരിക്കൻ വൻകരയിലിനിയും സ്വർണ്ണനിക്ഷേപങ്ങളുണ്ടെന്ന വിശ്വാസമാണു സ്പെയിൻകാരിലുളവാക്കിയത്. ഫ്രാൻസിസ്കോ പിസ്സാറൊ എന്നൊരാൾക്ക് പെറുവിൽനിന്നു കിട്ടിയ സ്വർണ്ണവും സമ്പത്തും ഈ വിശ്വാസത്തെ ദൃഢപ്പെടുത്തി. പെറുവിൽ പിസ്സാറൊവിൻെറ സഹപ്രവർത്തകനായിരുന്ന ഫർസിനാൻഡ് ഡിസോട്ടൊവിന്നു ധാരാളം സമ്പാദ്യമുണ്ടായിരുന്നു. ഡിസൊട്ടൊ അതുപയോഗപ്പെടുത്തി മെക്സിക്കൊ ഉൾക്കടലിൻെറ വടക്കുഭാഗത്തുള്ള രാജ്യങ്ങൾ കണ്ടെത്താൻ തീരുമാനിച്ചു. ആ യത്നത്തിൽ സഹകരിക്കാൻ നിരവധി വളണ്ടിയർമാരെയും കിട്ടി.

1593 മെയ്മാസത്തിൽ ക്യൂബയിൽനിന്നാണ് ഡിസൊട്ടോവും പുറപ്പെട്ടത്. ഫ്ലോറിഡയുടെ പടിഞ്ഞാറൻ കരയിലാണദ്ദേഹം എത്തിയത്. കോട്ടിസ്സിൻെറ മാതൃക അനുകരിച്ചുകൊണ്ടദ്ദേഹവും തൻെറ കപ്പലുകൾ മടക്കി അയച്ചു. ഒരു കൊല്ലത്തോളം അദ്ദേഹവും അനുയായികളും, മെക്സിക്കൊ ഉൾക്കടൽതീരത്തുള്ള വനങ്ങളിലും ചതുപ്പുപ്രദേശത്തുമായി അലഞ്ഞുതിരിഞ്ഞു. ആദിവാസികൾ അവരോട് വളരെ ക്രൂരമായാ

റൊ് പെരുമാറിയതു്. പട്ടണത്തിന്റെയൊ സ്വർണ്ണത്തിന്റെയൊ പൊടിപോലും കണ്ടുകിട്ടിയില്ല. അനുയായികൾ നിരാശരായി മടങ്ങാൻ തീർക്കപ്പെട്ടെങ്കിലും ഡിസോട്ടൊ കൂട്ടാക്കിയില്ല.

അദ്ദേഹവും സംഘവും അപ്പലാഷിയൻമലയുടെ തെക്കൻഭാഗത്തേക്കു പോയി. അവിടെ സമ്പൽസമൃദ്ധമായ ഒരു കൊച്ചുനാടുണ്ടെന്നും, ഒരു സ്ത്രീയാണവിടത്തെ ഭരണാധികാരിയാണെന്നും ഡിസോട്ടൊ കേട്ടിരുന്നു. അതൊരു കെട്ടുകഥയാണെന്നു അവിടെ ചെന്നപ്പോഴാണ് മനസ്സിലായതു്. ഡിസൊട്ടൊ പടിഞ്ഞാട്ടു യാത്ര തുടർന്നു. ആദിവാസികളുമായി പല സ്ഥലത്തുവെച്ചും ഏറ്റുമുട്ടി. സംഘട്ടനത്തിൽ സ്പെയിൻകാരുടെ ഉടുത്തുണിപോലും നഷ്ടപ്പെട്ടു.

1541 വസന്തത്തിൽ ഡിസോട്ടൊ മിസ്സിസ്സിപ്പിതീരത്തെത്തി. ഇന്നു വിക്സ്ബർഗ്ഗ്പട്ടണം നില്ക്കുന്ന സ്ഥലത്താണവരെത്തിയിരുന്നതു്. മെക്സിക്കൊ ഉൾക്കടലിലേക്കുള്ള മിസ്സിസ്സിപ്പിയുടെ ഒഴുക്കുകാണാൻ ഭാഗ്യമുണ്ടായ ആദ്യത്തെ യൂറോപ്യൻ ഡിസൊട്ടൊ ആണ്. ഒരു മാസത്തെ ഒരുക്കങ്ങൾക്കുശേഷമാണവർക്ക് നദി തരണം ചെയ്യാൻ കഴിഞ്ഞതു്. ഒരു മാസക്കാലം അവർ നദിയെ പിന്തുടർന്നുനടന്നു. മിസ്സിസ്സിപ്പി മിസ്സോറിയുമായി സന്ധിക്കുന്ന സ്ഥലംവരെ അവരെത്തി. പിന്നീട് ഡിസോട്ടോവും സംഘവും ഒസാക്ക്പീഠഭൂമിയിലെ ഗ്രാമങ്ങൾ കൊള്ളയടിച്ചുകൊണ്ടു ഒരു കൊല്ലം

റോന്തുചുററി വിഷിതാഴ് വരയിൽ വന്നു ചുകപ്പുനദിയെ [Red Ruie] പിന്തുടൎന്നു മിസ്സിസ്സിപ്പിവരെ വീണ്ടും വന്നു. പക്ഷെ മിസ്സിസ്സിപ്പിയെ കരവഴി പിന്തുടരാനുള്ള ശ്രമം വഴിയിലെ വൻകാടുകളും വള്ളത്ത തടാകങ്ങളുംമൂലം ഉപേക്ഷിക്കേണ്ടിവന്നു.

അനുയായികളെ തീററിപ്പോററി ഒതുക്കിനിത്താനുള്ള വിഷമംമൂലമുളവായ അസ്വാസ്ഥ്യവും ദീൎഘകാലത്തെ യാത്രകൊണ്ടുണ്ടായ ക്ഷീണവും ഡിസോട്ടോവിനെ രോഗിയാക്കി. പനിപിടിച്ചദ്ദേഹം കാലഗതിയടഞ്ഞു. അദ്ദേഹം തന്നെ നാട്ടുകാരെ കബളിപ്പിയ്ക്കാനെടുത്ത തന്ത്രം അദ്ദേഹത്തിൻെറ ശവശരീരത്തിനുകൂടി സ്വാസ്ഥത നൽകിയില്ല. ക്രിസ്ത്യാനികൾ അനശ്വരരാണെന്നദ്ദേഹം നാട്ടുകാരെ പറഞ്ഞുപിടിപ്പിച്ചിരുന്നു. അതുകൊണ്ടദ്ദേഹം മരിച്ചവിവരം നാട്ടുകാരറിഞ്ഞാൽ തങ്ങൾക്കു രക്ഷയില്ലെന്നു ഡിസൊട്ടോവിൻെറ അനുയായികൾ മനസ്സിലാക്കി. ഡിസൊട്ടോവിനെ ഗൂഢമായി മറവുചെയ്തശേഷം അദ്ദേഹം ഉടലോടെ സ്വൎഗ്ഗാരോഹണം ചെയ്ത കഥ പ്രചരിപ്പിച്ചു. നാട്ടുകാൎക്കു സംശയംതോന്നിയിട്ടുണ്ടെന്നു കരുതി അവർ ശവശരീരം കുഴിച്ചെടുത്തു രഹസ്യമായി പുഴയിൽ കെട്ടിത്താഴ്ത്തി.

മെക്സിക്കൊവിലേയ്ക്കു തിരിച്ചുപോകാൻ ഡിസൊട്ടോവിൻെറ അനുയായികൾ തീരുമാനിച്ചു. ഒരു കൊല്ലക്കാലം പിന്നെയും ചുകപ്പുനദിയുടെ സമതലസ്ഥലങ്ങളിലും നായാട്ടുകേന്ദ്രങ്ങളിലുമായി ചുററിക്കറ

ങ്ങി. മിസ്സിസ്സിപ്പിതീരത്തെത്തി ഓടങ്ങൾ പണിയാൻ തുടങ്ങി. കയ്യിൽകിട്ടിയ ഇരിമ്പിൻകഷണങ്ങളൊക്കെ ആണിയായി ഉപയോഗിച്ചു. ആയുധങ്ങൾപോലും ഇതിനുവേണ്ടി കൊത്തിമുറിച്ചു. മരങ്ങളൊരുക്കാൻ കൈയ്യിലുണ്ടായിരുന്നത് ഒരേ ഒരു ഈർച്ചവാളാണ്. അങ്ങിനെ ഒരു കൊല്ലം നിരന്തരം പണിപ്പെട്ട് ഏഴു ഓടങ്ങൾ തട്ടിപ്പടിച്ചു. നാലുമാസത്തെ യാത്രക്കുശേഷം ഡിസൊട്ടൊവിൻെറ അവശേഷിയ്ക്കുന്ന അനുയായികൾ അവയിൽ കയറി തിരിച്ചുപോകുകയും ചെയ്തു.

—*—

# ആസ്ട്രേലിയയും ന്യൂസിലാണ്ടും.

ഡച്ചുയാത്രക്കാരാണാദ്യമായി ആസ്ട്രേലിയയെത്തേടി പുറപ്പെട്ടത്. അവരുടെ അനുഭവങ്ങൾ നിരാശാജനകമായിരുന്നു എന്നു വിവരങ്ങൾ വിളിച്ചോതുന്നു. ഒരുദാഹരണമിതാ, "ഭൂരിഭാഗവും മണലാരണ്യമാണ്, അധിവാസയോഗ്യമായ പ്രദേശങ്ങളിലെ നിവാസികളോ ക്രൂരരും, മൃഗപ്രായരുമായ പ്രാകൃതന്മാർ!" 1616ൽ സക്ഫൊട്ടോഗ്ഗും 1627ൽ പീററർ സൂട്ടും ആസ്ട്രേലിയ സന്ദർശിച്ചതായി പറയപ്പെടുന്നു. കേപ്ററർ പ്ലാസാട്ടുയുടെ നേതൃത്വത്തിലുള്ള അന്വേഷണസംഘവും തങ്ങളുടെ കർത്തവ്യം പൂർത്തിയാക്കാതെ തിരിച്ചുപോകുകയാണുണ്ടായത്. പ്ലാസാട്ടുയുടെ കപ്പൽ "ഫെഡറിക്ററട്ടുമാൻ" എന്ന പേരിലറിയപ്പെടുന്ന മണൽത്തിട്ടിൽ തട്ടിത്തകർന്നു. 1800 യാത്രക്കാരാണതിലുണ്ടായിരുന്നത്. അവരെ ഒരു കരക്കാക്കിയശേഷം പ്ലാസാട്ട് ഒരു ബോട്ടിൽ ജാവയിലേയ്ക്കു് തിരിച്ചുപോയി. അവിടെ വെള്ളം കണികാണാനില്ലായിരുന്നു. പോകുന്നപോക്കിലും മൂന്നുസ്ഥലത്തോളം ബോട്ടടുപ്പിച്ചുനോക്കി. ഒരു സ്ഥലത്തുമാത്രമാണ് സ്വല്പം വെള്ളം കണ്ടത്. ഇരുപത്തിമൂന്നുദിവസത്തെ ആപൽക്കരവും ദുരിതമയവുമായ യാത്രയ്ക്കുശേഷമാണദ്ദേഹം ജാവയിലെത്തിയത്.

ഉടൻതന്നെ അദ്ദേഹം അനുയായികളെ രക്ഷിയ്ക്കാൻ കപ്പലുകളുമായി പുറപ്പെടുകയും ചെയ്തു.

അനുയായികൾ അപ്പോഴേയ്ക്കും തമ്മിൽതല്ലി പിരിഞ്ഞിരുന്നു. ചിലർ വെള്ളം തേടി ഉൾനാട്ടിലേയ്ക്കു കയറി. മററു ചിലർ കടൽക്കള്ളന്മാരാവാൻ നിശ്ചയിച്ചു. അതിൽ എതിർപ്പു പ്രകടിപ്പിച്ചവരെ കശാപ്പുചെയ്തു. അങ്ങിനെ ആകെ പ്രക്ഷുബ്ധമായിത്തീർന്നിരുന്ന സാഹചര്യത്തിലേയ്ക്കാണ് പ്ലാസാട്ട് എത്തിയത്. അദ്ദേഹം കലാപക്കാരെയൊക്കെ തടങ്ങലിലാക്കി. കുററവാളികളെ തൂക്കിക്കൊന്നു.

ഡച്ചുകാർ ആസ്ത്രേലിയയിൽ കുടിയേറിപ്പാർക്കാനൊ, ഭരണം നടത്താനൊ തുനിഞ്ഞിരുന്നില്ലെങ്കിലും തങ്ങൾ കണ്ടെത്തിയതെന്നനിലയിൽ വൻകരയിന്മേൽ അധീശാധികാരം അവകാശപ്പെട്ടിരുന്നു. അവരുടെ വാഴ്ചയിലുള്ള പടത്തിൽ ആസ്ത്രേലിയയെ ഉൾക്കൊള്ളിയ്ക്കുകയും ചെയ്തിരുന്നു. "ന്യൂ ഹോളണ്ട്" എന്നാണവർ പുതിയ രാജ്യത്തെ വിളിച്ചിരുന്നത്.

'പുതിയ ഹോളണ്ടി'ന്റെ വിസ്തൃതി മനസ്സിലാക്കാൻ അബെൽടാസ്മാനെ ബടാവിയയിലെ ഗവർണ്ണർ വാൻഡീമാൻ നിയോഗിയ്ക്കുകയുണ്ടായി. ടാസ്മാൻ ചെന്നുപററിയ ദ്വീപിന്നദ്ദേഹം ഗവർണ്ണരുടെ ബഹുമാനാർത്ഥം "വാൻഡീമാന്റെ" ദ്വീപെന്ന പേർവിളിച്ചു. പക്ഷെ പിന്നീടത് 'ടാസ്മാനിയ'യായിത്തീർന്നു. ടാസ്മാൻ ന്യൂസിലാണ്ടിന്റെ കടൽതീരത്തും പോകുകയു

ണ്ടായി. പക്ഷെ കരയ്ക്കിറങ്ങാൻ അവിടെക്കണ്ട ആദിവാസികൾ അനുവദിച്ചില്ല. അവർ നിഷ്ഠുരണം വിദേശികളെ ആട്ടിയോടിച്ചു. രണ്ടുമൂന്നുപേരെ കൊല്ലുകയും ചെയ്തു. പകപോക്കാൻപോലും സമയംകളയാതെ ടാസ്മാൻ 'മാരിയവാൻഡീമൻ' [ഗവർണ്ണറുടെ മകളുടെ പേരാണിതിന്നു വിളിച്ചത്] മുനമ്പു പിന്നിട്ടു ജാവയിലേയ്ക്കു പോയി.

ആസ്ത്രേലിയയെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം നടത്താൻ കഴിഞ്ഞത് ഇംഗ്ലീഷുകാരനായ കേപ്റ്റൻ ജെയിംസ് കുക്കിന്നാണ്. 1728ൽ യോർക്ക്ഷെയർ ഗ്രാമത്തിൽ ജനിച്ച കുക്ക് ഒരു പലചരക്കുപീടികത്തൊഴിലാളിയായി ജീവിതമാരംഭിച്ചു. അദ്ദേഹത്തിൻെറ പിതാവ് നിരക്ഷരകുക്ഷിയായ ഒരു തൊഴിലാളിയായിരുന്നു. അഭിമാനിയായ ആ പിതാവ് തൻെറ എൺപതാംവയസ്സിൽ വിജയത്തിൽനിന്നു വിജയത്തിലേക്ക് കുതിച്ചേറിയ മകൻെറ യാത്രാനുഭവങ്ങൾ വായിച്ചറിയാൻ അക്ഷരാഭ്യാസം ചെയ്തത്രെ!

കുക്കിൻെറ സംരംഭത്തിൻെറ സാഹചര്യമിതാണ്: ഏഴുകൊല്ലയുദ്ധം [Sevenyers War] കഴിഞ്ഞ കാലം. രാജാവ് ജോർജ്ജ് മൂന്നാമനാണന്ന്. കനഡ അദ്ദേഹത്തിൻെറ വരുതിയിലായിക്കഴിഞ്ഞിരുന്നു. ഇന്ത്യയെക്കൂടി കൈക്കലാക്കാനുള്ള പ്രക്രിയ മുന്നേറുന്നു. ജ്യോതിശ്ശാസ്ത്രത്തിൽ താല്പര്യമുള്ള ഒരു പിടി മാന്യന്മാരുടെ അവിചാരിതമായ ഒരു സംരംഭം ഇംഗ്ലണ്ടിനു ഒരു വലിയ വൻക

രക്കൂടി നേടിക്കൊടുത്തു — ആസ്ത്രേലിയ. ആ നേട്ടം കൈവരുത്തുന്നതിൽ മഹത്തരമായ പങ്കാണു കുക്ക് വഹിച്ചത്.

ആവേശകരമാണ് കുക്കിൻെറ ജീവിതകഥ. കല്ക്കരി വടക്കപ്പലിൽ വേലക്കാരനായിരുന്ന കാലത്ത് നരകതുല്യമായി പരിഗണിയ്ക്കപ്പെട്ട നാവികസേനയ്ക്ക് അദ്ദേഹം സ്വയം സേവനം അർപ്പിയ്ക്കുകയാണുണ്ടായതു്. ആദ്യം യുദ്ധക്കപ്പലായ "ഈഗിളി"ലെ ജോലിക്കാരനായും, പിന്നീട് സർവ്വേകപ്പലായ 'ഗ്രെൻവെപ്പി'യുടെ കപ്പിത്താനായും കുക്ക് നിയമിയ്ക്കപ്പെട്ടു.

1769ൽ ശുക്രൻ ഭൂമിയ്ക്കും സൂര്യനുമിടയിൽ വരുമെന്നു ജ്യോതിശ്ശാസ്ത്രജ്ഞന്മാർ പ്രവചിച്ചു. അത് നിരീക്ഷിച്ചാൽ സൂര്യനും ഭൂമിയ്ക്കുമിടയിലൂടെ ദൂരം ഏതാണ്ട് നിജപ്പെടുത്താമെന്നും അഭിപ്രായപ്പെട്ടു. നിരീക്ഷണകേന്ദ്രമായി തിരഞ്ഞെടുത്തത് താഹിതിദ്വീപാണ്. അവിടേയ്ക്കു ഒരു കപ്പലിൽ വിദഗ്ധരെ അയക്കാൻ തീരുമാനിച്ചു. ആ യാത്രയിൽ മറെറാരു കാര്യംകൂടി നിവൃത്തിയ്ക്കാമെന്നു കണ്ടിരുന്നു. മദ്ധ്യരേഖക്ക് തെക്ക് ഒരു വലിയ ഭൂവിഭാഗം കാണാമെന്നു നൂററാണ്ടുകൾക്ക് മുമ്പു തന്നെ വിശ്വസിയ്ക്കപ്പെട്ടിരുന്നു. ഇല്ലെങ്കിൽ ഭൂമിയുടെ 'ബാലൻസ്' തന്നെ തെററിപ്പോകുമെന്നായിരുന്നു ശാസ്ത്രജ്ഞന്മാരുടെ നിഗമനം. ആ ഭൂവിഭാഗത്തെപ്പററി അന്വേഷണം നടത്താനും 'താഹിതി'യിലേയ്ക്കു പോകുനാവിക്ക് കഴിയണം.

അന്വേഷണസംഘത്തെ നയിയ്ക്കാൻ അലക്സാണ്ടർ ഡാറിംപിൻെറ പേരാണ് റോയൽ സൊസൈററിയിലെ ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടത്. പക്ഷെ അദ്ദേഹം നാവികസേനയിൽ പെട്ട ആളല്ലാത്തതുകൊണ്ട് അതംഗീകരിയ്ക്കാൻ നിവൃത്തിയില്ലാതായി. പകരം നിർദ്ദേശിയ്ക്കപ്പെട്ടതു് "സമർത്ഥനായ ഒരു ഗണിതശാസ്ത്രജ്ഞനും, കപ്പൽയാത്രക്കാരനും, സർവ്വെവിദഗ്ദ്ധനുമായ ജെയിംസ് കുക്കിൻെറ പേരാണ്. അലക്സാണ്ടർ ആ നിർദ്ദേശത്തെ എതിർത്തെങ്കിലും അതംഗീകരിയ്ക്കപ്പെടുകയാണുണ്ടായതു്.

അങ്ങിനെ കുക്കിൻെറ നേതൃത്വത്തിൽ എൺപത്തിയാറുപേരടങ്ങുന്ന ഒരു സംഘം 'എൻഡവർ' എന്ന കപ്പലിൽ ഡെപ്റ്റ്ഫോർഡിൽനിന്നു 1768 ജൂലായി 30ന് പുറപ്പെട്ടു. റോയൽ സൊസൈററി പ്രസിഡണ്ട് സർ ജോസഫ് ബേങ്ക്സും സംഘത്തിലുണ്ടായിരുന്നു. 'എൻഡവർ' മൂന്നുമാസത്തിനകം ഹോൺ മുനമ്പ് ചുററി. മറെറാരു മൂന്നുമാസം കൂടി കഴിഞ്ഞപ്പോൾ തഹീതിയിലെത്തി. നാലുമാസക്കാലം താഹിതിയിൽ കപ്പൽ നങ്കൂരമിട്ടുകിടന്നു. ശാസ്ത്രജ്ഞന്മാർ നിരീക്ഷണത്തിൽ വ്യാപൃതരായിരിയ്ക്കുമ്പോൾ കുക്ക് മറെറാരു നീണ്ട യാത്രയ്ക്കു് 'എൻഡവറിനെ' ഒരുക്കിനിർത്തുകയായിരുന്നു. അദ്ദേഹം അതിനിടയിൽ ആ ദ്വീപിലെ ആദിവാസികളുമായി അടുത്തു. അവർ നല്ലവരും സ്നേഹശീലമുള്ളവരുമായാണ് കുക്കിന്നനുഭവപ്പെട്ടതു്. 'തൊട്ടാൽ കക്കു

കയെ'യെന്ന ഒരു പൊട്ടശീലം മാത്രമെ അവരെ തീണ്ടിയിരുന്നുള്ളു. കുക്ക് ഇതവസാനിപ്പിക്കാൻ നിരുപദ്രവകരമായ ഒരുശിക്ഷാമാൎഗ്ഗം കണ്ടെത്തി. കട്ടവരുടെ മൊട്ടയടിച്ചുവിടുക. അപഹാസ്യപാത്രമായിത്തീരുമെന്നു കരുതി ആ ദുശ്ശീലം ഉപേക്ഷിയ്ക്കുമല്ലൊ.

തഹിതി നിവാസികളുടെ മററു ചില അസാധാരആചാരങ്ങളെപ്പററിയും കുക്ക് വിവരിച്ചിട്ടുണ്ട്. അവർ ഒരിയ്ക്കലും അടുത്തടുത്തിരുന്നു ഭക്ഷിയ്ക്കുകയൊ, ഭക്ഷിയ്ക്കുമ്പോൾ സംസാരിയ്ക്കുകയൊ ചെയ്യില്ലത്രെ. പ്രമുഖ വ്യക്തികൾ ഭക്ഷണം വായിലെടുത്തുവെച്ചുകൊടുക്കാൻ ആളുകളെ ഏൎപ്പെടുത്താറുണ്ടെന്നതാണ് മറെറാരത്ഭുതം. ആ ദ്വീപിലെ ജീവിതം സ്വൎഗ്ഗീയമായിരുന്നു. കുക്കിൻെറ അനുയായികളിൽ ചിലർ അവിടെ വിവാഹിതരായി സ്ഥിരംതാമസമാക്കാൻ ശ്രമിച്ചു. അവരെ നിൎബ്ബന്ധിച്ചു കപ്പലിൽ കയററുകയാണുണ്ടായത്. അല്ലെങ്കിൽ മററു ജോലിക്കാരും, അവരുടെ പിന്നാലെ പോകുമെന്നുറപ്പായിരുന്നു.

ശാസ്ത്രജ്ഞന്മാരുടെ നിരീക്ഷണം വിജയകരമായില്ലെങ്കിലും, പൎയ്യവസാനിച്ചതോടെ കുക്ക് തൻെറ യാത്രയിലെ രണ്ടാംഘട്ടത്തിലേയ്ക്കു് കടന്നു. 1769 ആഗ: 9ന്നു കപ്പൽ അജ്ഞാതമായ വഴിയിലൂടെ തെക്കോട്ടുവിട്ടു. താഹിതിയിൽനിന്നു 1200 നാഴിക പോയിട്ടും കര കണ്ണിൽ പെട്ടില്ല. അതുകൊണ്ട് പടിഞ്ഞാട്ട് തിരിഞ്ഞു. ഏറെച്ചെല്ലുംമുമ്പ് കരക്കാററ് ആഞ്ഞടിയ്ക്കുന്നതനുഭവ

പ്പെടുകയും ചെയ്തു. ന്യൂസിലാണ്ടിൻെറ കിഴക്കൻ കരയിലാണ് കുക്ക് ചെന്നുകയറിയതു്. അതുവരെ ഒരു വെള്ളക്കാരനും ആ സ്ഥലത്ത് കാലൂന്നിയിട്ടില്ല. കുക്കും, ബേങ്ക്സുമാണാദ്യം കരക്കിറങ്ങിയതു്. അപ്പോഴേയ്ക്കും ക്രൂരരായ ഒരു സംഘം ആദിവാസികൾ കുന്തവും നീട്ടിപ്പിടിച്ച് പാഞ്ഞെത്തി. കുക്കിനവരുമായി ഏററുമുട്ടണമെന്നില്ലായിരുന്നു. അദ്ദേഹം ഉടൻ കപ്പലിലേയ്ക്കു് പിൻവാങ്ങി. കപ്പലിലുണ്ടായിരുന്ന താഹിതിക്കാരൻ പുരോഹിതനെക്കൊണ്ടവരെ ഉപദേശിപ്പിയ്ക്കുകയാണ് കുക്ക് ചെയ്തത്. പക്ഷെ "പോത്തിനോടു വേദം ഓതുന്ന" ഫലമാണുണ്ടായത്. ആദിവാസികൾ അപ്പോഴും കൊലവിളി നടത്തുകയായിരുന്നു. കൂട്ടത്തിലൊരുത്തൻ ഒരു മനുഷ്യൻെറ കൈപ്പടം സ്വാദോടെ കടിച്ചുകാരുന്നതുകൂടി കണ്ടപ്പോൾ അവർ നരഭുക്കുകളാണെന്നും കുക്കിനു മനസ്സിലായി. അവരുമായി ഇടപഴകാൻ പോയില്ലെങ്കിലും ന്യൂസിലാണ്ട് ദ്വീപുകൾ വലംവെയ്ക്കാനും വെള്ളത്തിനും വിറകിനുംവേണ്ടി പലപ്പോഴും കപ്പലടുപ്പിയ്ക്കാനും കുക്ക് ധൈര്യപ്പെട്ടു. ജോർജ്ജ് രാജാവിൻെറ പ്രതിനിധിയായി അവിടെ ബ്രിട്ടീഷ് പതാക നാട്ടുകയും ചെയ്തു.

തന്നെ ഏല്പിച്ചിരുന്ന കർത്തവ്യം വിജയകരമായി നിർവ്വഹിച്ചു കഴിഞ്ഞിരുന്നു. രണ്ടായിരത്തിഅഞ്ഞൂറിൽ പരം നാഴിക സർവ്വേചെയ്തു. രണ്ടുകൊല്ലക്കാലമായി നിരന്തരമായി യാത്ര തുടരുന്നു എന്നിട്ടും കുക്ക തിരിച്ചു

പോകാനല്ല തീരുമാനിച്ചത്. ഡച്ചുകാരുടെ ന്യൂഹോളണ്ടി [ആസ്ത്രേലിയ] ലേക്കദ്ദേഹം കപ്പൽ തിരിച്ചുവിട്ടു. വിവിധനിറത്തിലും തരത്തിലുമുള്ള സസ്യങ്ങൾ സമൃദ്ധമായി നില്ക്കുന്ന തീരത്താണ് കപ്പലടുപ്പിച്ചതു്. മി. ബേങ്ക്സ് കഴിയുന്നത്ര അവയുടെ തൈകളും കനികളും ശേഖരിച്ചു. മി. കുക്ക് ആ നൌകാശയത്തിനു 'ബോട്ടണിബെ' എന്നു പേരിടുകയും ചെയ്തു. അവിടെയും ബ്രിട്ടീഷ് പതാക പാറിക്കാൻ കുക്ക് മറന്നില്ല. അങ്ങിനെ 1770ൽ ആസ്ത്രേലിയ വൻകര "സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്ത"ത്തിൽപെട്ടതാണെന്ന അവകാശത്തിനു കുക്ക് അടിത്തറ പാകി. ഇരുപതുകൊല്ലത്തിനകം അവിടേയ്ക്കു് യൂറോപ്യൻ കുറിയേറിപ്പാർപ്പുകാരൊഴുകാൻതുടങ്ങി. പതിനൊന്നു് തടങ്ങൽകപ്പലുകളിലായി വന്ന എഴുനൂററി അമ്പതു ബ്രിട്ടീഷ് കുററവാളികളാണ് ആദ്യം വന്നതു്.

ആസ്ത്രേലിയയുടെ വടക്കുകിഴക്കൻ തീരം പിടിച്ചുകൊണ്ടുള്ള യാത്രയിലാണ് കുക്കും സംഘവും ഒരത്യാപത്ത് അഭിമുഖീകരിച്ചത് 1770ജൂൺ 11-ാംനു- രാത്രിയാണതു് സംഭവിച്ചത്. ലോകത്തിലെ മഹാത്ഭുതങ്ങളിലൊന്നായ ഗ്രെയററ് ബാരിയർ റീഫിൽ' ചെന്നു കപ്പലിടിച്ചു. ഏതാണ്ട് വെള്ളത്തിൻെറ സമനിരപ്പിൽ നില്ക്കുന്നതും മുപ്പതു നാഴികയോളം നീണ്ടുകിടക്കുന്നതുമായ ഈ പാറക്കൂട്ടം അക്കാലത്ത് കപ്പൽയാത്രക്കാർക്കൊരു പേടിസ്വപ്നമായിരുന്നു. വിദഗ്ദ്ധനായ ഏതൊരു ക

പ്പിത്താന്റെ നിരീക്ഷണപാടവത്തേയും ഈ പാറകൾ ഒളിഞ്ഞുനിന്നു തോല്പിക്കാറുണ്ട്. പെട്ടെന്നുള്ള ഇടിയും പവിഴപ്പുററിന്മേലുള്ള ഉരസലും 'എൻഡവറിന്റെ' അടിഭാഗം തകൎത്തു. വെള്ളം കുതിച്ചുകയറാൻ തുടങ്ങി. രക്ഷപ്പെടാൻ യാതൊരു മാൎഗ്ഗവുമില്ല. മുപ്പതുനാഴിക അകലെയാണ് കര. വെള്ളം വററിച്ച് കഴിയുന്നത്ര കപ്പലിനെ യാത്രായോഗ്യമാക്കുകമാത്രമെ വഴിയുള്ളു. ഇരുപത്തിനാലുമണിക്കൂറുനേരം അതിനുള്ള കഠിനാദ്ധ്വാനമായിരുന്നു. അങ്ങിനെ ഒരുവിധം കപ്പൽ നീക്കാൻ കഴിഞ്ഞു.

എങ്കിലും കപ്പൽ കേടുതീക്കാതെ യാത്ര തുടരുക വയ്യെന്നു കുക്ക കണ്ടു. അതിന്നു പററിയ ഒരു സ്ഥലത്ത് കരയടുക്കുകയും ചെയ്തു. നാട്ടിൽനിന്നു പന്തീരായിരത്തിലധികം ദൂരത്തുള്ള ആ സ്ഥലത്തുവെച്ച് കയ്യിൽകിട്ടിയ മരവും, ഇരിമ്പുമൊക്കെ ഉപയോഗിച്ചു കപ്പൽ നന്നാക്കാൻ രണ്ടുമാസമെടുത്തു.

മി. ബാങ്ക്സും സഹപ്രവൎത്തകരും ഇക്കാലമത്രയും ഭൂസ്ഥിതിയേയും അവിടത്തെ ജീവികളേയും പററി പഠിയ്ക്കുകയായിരുന്നു. കങ്കാരുവിനെ ആദ്യമായി ഇംഗ്ലീഷുകാർ കണ്ടതക്കാലത്താണ്. ആദിവാസികൾ അപ്പോഴും വിദേശികളോട്ട് രോഷം പുലൎത്തിയിരുന്നു. കുന്തമെറിഞ്ഞും കുട്ടമുടിച്ചും ആൾക്കും സ്വത്തിനും നാശം വരുത്താൻ അവർ നിരന്തരം യത്നിച്ചു. കുക്കും സംഘവും കപ്പൽ പണിയിൽ വ്യാപൃതരായിരിക്കെ ഒരു സം

ഫലം പ്രാകൃതന്മാർ വന്നു അവരുടെ കുടിലുകൾക്ക് തീ കൊടുത്തു. പക്ഷെ കുക്ക് അവരോടൊരിക്കലും എതിരിട്ടിരുന്നില്ല. അവരുടെ സ്വഭാവവും പെരുമാററവും സൂക്ഷിച്ചു പഠിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ആ കരക്കദ്ദേഹം "ന്യൂ സൌത്ത് വെയിത്സ്" എന്നാണു പേർ വിളിച്ചതു്. രാജാവിന്നു അതിന്മേലുള്ള ഉടമാവകാശം പ്രഖ്യാപിയ്ക്കുകയും ചെയ്തു.

അദ്ദേഹം ബട്ടാവിയ വഴി ഇന്ത്യൻസമുദ്രം തരണം ചെയ്തു സുപ്രതീക്ഷാ മുനമ്പ് പിന്നിട്ടുകൊണ്ടാണ് മടങ്ങിയത്. 1771 ജൂലായ് 12ന് അദ്ദേഹം ഡൌൺസിൽ കപ്പലടുപ്പിച്ചു.

ന്യൂസിലാണ്ടും, 'ന്യൂഹോളണ്ടും' അടങ്ങുന്ന പുതിയ ലോകം നേടി ബ്രിട്ടീഷ് സിംഹാസനത്തിന്നു അന്തസ്സും സമ്പത്തും വദ്ധിപ്പിച്ചതിൻെറ പേരിൽ കുക്കിനെ രാജ്യമാകെ ബഹുമാനിച്ചു. അദ്ദേഹത്തിനു രാജാവിനെ മുഖംകാണിയ്ക്കാനുള്ള അനുമതി കിട്ടി. അന്നും അലക്സാണ്ടർ അദ്ദേഹത്തെ എതിർത്തു. കുക്ക് കണ്ടെത്താത്ത തെക്കൻ വൻകര ഉണ്ടെന്നു് സ്ഥാപിയ്ക്കാനായിരുന്നു അലക്സാണ്ടറിൻെറ ശ്രമം.

കുക്കിൻെറ രണ്ടാംയാത്രക്കു വേണ്ടത്ര പണവും സാധനങ്ങളും രണ്ട് കപ്പലുകളും അനുവദിക്കപ്പെട്ടിരുന്നു. തെക്കൻവൻകരയായിരുന്നു ഇപ്പോഴും കുക്കിൻെറ ലക്ഷ്യമെന്നു പറയപ്പെടുന്നു. ടോങ്കാ ദ്വീപുകൾ കണ്ടെത്തിയതു് ഈ യാത്രയിലാണ്. പഴയ അനുഭവത്തിൽനിന്നു

വ്യത്യസ്തമായി ടോങ്കയിലെ നിവാസികളും റാണിയും അതിഥികളെ സഹർഷം സ്വാഗതം ചെയ്യുകയാണുണ്ടായത്. അതുകൊണ്ട് കുക്ക് ഈ ദ്വീപിന് 'ഫ്രണ്ട്‌ലി ദ്വീപെ'ന്നു് പേരിട്ടു. ഡച്ചുകാരൻ ജാൻറോഗ്‌വീൻ അമ്പതുകൊല്ലങ്ങൾക്ക് മുമ്പ് സന്ദർശിച്ച ഈസ്റ്റർ ദ്വീപിലും കുക്കിറങ്ങുകയുണ്ടായി. അവിടെ ഉയർന്നുനിന്നിരുന്ന ശിലാപ്രതിമകൾ കുക്ക് പരിശോധിച്ചു. അവയുടെ ശില്പികളാരാണെന്നതു് അജ്ഞാതമായിരുന്നു. മാർകിസാസ്, ന്യൂജോർജ്ജിയ, സാൻഡ്‌വിച്ച തുടങ്ങിയ ദ്വീപുകളും കുക്ക് കാണുകയുണ്ടായി. അറുപതിനായിരം നാഴിക പിന്നിട്ടശേഷമാണദ്ദേഹം ഇപ്രാവശ്യം മടങ്ങിയതു്.

കുക്കിന്റെ വിജയകരമായ 'അന്വേഷണങ്ങളുടേയും കണ്ടെത്തലുകളു'ടേയും പേരിൽ ഗ്രീൻവിച്ച ഹോസ്പിററലിലെ പോസ്റ്റ്-ക്യാപ്ററനാ [Post-Captain] യി അദ്ദേഹം നിയമിതനായി. റോയൽ സൊസൈററിയിലെ അംഗമായും അദ്ദേഹത്തെ തിരഞ്ഞെടുത്തു.

മന്ത്രിമാരും പ്രഭുക്കളും ശാസ്ത്രജ്ഞരുമടങ്ങിയ ഒരു സുഹൃൽസമ്മേളനത്തിലെ സൊല്ലലിനെ തുടർന്നാണ് കുക്ക് മൂന്നാമതും ആഴിപ്പരപ്പിലേയ്ക്കിറങ്ങാൻ പ്രേരിതനായതു്. നൂററാണ്ടുകളായി കപ്പൽയാത്രക്കാർ കണ്ടെത്താൻ പാടുപെട്ടിരുന്ന ദി നോർത്തു് വെസ്റ്റ് പാസ്സേജ് [വടക്കുപടിഞ്ഞാറൻ വഴി] ആയിരുന്നു അവരുടെ സംഭാഷണവിഷയം. അതു തേടിപ്പോയവരെല്ലാം നിരാശ

രായി മടങ്ങിയിരിയ്ക്കുകയാണ്. ചിലർ പിന്നീട് നാട്ടു കണ്ടിട്ടെ ഇല്ല. ഒരു പക്ഷെ 'ലോകത്തിൻെറ മറെറ ഭാഗത്ത്'’നിന്നു ആരംഭിച്ചാൽ അന്വേഷണം വിജയി ച്ചെന്നുവരും. പസഫിക്ക് തീരത്തുനിന്നു പുറപ്പെട്ടു വ ലംവെച്ചാൽ വടക്കൻ അത്'ലാന്തിക്കിലേക്ക് കടക്കാൻ കഴിഞ്ഞേയ്ക്കും. അത്തരം ഒരു സാഹസസംരഭത്തിന്നാ രൊരുങ്ങുമെന്നതായി ആലോചന. ആരാണതിനർഹൻ? അർഹനല്ലെങ്കിലും അതിൻെറ ചുമതല ഏറെറടുക്കാൻ താനാഗ്രഹിയ്ക്കുന്നതായി കുക്ക് അറിയിച്ചു. അദ്ദേഹ ത്തിൻെറ തീരുമാനം അംഗീകരിയ്ക്കുന്നതായി കരഘോ ഷം മുഴങ്ങി.

കുക്കിൻെറ നിയന്ത്രണത്തിൽ 'റസല്യൂഷ്യനും' സ ഹായത്തിന്ന ക്ലാക്ക് കേപ്'ററനായി 'ഡിസകവറി'യു മാണ് അജ്ഞാതമായ ആ മാർഗ്ഗമന്വേഷിച്ച് പുറപ്പെട്ട ത്. രണ്ടു് ലക്ഷ്യമാണ് യാത്രയ്ക്കുണ്ടായിരുന്നതു്: “വ ടക്കുപടിഞ്ഞാറൻ മാർഗ്ഗ”ത്തിലെയ്ക്കു് കടക്കാനുള്ള കിഴ ക്കൻ കവാടം കാണണം. തെക്കുഭാഗത്തുള്ള ജോർജ്ജ് രാവിൻെറ സാമാന്തരാജ്യങ്ങൾ സന്ദർശിയ്ക്കണം. ജോ ർജ്ജ് മൂന്നാമൻ “കൃഷകരാജാവായാണ് അറിയപ്പെട്ടിരു ന്നതു്”. അദ്ദേഹം ആസ്ത്രേലിയയിലും, ന്യൂസിലാണ്ടിലും മറവമായി 'കൃഷിചെയ്യാൻ' കല്പിച്ചയച്ച പന്നികളും, കുതിരകളും മാട്ടുകളുംകൊണ്ടു് കപ്പൽതട്ട് നിറഞ്ഞിരു ന്നു. 1778 ജനുവരിയിൽ കുക്ക് ഹവായി ദ്വീപിൽ കപ്പലടുപ്പിച്ചു.

അവിടത്തെ ആദിവാസികളിൽനിന്നു ലഭിച്ച സ്വീകരണം കുക്കിനെയും സംഘത്തേയും അത്ഭുതപരതന്ത്രരാക്കി. തങ്ങളുടെ ദ്വീപിൽനിന്നു വീണ്ടും വരുമെന്ന വാഗ്ദാനം ചെയ്തിറങ്ങിത്തിരിച്ച ഈശ്വരനാണ് തിരിച്ചെത്തിയിരിയ്ക്കുന്നതെന്നായിരുന്നു ഹവായിക്കാരുടെ ധാരണ. വിസ്തൃതമായ ചിറകുവിടർത്തി പാഞ്ഞെത്തുകുന്ന കപ്പലുകളിൽ വന്നിറങ്ങുന്ന വെളുത്ത സുമുഖരായ വിദേശികൾ ദൈവങ്ങളല്ലാതെ മററാരാണ്? അവർ ക്യാപ്റ്റൻ കുക്കിനെ തലകുനിച്ചുവണങ്ങി. ഒരു മാസക്കാലം കുക്കവിടെ താമസിച്ച് ജനങ്ങളുടെ ജീവിതരീതിയും സ്വഭാവവും പഠിച്ചു. അവർ മനുഷ്യമാംസഭുക്കുകളായിരുന്നു. ഒരു ശത്രുവിനോടുള്ള പകവീട്ടൽ ആയാളെ കൊന്നുതിന്നലായിട്ടാണവർ പരിഗണിച്ചിരുന്നത്.

ഈ ദ്വീപുകൾക്ക് വടക്ക്, ആയിരത്തിൽപരം നാഴി സമുദ്രം പിന്നിട്ടാൽ ബെറിംഗ് കടലിടുക്കിലെത്തും. അതിന്നപ്പുറത്താണ് ആർട്ടിക്ക് സമുദ്രം. കൊല്ലത്തിലധികം ഭാഗവും അതുറച്ചുകിടക്കുന്നു. വേൻകൊവർ ദ്വീപിൽനിന്നിറങ്ങിത്തിരിച്ച 'റസല്യൂഷ്യനും' 'ഡിസ്കവറി'യും ആർട്ടിക്ക് സമുദ്രത്തിൽ യാത്രായോഗ്യമായ വഴിയൊക്കെ പിന്നിടുകയുണ്ടായി. പിന്നീട് കപ്പലുകൾ ഒരുതരത്തിലും മുമ്പോട്ടുനീങ്ങിയില്ല. ഹിമം ഉറച്ചുകിടക്കുകയാണ്. കുറെ ചെന്നാൽ ബെറിംഗ് കടലിടുക്കിൽപോലും വെള്ളം കട്ടിയായെന്നുവരും. അതുകൊണ്ട് കുക്ക് മടങ്ങിപ്പോരികയാണുണ്ടായതു്.

ഒരു കൊല്ലത്തിൻശേഷം അദ്ദേഹം വീണ്ടും ഹവായിൽ തിരിച്ചെത്തി. പാട്ടും, നൃത്തവും വാദ്യവുമായി ആദിവാസികൾ അസാധാരണമായ ആവേശത്തോടെ കുക്കിനെ സ്വീകരിച്ചു. ഈശ്വരനായാണവർ കുക്കിനെ പൂജിച്ചിരുന്നതു്. അസാധാരണമായ ആ ഭക്തിപ്രകടനം നാടകീയമാംവിധം പെട്ടെന്നവസാനിച്ചു. ഒരു വെള്ളക്കാരന്റെ മരണമാണതിന്നു വഴിവെച്ചതു്.

വെള്ളക്കാരൻ മരിച്ചു എന്നതവർ ആദ്യം വിശ്വസിച്ചില്ല. ഈശ്വരന്മാർ ചിരംജീവികളല്ലേ? ശവം മറവുചെയ്യുന്നതുകണ്ടപ്പോൾ അവരന്യോന്യം ചോദിയ്ക്കാൻ തുടങ്ങി "വെള്ളക്കാർ വഞ്ചിച്ചതാണോ? ഈശ്വരന്മാർ മടങ്ങിയെത്തിയിട്ടില്ലേ?" എന്നു്.

അതോടെ വിദേശികൾക്കും നാട്ടുകാർക്കുമിടയിൽ ഒരു സംഘർഷാവസ്ഥ നുഴഞ്ഞെത്തി. കപ്പലിൽനിന്നെന്തൊ കളവുമായി. അതിന്റെ പേരിൽ ഒരു നാട്ടുപ്രമാണിയെ തല്ലിവീഴ്ത്തി. പിറേറന്നുതന്നെ "ഡിസ്കവറിയി"ലെ ഒരോടം കാണാതെയായി.

ക്യാപ്റ്ററൻ കുക്കും സംഘവും സായുധരായി കരക്കിറങ്ങി. ഒരു നാട്ടുപ്രമാണിയെ തോണി തിരിച്ചുകിട്ടുന്നതുവരെ കപ്പലിൽ വെയ്ക്കാനാണു് കുക്ക് തീരുമാനിച്ചിരുന്നതു്. രാത്രിയായിരുന്നു. ക്യാപ്റ്ററൻ ചെന്നു നാട്ടുപ്രമാണിയെ വിളിച്ചുണർത്തി കപ്പലിൽ വിരുന്നുണ്ണാൻ ക്ഷണിയ്ക്കുകയാണുണ്ടായതു്: നാട്ടുപ്രമാണി കുക്കിനെ അനുഗമിയ്ക്കാൻ സന്നദ്ധനായി. പക്ഷേ ഓ

ടിക്കൂടിയ നാട്ടുകാർ അദ്ദേഹത്തെ തടഞ്ഞു. നാട്ടുപ്രമാണിയുടെ പ്രേയസി നിലത്തുവീണു കപ്പലിലേയ്ക്ക് പോകരുതെന്നു മുറവിളികൂട്ടി. അവരുടെ കണ്ണീരുകണ്ട് മനസ്സലിഞ്ഞ വല്ലഭൻ നിലത്തിരുന്നുപോയി. കടലിൽ കുക്കിൻെറ കപ്പലുകൾ തോക്കുനിരത്തി കാത്തിരിയ്ക്കുകയാണ്. ജനങ്ങൾ തങ്ങളുടെ നേതാവിനെ രക്ഷിയ്ക്കാൻ തടിച്ചുകൂടിയിരിയ്ക്കുന്നു. അവരെ ഭേദിച്ചുകൊണ്ടൊരാൾ ഓടിയെത്തിപ്പറഞ്ഞു "വിദേശികൾ അതാ നാട്ടുകാരെ കൂട്ടക്കൊല ചെയ്യുന്നു" എന്നു്.

പ്രക്ഷുബ്ധമായിരുന്നു അന്തരീക്ഷം. ബഹളംകൂട്ടുന്ന ജനാവലിയെ ഭേദിച്ചുകൊണ്ട് ക്യാപ്റ്റൻ കുക്കും സഹപ്രവർത്തകരും കടലിലേയ്ക്കു കുതിച്ചു. പെട്ടെന്നാണതു സംഭവിച്ചത്. ക്യാപ്റ്റൻ കുക്കിൻെറ ചുമലിൽ ഒരു കത്തി താണു. അദ്ദേഹം മുഖംകുത്തി കമിഴ്ന്നുവീണു. ജനങ്ങൾ അദ്ദേഹത്തിൻെറ മേൽ ചാടിവീണു ചവിട്ടാനും, അടിയ്ക്കാനും കുത്താനും തുടങ്ങി. ജനപ്രവാഹത്തിൻെറ ചവിട്ടടിയിൽ പെട്ട ക്യാപ്റ്റൻ കുക്ക് ചതഞ്ഞരഞ്ഞു. അദ്ദേഹത്തോടൊപ്പം ക്യാപ്റ്റൻ ഫിലിപ്പ് തുടങ്ങിയ നാലു സഹയാത്രികരും കൊല്ലപ്പെട്ടു.

അവിചാരിതമായാണ് എല്ലാം നടന്നതു്. അതിൽ ഖേദിച്ചു വിദേശികളും സ്വദേശികളും ഒരുപോലെ സ്തംഭിച്ചുനിന്നു. പരസ്പരം ആക്രമിയ്ക്കാനവരൊരിയ്ക്കലും ഉദ്ദേശിച്ചിരുന്നില്ല. ക്യാപ്റ്റൻ കുക്കിൻെറ ശവശരീ

രാവശിഷ്ടങ്ങൾ പൊക്കിപ്പിടിച്ച് ആ ദ്വീപുകാർ പൊട്ടിക്കരയാൻ തുടങ്ങി.

ഇംഗ്ലീഷുകാർ അതേററുവാങ്ങി സബഹുമാനം സംസ്കരിച്ചു. കടലിരമ്പത്തെ അതിജീവിച്ചുകൊണ്ട് ആചാരവെടികൾ മുഴങ്ങി.

ഇംഗ്ലീഷ് യാത്രക്കാരിൽ ഏററവും വലിയ ജേതാവും മഹാനുമായിരുന്നു ക്യാപ്ററൻ കുക്ക് താൻ ഇംഗ്ലണ്ടിനു നേടിക്കൊടുത്ത മണ്ണിൽ അന്ത്യവിശ്രമം കൊള്ളുന്ന കഥ അറിയിയ്ക്കാൻ കദനഭാരവും പേറി 'റസല്യൂഷ്യ'നും 'ഡിസ്കവറി'യും ഇംഗ്ലണ്ടിലേയ്ക്കു മടങ്ങുകയും ചെയ്തു.

—*—

# ഞങ്ങളുടെ ചെറുകഥകൾ.

---

| | | |
|---|---|---|
| അഖിലലോകകഥകൾ — അനുജൻ, എം. എ. | 5 | 00 |
| അഴകുള്ള കഥകൾ — അമ്പാടത്തു് | 1 | 25 |
| അഞ്ചു് പ്രേമകഥകൾ — അലിക്കുട്ടി | 0 | 75 |
| അഴകുള്ള പൂക്കൾ — എം. വി. അലിക്കുട്ടി | 0 | 90 |
| ആണത്തമുള്ള പെണ്ണു് — ടി. പി. മാത്യു | 1 | 25 |
| ഈത്തപ്പഴം — കെ. ടി. മുഹമ്മദ് | 0 | 75 |
| എരിഞ്ഞിപ്പൂക്കൾ — അലിക്കുട്ടി | 0 | 50 |
| ഏഴു് വിശപ്പകഥകൾ — അനുജൻ, എം. എ. | 0 | 75 |
| ഒരു പുതിയ ചിരി — കെ. എ. മുഹമ്മദ്മാനി | 1 | 75 |
| കാട്ടുചോല — കെ. യു. അബ്ദുൽഖാദർ | 0 | 75 |
| കടലാസുവഞ്ചി — പി. ടി. എൽ. | 0 | 75 |
| കുപ്പിവളകൾ — യു. എ. ബീരാൻ | 1 | 12 |
| തലതിരിഞ്ഞ കാമുകൻ — മൊപ്പസാങ്ങ് | 1 | 00 |
| മുല്ലമൊട്ടുകൾ — ജോർജ്ജ് നെല്ലായി | 1 | 00 |
| പരിഷ്കരിച്ച പെണ്ണു് — കെ. ബി. | 0 | 75 |
| യേശുദേവൻ അനുഗ്രഹിക്കുന്നു — ഇ. പി. എം. B. A. | 0 | 63 |
| സാബുവിന്റെ കഥകൾ — സാബു | 1 | 25 |
| വിടരാൻ വെമ്പിയ പൂമൊട്ടു് — നായരുശ്ശേരി | 1 | 25 |

**ആമിനാ ബുക്കു് സ്റ്റാൾ, തൃശൂർ—1.**

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. 910 Acc. No. 86871

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

910
MUH-A

86871

മുഹമ്മദ് കുഞ്ഞി

അന്വേഷണവും
കണ്ടെത്തലും

KOTTAYAM PUBLIC LIBRARY

Call No. 910 Acc.No. 86871

Author. മുഹമ്മദ് കുഞ്ഞി

Title. അറേബ്യ മിസ്രവും
കണ്ടനാടും

Indic Digital Archive Foundation

gpura.org